# ലക്ചർ സിയാൽക്കോട്ട്

(സിയാൽക്കോട്ട് പ്രഭാഷണം)

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

# ലക്ചർ
# സിയാൽക്കോട്ട്

**(സിയാൽക്കോട്ട് പ്രഭാഷണം)**
**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

വിവർത്തകൻ:

എൻ. അബ്ദുർറഹീം

---


പ്രസാധകർ :
മജ്ലിസ് അൻസാറുല്ലാഹ്
(വയോജന വിഭാഗം, അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്)
മലപ്പുറം

**Lecture Sialkot**
(Malayalam Translation)
by
**Hadrat Mirza Ghulam Ahmad (A)**
(Promised Messiah & Mahdi)

Malayalam Translation : N.Abdurrahim

Layout & Typeset: C.Zameem

Printed at : Aone Offset Printers, Kozhikode

First Edition : 1992 December
Second Edition : October 2020

Copies : 1000

Price: 50/-

Published by : **Majlis Ansarullah,Malappuram District,Kerala**

Distribution : **ISLAM INTERNATIONAL PUBLICATIONS - KERALA**
FORT ROAD, KANNUR - 670 001

# ലക്ചർ
# സിയാൽക്കോട്ട്

**(സിയാൽക്കോട്ട് പ്രഭാഷണം)**
**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

വിവർത്തകൻ:

എൻ. അബ്ദുർറഹീം



Promised Mahdi Maseeh

ഗ്രന്ഥകർത്താവ്

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

# വാഗ്ദത്ത മഹ്ദീ മസീഹ്
# ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) 1835 ൽ ഇന്ത്യയിലെ ഖാദിയാൻ (പഞ്ചാബ്) എന്ന ഗ്രാമത്തിൽ ഭൂജാതനായി. അദ്ദേഹം തന്റെ ആരംഭകാലംമുതൽ തന്നെ ദൈവിക ആരാധനകളിലും വിശുദ്ധഖുർആന്റെയും ഇതരഗ്രന്ഥങ്ങളുടെയും പാരായണത്തിൽ വ്യാപൃതനായിരുന്നു. അക്കാലഘട്ടത്തിൽ ഇസ്ലാം നാലു ഭാഗത്തു നിന്നും അക്രമിക്കപ്പെടുകയായിരുന്നു. ഈ ശോച്യാവസ്ഥയിൽ ഏറെ ഖിന്നനായിരുന്ന ആ മഹാത്മാവ് ഇസ്ലാമിനെ പ്രതിരോധിച്ചു കൊണ്ടും അതിന്റെ പ്രോജ്ജ്വലമായ അധ്യാപനങ്ങളെ പ്രചരിപ്പിച്ചു കൊണ്ടും തൊണ്ണൂറിലധികം ഗ്രന്ഥങ്ങളും ആയിരക്കണക്കിന് കത്തുകളും പ്രസിദ്ധീകരിക്കുകയും നിരവധി മതസംവാദങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു. സൃഷ്ടികളും സ്രഷ്ടാവുമായുള്ള ബന്ധം സജീവമാക്കുന്ന ജീവൽമതമാണ് ഇസ്ലാമെന്നും ഈ സരണിയിലൂടെ മാത്രമേ മനുഷ്യന് നൈതികവും ആത്മീയവുമായ പരിപക്വത ആർജിക്കാൻ കഴിയുകയുള്ളു എന്നുംഅദ്ദേഹംവിശദീകരിച്ചു.

അദ്ദേഹം ചെറുപ്രായത്തിൽ തന്നെ വിശുദ്ധ സ്വപ്നങ്ങളാലും ജാഗ്രതാ ദർശനങ്ങളാലും ദിവ്യഭാഷണങ്ങളാലും അനുഗൃഹീതനായിരുന്നു. ആ ദിവ്യാത്മാവ് ദൈവിക നിർദേശപ്രകാരം 1889ൽ തന്റെ അനുയായികളിൽ നിന്നും ബയ്അത്ത്(അനുസരണ പ്രതിജ്ഞ) സ്വീകരിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന് അടിത്തറ പാകി. വിവിധ മതാനുയായികൾ പ്രതീക്ഷിക്കുന്ന വാഗ്ദത്ത ലോകോദ്ധാരകനും തിരുനബി(സ)യുടെ പ്രവചനം അനുസരിച്ചുള്ള വാഗ്ദത്ത മഹ്ദീ മസീഹുമായി ദൈവം തന്നെ നിയോഗിച്ചിരിക്കുന്നെന്ന് നിരന്തരമായ ദിവ്യവാണികളുടെ അടിസ്ഥാനത്തിൽ ആ പുണ്യാത്മാവ് വാദിച്ചു. ഇന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് 200 ലധികം രാഷ്ട്രങ്ങളിൽ സ്ഥാപിതമായിരിക്കുന്നു.

1908 ൽ അദ്ദേഹം ദിവംഗതനായി. തുടർന്ന് വിശുദ്ധ ഖുർആന്റെ വാഗ്ദാനവും തിരുനബി(സ)ന്റെ പ്രവചനവും അനുസരിച്ച് യഥാർഥ ഇസ്ലാമിക ഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഈ പ്രസ്ഥാനത്തിന്റെ ആഗോള സാരഥി ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്(അയ്യദഹുല്ലാഹ്) ആകുന്നു.

ٹائیٹل بار اول

هُدًى لِّلْمُتَّقِيْن

رسید مژدہ ز غیبم کہ من ہماں مردم — کہ او مجدّد ایں دین و رہنما باشد
منم مسیح بہ بانگِ بلند میگویم — منم خلیفہ شاہے کہ بر سما باشد
چنیں زمانہ چنیں دَور ایں چنیں برکات — تو بے نصیب روی وہ چہ ایں شقا باشد
سیاہ باد رخِ بخت من اگر بہ دلم — دگر غرض بجز از یار آشنا باشد

خدا کے مُرسل

# حضرت مسیح موعود مہدی معہود

## عالی جناب میرزا غلام احمد صاحب قادیانی

کا لیکچر موسومہ بہ

# اسلام

جو ۲ نومبر ۱۹۰۴ء کو بمقام سیالکوٹ ایک عظیم الشّان جلسہ میں پڑھا گیا
جسکو
چوہدری مولا بخش صاحب بھٹی احمدی نائب محافظ دفتر ضلع سیالکوٹ نے
مفید عام پریس شہر سیالکوٹ میں چھپوا کر شایع کیا

جلد ۱۲۰۰ — قیمت فی جلد ۲ر

# ഉള്ളടക്കം


*പ്രസ്താവന..............................................................................................11*
*ഇസ്‌ലാം.....................................................................................................13*
*ക്രിസ്തുമതത്തിൽ ദൈവം മാറി............................................................14*
*ഹിന്ദുമതത്തിൽ ബിംബാരാധന............................................................15*
*ആത്മീയത ചോർന്നു..............................................................................16*
*ധർമ്മാധർമ്മ കാലചക്രങ്ങൾ.................................................................18*
*ഖിയാമത്ത് നാൾ....................................................................................21*
*യഅ്ജൂജ് മഅ്ജൂജ്..............................................................................23*
*മുസ്‌ലിംകൾ യഹൂദികളോട് സദൃശർ.....................................................27*
*വാഗ്ദത്ത മസീഹിന്റെ കാലം.................................................................29*
*റഫഅ്ന്റെ ശരിയായ അർഥം....................................................................33*
*മർഹമെ ഈസാ......................................................................................34*
*ദൈവദൂതർ അതുല്യന്മാർ.......................................................................36*
*ദുആ അഥവാ പ്രാർഥന.........................................................................37*
*ആത്മാവിന്റെ നമസ്കാരം......................................................................39*
*റൂഹുൽഖുദ്സ്.......................................................................................40*
*കശ്ഫ് സാധാരണക്കാരിലും.................................................................42*
*ദൈവനിയുക്തന്മാർ.............................................................................43*
*ഞാൻ കൃഷ്ണൻതന്നെ..........................................................................44*
*ശ്രീകൃഷ്ണൻ നബി................................................................................45*
*ജീവാത്മാവും പരമാണുക്കളും സൃഷ്ടികൾ.............................................46*
*മോക്ഷം താത്ക്കാലികമല്ല....................................................................47*
*പരമേശ്വരൻ സർവസ്രഷ്ടാവ്.................................................................48*
*നിയോഗം നിന്ദ്യനടപടി........................................................................50*
*പ്രവാചകനിന്ദനം പാപം........................................................................51*
*ആത്മശുദ്ധിയ്ക്ക് മൂന്ന് മാർഗങ്ങൾ......................................................52*
*രണ്ട് പാനീയങ്ങൾ................................................................................53*
*ക്രിസ്തീയലോകം സൃഷ്ടിപൂജയിൽ.......................................................54*
*ക്രിസ്തു തൂങ്ങിമരിച്ചില്ല! ........................................................................55*
*സത്യസാക്ഷ്യങ്ങൾ...............................................................................56*

കാരുണ്യത്തിന്റെ അടയാളം സൂര്യചന്ദ്രഗ്രഹണങ്ങൾ...........................58
ശിക്ഷാപരമായ അടയാളം- പ്ലേഗ് .....................................................................59
മൂന്ന് സത്യപരീക്ഷണമാർഗ്ഗങ്ങൾ...................................................................61
പ്രസിദ്ധിയെപ്പറ്റി പ്രവചനം.............................................................................62
പ്രവചനങ്ങളെ കുറിച്ചുള്ള ആക്ഷേപങ്ങൾ...............................................64
ഈസാനബി(അ) മരിച്ചു..........................................................................................67

# പ്രസ്താവന

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) 1904 നവംബർ 2ന് പഞ്ചാബ് പ്രവിശ്യയിലെ സിയാൽകോട്ടിൽ വെച്ച് ഹിന്ദുക്കളും മുസ്‌ലിംകളുമടങ്ങിയ വലിയ സമ്മേളനത്തിൽ വെച്ച് വായിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ ഉപന്യാസമാണ് “ലക്ചർ സിയാൽകോട്ട്” എന്ന ഈ കൃതി.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) തന്റെ ദിവ്യവാദങ്ങൾക്കുള്ള തെളിവുകൾ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. 1992ൽ മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകൃതമായ ഈ കൃതി ഉറുദു ഭാഷയിൽ നിന്നും മൊഴിമാറ്റം നടത്തിയിരിക്കുന്നത് എൻ.അബ്ദുറഹീം സാഹിബാണ്. അല്ലാഹു അദ്ദേഹത്തിനു മഗ്ഫിറത്തും ജന്നത്തിൽ ഉന്നതപദവികളും നൽകുകയും, അദ്ദേഹത്തിന്റെ ഈ വലിയ സേവനത്തെ സർവശക്തൻ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ, ആമീൻ.

ഈ ഗ്രന്ഥം പുന:പ്രസിദ്ധീകരണത്തിനു അനുവാദവും പ്രോത്സാഹനവും നൽകിയ ബഹുമാന്യ സദർ സാഹിബ് മജ്‌ലിസ് അൻസാറുല്ലാ ഭാരത്, ബഹുമാന്യ നാസിർ സാഹിബ് നശ്റോ ഇശാഅത്ത് ഖാദിയാൻ, ബഹുമാന്യ ഖാഇദ് ഇശാഅത്ത് മജ്‌ലിസ് അൻസാറുല്ലാ ഭാരത്, കേരള ഇശാഅത്ത് കമ്മിറ്റി ഭാരവാഹികൾ, മലപ്പുറം ജില്ലയിലെ മജ്‌ലിസ് അൻസാറുല്ലാഹ് അംഗങ്ങൾ എന്നിവരോടുള്ള അകൈതവമായ നന്ദി അറിയിക്കുന്നതോടൊപ്പം അല്ലാഹു ഇതൊരു സൽകർമ്മമായി സ്വീകരിക്കുമാറാകട്ടെ; ആമീൻ എന്നു പ്രാർഥിക്കുന്നു

ജസാക്കുമുല്ലാഹ് !

അല്ലാഹു ഈ ഗ്രന്ഥം സത്യാന്വേഷികളുടെ സന്മാർഗത്തിനു നിമിത്തമാക്കട്ടെ. ആമീൻ

**പി.പി.മുസദ്ദിഖ് അഹ്മദ്**
**നാസിം അൻസാറുല്ലാഹ്,മലപ്പുറം**

# ലക്ചർ സിയാൽകോട്ട്

## ഇസ്‌ലാം

**ലോ**കത്തിലെ വിവിധ മതങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ ഇസ്‌ലാം ഒഴികെ മറ്റെല്ലാ മതങ്ങളും ഏതെങ്കിലും ഒരു പിഴവ് ഉൾക്കൊള്ളുന്നതാണെന്നു മനസ്സിലാക്കാൻ കഴിയും. ഈ മതങ്ങളെല്ലാം തുടക്കം മുതൽക്കേ അസത്യങ്ങളാണെന്നതുകൊണ്ടല്ല ഇത്. ഇസ്‌ലാമിന്റെ ആവിർഭാവത്തിനുശേഷം ഈ മതങ്ങൾക്കുള്ള പിന്തുണ ദൈവം ഉപേക്ഷിക്കുകയും അവ തോട്ടക്കാരൻ ഇല്ലാത്ത തോട്ടം പോലെയായിത്തീരുകയും ചെയ്തു എന്നതാണ് യഥാർഥ കാരണം. തോട്ടത്തിൽ ജലസേചനം നടത്തുന്നതിനും അവിടം നോക്കിപ്പാർക്കുന്നതിനും യാതൊരു ഏർപ്പാടും ഇല്ലാതായി. തന്നിമിത്തം, ക്രമത്തിൽ ക്രമത്തിൽ അവയിലെല്ലാം കാടുപടലുകൾ വളർന്നുവരികയും ഫലദായകങ്ങളായ വൃക്ഷങ്ങളെല്ലാം ഉണങ്ങിപ്പോകുകയും ചെയ്തു. അവിടെയെല്ലാം മുൾപടർപ്പുകളും കാട്ടുചെടികളും വേരുപിടിച്ചു. മതത്തിന്റെ വേരായിരിക്കുന്ന ആത്മീയചൈതന്യം തീരെ നഷ്ടപ്പെട്ടുപോകയും ശുഷ്കമായ വാക്കുകൾ മാത്രം അവശേഷിക്കുകയും ചെയ്തു. എന്നാൽ ദൈവം ഇസ്‌ലാമിന്റെനേരെ അത്തരം ഒരു സമീപനമല്ല സ്വീകരിച്ചത്. ഈ തോട്ടം നിത്യഹരിതമായിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നുണ്ടായിരുന്നു. തന്നിമിത്തം, അവൻ എല്ലാ നൂറ്റാണ്ടിന്റെയും തലയ്ക്കൽ ഈ തോട്ട ത്തിൽ വെള്ളം നനയ്ക്കുന്നതിനും അത് ഉണങ്ങി വരണ്ടുപോകുന്നതിൽനിന്നു പരിരക്ഷിക്കുന്നതിനും ഏർപ്പാട് ചെയ്യുകയും ചെയ്തു. എന്നാൽ, ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ മതനവീകരണത്തിന് ഒരു ദൈവദാസൻ നിയോഗിക്കപ്പെടുമ്പോൾ അജ്ഞരായ ജനം അദ്ദേഹത്തെ എതിരിടാൻ മുതിരുന്നു. തങ്ങളുടെ ആചാരങ്ങളും ആദത്തുകളുമായി മാറിക്കഴിഞ്ഞ തെറ്റുകുറ്റങ്ങൾ തിരുത്തപ്പെടുകയെന്നത് അവർക്ക് വളരെ

അസഹ്യമായി അനുഭവപ്പെട്ടു. എന്നാൽ, അല്ലാഹു അവന്റെ സുന്നത്ത് (നടപടിക്രമം) ഉപേക്ഷിച്ചില്ല. എത്രത്തോളമെന്നാൽ, സന്മാർഗവും ദുർമാർഗവും തമ്മിലുള്ള പോരാട്ടത്തിൽ നടക്കുന്ന അന്തിമമായ യുദ്ധത്തിൽ, പതിനാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അഥവാ, സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ മുസ്‌ലിംകളെ ആലസ്യത്തിൽ അകപ്പെട്ടവരായി കാണുകയാൽ അല്ലാഹു അവന്റെ പ്രതിജ്ഞയെക്കുറിച്ചോർമ്മിച്ചുകൊണ്ട് ഇസ്‌ലാംദീനിനെ നവീകരിക്കാൻ പുറപ്പെട്ടു. എന്നാൽ, നമ്മുടെ നബിനായകർക്ക് ശേഷം, മറ്റു മതങ്ങൾക്കൊന്നും ഈ ഭാഗ്യം സിദ്ധിച്ചില്ല. ഇക്കാരണത്താൽ ആ മതങ്ങളെല്ലാം മൃതങ്ങളായിപ്പോയി. അവയിൽ ആത്മീയചൈതന്യം അവശേഷിക്കാതായി. ധാരാളം ഉപയോഗിച്ചു പഴകിയ വസ്ത്രങ്ങളിൽ, അലക്കിയാലും മായാത്തവിധം കറകൾ വീണടിയുന്നതുപോലെ അവയിലെല്ലാം ദൂഷ്യങ്ങൾ വന്നുചേർന്നു. ആത്മീയതയെക്കുറിച്ച് ഒന്നും അറിയാത്തവരും നീചവൃത്തികളിൽ ഏർപ്പെട്ടു വൃത്തികേടുകളിൽനിന്നു വിശുദ്ധി നേടിയിട്ടില്ലാത്തവരുമായ ദുഷ്ടാത്മാക്കൾ തങ്ങളുടെ സ്വാർഥപരമായ ആഗ്രഹങ്ങൾക്കൊത്ത് ആ മതതത്ത്വങ്ങളിൽ അനാവശ്യമായി കൈകടത്തുകയും അവ തികച്ചും മറ്റൊന്നായി മാറിപ്പോകുംവിധം അവയെ മറിച്ചുകളയുകയും ചെയ്തു.

## ക്രിസ്തുമതത്തിൽ ദൈവം മാറി

ഉദാഹരണമായി, ക്രിസ്തുമതത്തെ നോക്കുക. അതു തുടക്കത്തിൽ എത്ര പരിശുദ്ധമായ തത്ത്വങ്ങളിൽ അധിഷ്ഠിതമായിരുന്നു! യേശുമശീഹാ ജനമധ്യേ ഉയർത്തിക്കാട്ടിയ മതതത്ത്വങ്ങൾ, ഖുർആന്റെ തത്ത്വങ്ങളെ അപേക്ഷിച്ച് കുറവുകളുള്ളതാണെങ്കിലും അതു വെളിപ്പെട്ട കാലത്തെ മുൻനിർത്തി നോക്കിയാൽ ഏറ്റവും ഉദാത്തമായിരുന്നു. എന്തെന്നാൽ, പരിപൂർണമായ മതതത്ത്വങ്ങൾ വെളിപ്പെടാൻ സമയം എത്തിക്കഴിഞ്ഞിട്ടില്ലായിരുന്നു. അതു വഹിക്കുവാൻ ബലഹീനങ്ങളായ ചുമലുകൾക്ക് സാധ്യമായിരുന്നില്ല. ''തൗറാത്ത്' അഥവാ പഴയനിയമം ജനങ്ങളെ വഴിനടത്തിയ അതേ ദൈവത്തിലേക്ക് അതു മാർഗനിർദേശം നൽകിപ്പോന്നു. എന്നാൽ, മശീഹായുടെ കാലശേഷം ക്രിസ്ത്യാനികളുടെ ദൈവം മറ്റൊരു ദൈവമായി മാറിപ്പോയി. തൗറാത്തിന്റെ പാഠങ്ങളിൽ ആ ദൈവത്തെപ്പറ്റി ഒന്നും വിവരമില്ലായിരുന്നു. ഈ പുതിയ ദൈവത്തിൽ വിശ്വാസമുറപ്പിച്ചപ്പോൾ തൗറാത്തിന്റെ പാരമ്പര്യങ്ങളത്രയും അടിമേൽ മറിഞ്ഞുപോയി. പാപങ്ങളിൽനിന്നുള്ള യഥാർഥമായ മോചനവും പരിശുദ്ധിയും കൈവരുത്തുന്നതിന്നു

തൗറാത്തിൽ പറയപ്പെട്ടിരുന്ന മാർഗോപദേശങ്ങളും എല്ലാം താറുമാറായിപ്പോകയും ചെയ്തു. ലോകത്തിന്റെ പാപമുക്തിക്കുവേണ്ടി മിശിഹാ കുരിശിൽ തൂങ്ങിമരിച്ചെന്നും അദ്ദേഹം ദൈവംതന്നെയായിരുന്നുവെന്നുമുള്ള പ്രഖ്യാപനത്തിൽ പാപമോചനത്തിനുള്ള സകല ആശ്രയങ്ങളെയും കൊളുത്തിയിട്ടു. ഇത്രയുമല്ല, തൗറാത്തിന്റെ പല സനാതനധർമങ്ങളെയും അവർ ദുർബലപ്പെടുത്തി. മിശിഹാ[അ] ഈ ലോകത്ത് വീണ്ടും വന്നാൽ ഒരിക്കലും തിരിച്ചറിയാൻ കഴിയാത്തവിധം ക്രിസ്തുമതത്തിൽ മാറ്റങ്ങൾ വന്നുകൂടി. തൗറാത്തിലെ ധർമങ്ങൾ പാലിക്കേണ്ടതിനു കർശനമായ താക്കീതുകൾ നൽകപ്പെട്ടിരുന്ന ആ ജനം തൗറാത്തിന്റെ കല്പനകളെല്ലാം അപ്പടി ഉപേക്ഷിക്കുമാറായി എന്നതു തികച്ചും ആശ്ചര്യാവഹമായിരിക്കുന്നു. ഉദാഹരണമായി, തൗറാത്തിൽ പന്നിമാംസം വിരോധിക്കപ്പെട്ടതാണെങ്കിലും ''ഞാൻ അതു നിങ്ങൾക്ക് അനുവദനീയമാക്കിയിരിക്കുന്നു' എന്നു യേശു പറഞ്ഞതായി സുവിശേഷങ്ങളിൽ കാണപ്പെടുന്നില്ല. തൗറാത്തിൽ അഗ്രചർമഛേദന കല്പിച്ചിരിക്കുന്നുവെങ്കിലും ''ഞാൻ ചേലാകർമം ദുർബലപ്പെടുത്തുന്നു' എന്നു യേശു പറഞ്ഞിട്ടില്ല. യേശുവിന്റെ മുഖത്തുനിന്ന് പുറപ്പെട്ടിട്ടില്ലാത്ത ഒരു കല്പന മതത്തിൽ കൂട്ടിച്ചേർക്കാൻ അവർക്ക് അനുവദിക്കപ്പെട്ടിരുന്നതു എപ്പോഴാണ്? ഒരു സാർവജനീനമായ ലോകമതം ഭൂമിയിൽ സ്ഥാപിക്കപ്പെടേണ്ടതിന് ഉദ്ദേശിക്കപ്പെട്ടിരുന്നതിനാൽ ഇതെല്ലാം ആവശ്യമായിരുന്നു. തന്നിമിത്തം, ക്രിസ്തുമതത്തിന്റെ ഈ അലങ്കോലപ്പെടൽ ഇസ്‌ലാമിന്റെ ആവിർഭാവത്തിന്റെ ഒരടയാളമായിരുന്നു.

## ഹിന്ദുമതത്തിൽ ബിംബാരാധന

ഇസ്‌ലാമിന്റെ ആവിർഭാവത്തിനു മുമ്പ് ഹിന്ദുമതവും മാറിത്തിരിഞ്ഞുപോയിരുന്നു. ഇന്ത്യയിൽ അങ്ങോളമിങ്ങോളം ബിംബാരാധന പ്രബലപ്പെട്ടുകഴിഞ്ഞിരുന്നു. ദൈവത്തിനു അവന്റെ ഗുണങ്ങൾ വെളിപ്പെടുത്തുവാൻ പരമാണുക്കളെ ആശ്രയിക്കേണ്ട ആവശ്യമില്ലെങ്കിലും സൃഷ്ടികളുടെ ഉല്പത്തിക്ക് ദൈവം പരമാണുക്കളെ ആശ്രയിക്കുന്നു എന്നാണ് ആര്യസമാജക്കാരുടെ സിദ്ധാന്തം. ഈ വികലവിശ്വാസം കാരണമായി അവർക്ക് ''ശിർക്ക്' അഥവാ സൃഷ്ടിപൂജ നിറഞ്ഞ മറ്റൊരു വിശ്വാസസിദ്ധാന്തം കൂടി സ്വീകരിക്കേണ്ടതായിവന്നു. അതായത്, പ്രപഞ്ചത്തിലെ പരമാണുക്കളും ആത്മാക്കളുമെല്ലാം ദൈവത്തെപോലെത്തന്നെ സനാതനവും അനാദിയും ആണെന്ന വിശ്വാസമാണത്. ദൈവികഗുണങ്ങളെപ്പറ്റി അഗാധമായി ചിന്തിക്കുന്നപക്ഷം അവർക്കങ്ങനെ പറയാൻ കഴിയുകയില്ലായിരുന്നു. അല്ലാഹു അവന്റെ സത്തയോ

ടൊപ്പം അനാദിയായുള്ള സൃഷ്ടികർത്തൃത്വഗുണത്തിൽ മനുഷ്യനെപോലെ ഏതെങ്കിലും പരമാണുവിനെ ആശ്രയിക്കുന്നുവെങ്കിൽ അവന്റെ ശ്രവണഗുണത്തിലും ദർശനഗുണത്തിലും മറ്റും അവൻ മനുഷ്യനെപോലെ ഏതെങ്കിലും പരമാണുവിനെ ആശ്രയിച്ചിരിക്കുന്നില്ലെന്നു വരുന്നതെങ്ങനെ? വായുവിന്റെ സഹായമില്ലാതെ മനുഷ്യന് കേൾക്കാനാവില്ല. വെളിച്ചത്തിന്റെ സഹായം കൂടാതെ ഒന്നും കാണാനും കഴിയില്ല. പരമേശ്വരനും ഇപ്രകാരമുള്ള ബലഹീനതയുള്ളവനാണോ? അവനും കേൾക്കുന്നതിനും കാണുന്നതിനും വായുവിനേയും വെളിച്ചത്തേയും ആശ്രയിക്കുന്നവനാണോ? ആശ്രയിക്കുന്നവനല്ലെങ്കിൽ സൃഷ്ടികർത്തൃത്വത്തിനും അവൻ യാതൊരു പരമാണുവിനേയും ആശ്രയിക്കേണ്ടതില്ല എന്നു നല്ലവണ്ണം മനസ്സിലാക്കിക്കൊൾവിൻ. അല്ലാഹു അവന്റെ സിഫത്തുകൾ അഥവാ ഗുണങ്ങൾ വെളിപ്പെടുത്തുന്നതിന് ഏതെങ്കിലും പരമാണുവിനെ ആശ്രയിക്കുന്നു എന്ന തർക്കയുക്തി അടിമുടി കളവാകുന്നു. മനുഷ്യന്റെ ഗുണങ്ങൾ അടിസ്ഥാനമാക്കി ദൈവത്തെപ്പറ്റി ഇല്ലായ്മയിൽനിന്നു യാതൊന്നും ഉണ്ടാകുകയില്ല എന്ന ന്യായയുക്തി ഉന്നയിക്കുന്നതും മനുഷ്യന്റെ ബലഹീനതകൾ ദൈവത്തിൽ ആരോപിക്കുന്നതും വലുതായ തെറ്റാകുന്നു. മനുഷ്യന്റെ ഉണ്മ പരിമിതമാണ്. ദൈവത്തിന്റെ സത്തയാകട്ടെ അപരിമേയവും. ദൈവം അവന്റെ ഉണ്മയുടെ അദ്ഭുതത്താൽ മറ്റൊരു വസ്തുവെ സൃഷ്ടിക്കുന്നു. ഇതു തന്നെയാണ് ദൈവത്വം. ഏതെങ്കിലും ഒരു ഗുണത്തിൽ പരമാണുവിനെ ആശ്രയിക്കുന്നവനല്ല ദൈവം; ആശ്രയിക്കുന്നുവെങ്കിൽ അവൻ ദൈവമല്ല. അവന്റെ പ്രവൃത്തിക്ക് എന്തെങ്കിലും തടസ്സം ഉണ്ടാവാമോ? ഒരൊറ്റ ശ്വാസത്തിൽ ആകാശഭൂമികളെ പടക്കാനിച്ഛിച്ചാൽ അതവന് സാധ്യമല്ലെന്നാണോ? ഹിന്ദുക്കളിൽ ജ്ഞാനത്തോടൊപ്പം ആത്മീയതയും സ്വാംശീകരിച്ചിട്ടുള്ളവരും ശുഷ്കമായ തർക്കശാസ്ത്രത്തിന്റെ പിടിയിൽ പെട്ടിട്ടില്ലാത്തവരും പരമേശ്വരനെപ്പറ്റി ആര്യസമാജികളായ മാന്യന്മാർ ഇക്കാലത്ത് ഉന്നയിക്കുന്ന ഈ വിശ്വാസം ഒരിക്കലും പുലർത്തിയിട്ടില്ല. ഇത് ആത്മീയതയുടെ അഭാവത്തിന്റെ ഫലമാകുന്നു.

## ആത്മീയത ചോർന്നു

ചുരുക്കത്തിൽ, ഈ മതങ്ങളിൽ ഉണ്ടായിക്കഴിഞ്ഞിട്ടുള്ള എല്ലാ വൈകല്യങ്ങളും- അവയിൽ ചിലതു എടുത്തുപറയാൻകൂടി കൊള്ളാത്തതും മാനുഷികമായ വിശുദ്ധതയ്ക്കുതന്നെ നിരക്കാത്തതുമാണ്- ഇസ്ലാമിന്റെ ആവശ്യകതയെ വിളിച്ചറിയിക്കുന്നവയായിരുന്നു. ഇസ്ലാമിന്റെ ആവിർഭാവത്തിന് കുറച്ചുകാലം മുമ്പുതന്നെ ഈ എല്ലാ

മതങ്ങളും അലങ്കോലപ്പെട്ടുകഴിഞ്ഞിരുന്നു എന്നും അവയിൽനിന്നും ആത്മീയത ചോർന്നുപോയിരുന്നു എന്നും ബുദ്ധിമാനായ ഏതൊരാളും സമ്മതിക്കും. നമ്മുടെ നബിനായകർ മുഹമ്മദ് നബി(സ) സത്യത്തിന്റെ അവതരണത്തിനായി വെളിപ്പെട്ട ഒരു മഹാപരിഷ്കർത്താവ് (മുജദ്ദിദെ അഅ്സം) ആയിരുന്നു. അപ്രത്യക്ഷമായ സത്യത്തെ അവിടുന്നു വീണ്ടും ലോകത്ത് കൊണ്ടുവന്നു. ഈ അഭിമാനകൃത്യത്തിൽ നബിനായകരോടൊപ്പം മറ്റൊരു നബിക്കും പങ്കില്ല. സകലലോകവും പൂർണമായ അന്ധകാരത്തിൽപെട്ടു കിടക്കുന്നതായിട്ടാണ് അവിടുന്നു കണ്ടത്. അവിടുത്തെ ആവിർഭാവത്തോടെ ആ അന്ധകാരം പ്രകാശമായി മാറി. അവിടുന്നു വെളിപ്പെട്ട ജനത മുഴുവനുംതന്നെ ''ശിർക്കി'ന്റെ അഥവാ സൃഷ്ടിപൂജയുടെ മേലങ്കി അഴിച്ചുവച്ചു തൗഹീദിന്റെ അഥവാ ഏകദൈവാദർശത്തിന്റെ പുതപ്പണിയുന്നതുവരെ, എന്നല്ല, അവർ സത്യവിശ്വാസത്തിന്റെ അത്യുന്നതശ്രേണികളിലെത്തുന്നതുവരെയും, സത്യസന്ധതയുടെയും ആത്മാർഥതയുടെയും ദൃഢവിശ്വാസത്തിന്റെയും അപദാനങ്ങൾ ലോകത്ത് മറ്റൊരു ജനവിഭാഗത്തിലും കാണപ്പെടാത്തവിധം അവരിൽനിന്നു വെളിപ്പെടുമാറാകുന്നതുവരെയും അദ്ദേഹം ദിവംഗതനായില്ല. ഈ വിജയം, ഏതാദൃശമായ വിജയം, നബിനായകർ(സ) തിരുമേനിക്കല്ലാതെ മറ്റൊരു പ്രവാചകനും പ്രദാനം ചെയ്യപ്പെട്ടിരുന്നില്ല. അങ്ങേയറ്റം അധർമം നിറഞ്ഞിരുന്ന ഒരുകാലത്ത് സ്വാഭാവികമായും അത്യുജ്ജ്വലപ്രഭാവനായ ഒരു മഹാപരിഷ്കർത്താവിനെ ലോകം പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഒരു കാലത്ത് പ്രത്യക്ഷനാകയും നിയോഗിക്കപ്പെടുകയും ചെയ്തുവെന്നു മാത്രമല്ല, ലക്ഷക്കണക്കിൽ മനുഷ്യർ സൃഷ്ടിപൂജ കൈവെടിഞ്ഞു തൗഹീദിന്റെ അഥവാ, ഏകദൈവാദർശത്തിന്റെ നേർവഴി അവലംബിക്കുമാറാകയും ചെയ്തിരുന്ന ഒരു കാലത്ത്, ഈ ലോകത്തുനിന്ന് വിരഹം പ്രാപിക്കുകയും ചെയ്തു എന്നതുതന്നെ തിരുനബിയുടെ പ്രവാചകത്വത്തിലേക്ക് ഏറ്റവും വലിയ ഒരു തെളിവാകുന്നു. ഈ പരിപൂർണമായ പരിഷ്കരണം തിരുമേനിയുടെ മാത്രം സവിശേഷമായ ഒരു നേട്ടമാകുന്നു. അവിടുന്ന് മൃഗപ്രായരായ, കിരാതരായ ഒരു ജനവിഭാഗത്തിനു മനുഷ്യത്വം പഠിപ്പിച്ചു. അല്ലെങ്കിൽ അദ്ദേഹം മൃഗസമാനരെ മനുഷ്യരാക്കി മാറ്റിയെന്നു പറയാം. പിന്നെ, ആ മനുഷ്യരെ വിജ്ഞരാക്കി. വിജ്ഞരായ മനുഷ്യരെ അവിടുന്ന് ദൈവമനുഷ്യരാക്കി മാറ്റുകയും ആത്മീയചൈതന്യം അവരിൽ ഊതിനിറക്കുകയും സത്യദൈവവുമായി അവരെ അടുപ്പിക്കുകയും ചെയ്തു. അവർ ദൈവമാർഗത്തിൽ ആടുമാടുകളെപ്പോലെ

അറുത്തിടപ്പെട്ടു. എറുമ്പുകളെപോലെ കാലടികൾക്കടിയിൽ ചതച്ച രയ്ക്കപ്പെട്ടു. എങ്കിലും, അവർ സത്യവിശ്വാസം കൈവെടിഞ്ഞില്ല. എല്ലാ കഷ്ടപ്പാടുകളിലും വിപത്തുകളിലും അവർ മുന്നോട്ടു കാൽവെച്ചു. ചുരുക്കത്തിൽ, നമ്മുടെ നബിനായകർ(സ) ആത്മീയത സ്ഥാപിച്ചുറപ്പിക്കുന്നതിൽ രണ്ടാം ആദം ആയിരുന്നു. എന്നല്ല, യഥാർഥ ആദം അവിടുന്നുതന്നെ ആയിരുന്നു എന്നു പറയണം. അവിടുത്തെ ജീവിതത്തിൽ കുട്ടിക്കാലം തുടങ്ങിയുള്ള സകല മാനുഷിക അനുഗ്രഹങ്ങളും പരിപൂർണതയെ പ്രാപിച്ചിരുന്നു. സകല സദ്ഭാവങ്ങളും അവിടുത്തെ ജീവിതത്തിൽ സക്രിയമാവുകയും മനുഷ്യപ്രകൃതിയിലെ ഒരു ശാഖയും നിഷ്ക്രിയമല്ലാതിരിക്കയും ചെയ്തു. കാലാതീതത്വംകൊണ്ടു മാത്രമല്ല, പ്രവാചകത്വത്തിന്റെ സകലപൂർണതകളും തിരുമേനിയിൽ അവസാനിച്ചതുകൊണ്ടും തിരുമേനിയിൽ ''ഖത്മെ നുബുവ്വത്ത്' സംഭവിച്ചു. തിരുനബി(സ) ദൈവികഗുണങ്ങളുടെ സമ്പൂർണ പ്രതിരൂപം ആയിരുന്നു. ആകയാൽ, തിരുമേനിയുടെ ശരീഅത്ത് പ്രതാപഗുണങ്ങളുടെയും സൗന്ദര്യഗുണങ്ങളുടെയും രണ്ടിന്റെയും വാഹകം ആയിരുന്നു. തിരുമേനിയുടെ രണ്ടു നാമങ്ങൾ അതായതു, മുഹമ്മദ് എന്നും അഹ്മദ് എന്നുമുള്ള നാമങ്ങൾ ഇതേ ഉദ്ദേശ്യം ഉൾക്കൊണ്ടിട്ടുള്ളതത്രേ. തിരുമേനിയുടെ നുബുവ്വത്തിന്റെ സാകല്യത്തിൽ ഒരു വശത്തും ലോഭമില്ല. മറിച്ച്, അതു ആരംഭം മുതൽക്കേ ലോകത്തിനു മുഴുവനുമായിട്ടുള്ളതത്രേ.

## ധർമ്മാധർമ്മ കാലചക്രങ്ങൾ

തിരുനബിയുടെ പ്രവാചകത്വത്തിന്റെ മറ്റൊരു ദൃഷ്ടാന്തം ഇതാകുന്നു: സകല നബിമാരുടെയും ഗ്രന്ഥങ്ങളിൽനിന്നും അതുപോലെതന്നെ വിശുദ്ധഖുർആനിൽനിന്നും മനസ്സിലാകുന്നത് ആദം മുതൽ അവസാനംവരെ ലോകത്തിന്റെ വയസ്സ് ഏഴായിരം കൊല്ലം ആണെന്നു അല്ലാഹു കണക്കാക്കീട്ടുണ്ട് എന്നത്രേ. സന്മാർഗത്തിന്റെയും ദുർമാർഗത്തിന്റെയും പ്രാബല്യത്തിന് ആയിരം കൊല്ലം വീതമുള്ള കാലചക്രം നിർണയിക്കപ്പെട്ടിരിക്കുന്നു. അതായത്, സന്മാർഗത്തിനു പ്രഭാവം ലഭിക്കുന്ന ഒരു കാലഘട്ടം; അധർമത്തിന്റെയും വഴികേടിന്റെയും പ്രാബല്യമുള്ള മറ്റൊരു കാലഘട്ടം. ഞാൻ വിവരിച്ചിട്ടുള്ളതുപോലെ ഇവ രണ്ടും ദൈവികഗ്രന്ഥങ്ങളിൽ സഹസ്രവർഷങ്ങൾ* വീതമുള്ള കാലചക്രങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആദ്യം ''ഹിദായ'ത്തിന്റെ അഥവാ, സന്മാർഗപ്രഭാവത്തിന്റെ കാലചക്രമാണ്. അതിൽ ബിംബാരാധനയുടെ

* Millennium - സഹസ്രാബ്ദം

യാതൊരു ലക്ഷണവും ഉണ്ടായിരുന്നില്ല. ഈ ആയിരം കൊല്ലം അവസാനിച്ചതോടെ രണ്ടാമത്തെ സഹസ്രാബ്ദചക്രം ആരംഭിക്കുകയായി. അപ്പോൾ പലതരത്തിലുള്ള ബിംബാരാധനകളും സൃഷ്ടിപൂജകളും ശിർക്കും പ്രബലപ്പെടുന്നു. അതോടെ എല്ലായിടങ്ങളിലും ബിംബാരാധന വ്യാപിച്ചു. പിന്നീട്, മൂന്നാമത്തെ സഹസ്രാബ്ദകാലഘട്ടത്തിൽ തൗഹീദിന്റെ അടിസ്ഥാനമിടപ്പെടുകയും അല്ലാഹു ഇച്ഛിച്ചതുവരെ ലോകത്ത് തൗഹീദ് പരക്കുകയും ചെയ്തു. വീണ്ടും അധാർമികതയുടെ അതിപ്രസരമുള്ള നാലാം സഹസ്രവർഷചക്രം പ്രത്യക്ഷപ്പെട്ടു. ഈ നാലാം സഹസ്രാബ്ദകാലഘട്ടത്തിലാണ് ബനീഇസ്രായീൽ അങ്ങേയറ്റം വഴിപിഴച്ചത്. ക്രിസ്തുമതം അതിന്റെ ബീജാവാപത്തോടെതന്നെ ശുഷ്കിച്ചുപോയി. അതിന്റെ ജന്മവും ചരമവും ഒന്നിച്ചു ഒരേസമയത്തുതന്നെ സംഭവിച്ചു. പിന്നെ, അഞ്ചാമത്തെ ആയിരംകൊല്ലം വന്നു. അത് സന്മാർഗത്തിന്റെ കാലഘട്ടമായിരുന്നു. ഈ സഹസ്രവർഷചക്രത്തിലാണ് നമ്മുടെ നബിനായകർ(സ) നിയുക്തനായത്. അല്ലാഹു നബിതിരുമേനി(സ) മുഖേന തൗഹീദ് വീണ്ടും ലോകത്ത് സ്ഥാപിച്ചുറപ്പിച്ചു. ചുരുക്കത്തിൽ, അനാദികാലം തൊട്ട് ഹിദായത്തിന് അഥവാ, സന്മാർഗത്തിന്നായി നിർണയിക്കപ്പെട്ട സഹസ്രവർഷചക്രത്തിലാണ് നബിനായകർ(സ) പ്രത്യക്ഷപ്പെട്ടതെന്നത് തന്നെയാണ് തിരുമേനി(സ) അല്ലാഹുവിൽനിന്നുള്ള ആളാണെന്നതിലേക്ക് ഏറ്റവും ശക്തിമത്തായ ഒരു തെളിവ്. ഞാനിത് എന്റെ സ്വന്തം അഭിപ്രായം ഉന്നയിക്കുന്നതല്ല. ദൈവത്തിന്റെ എല്ലാ ദിവ്യഗ്രന്ഥങ്ങളിൽനിന്നും ഇതാണ് മനസ്സിലാകുന്നത്. ഇതേ തെളിവിന്റെ അടിസ്ഥാനത്തിൽതന്നെ ഞാൻ വാഗ്ദത്തമസീഹാണെന്നുള്ള എന്റെ വാദവും സ്ഥാപിക്കപ്പെടുന്നു. എന്തെന്നാൽ ഈ വിഭജനമനുസരിച്ച് ഈ ആറാം സഹസ്രാബ്ദം അധർമ്മത്തിന്റെ സഹസ്രാബ്ദമത്രെ. ആ ആയിരം കൊല്ലം ഹിജ്റത്തിന്റെ മൂന്നാം ശതകപൂർത്തിയ്ക്കുശേഷമാണ് ആരംഭിക്കുന്നത്. പതിനാലാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ അതവസാനിക്കുന്നു. ഈ ആറാം സഹസ്രവർഷത്തിലെ ജനങ്ങൾക്ക് "ഫൈജെ അഅ്വജ്"* എന്നു നബി(സ) തിരുമേനി പേരുവച്ചിരിക്കുന്നു. ഏഴാം സഹസ്രാബ്ദചക്രം ഹിദായത്തിന്റെ അഥവാ സന്മാർഗത്തിന്റേതാണ്. അതിലാണ് നാമുള്ളത്. ഇതു അവസാനത്തെ ആയിരമാകുന്നു. ആകയാൽ, അവസാനകാലത്തിന്റെ ഇമാം ഇതിന്റെ തലയ്ക്കൽതന്നെ ജന്മമെടുക്കണം. ഇതിനുശേഷം ഇമാം ഇല്ല; മസീഹും ഇല്ല; അദ്ദേഹത്തിന്റെ നിഴൽ ആയിട്ടുള്ള ആൾ ഒഴികെ.

* വക്രതയുടെ കാലഘട്ടം-കലികാലം-പരി

ഈ സഹസ്രാബ്ദത്തിൽ ലോകത്തിന്റെ വയസ്സിന്റെ അന്ത്യം സംഭവിക്കുന്നു. സകല പ്രവാചകന്മാരും ഇതേപ്പറ്റി സാക്ഷ്യം പറഞ്ഞിരിക്കുന്നു. അല്ലാഹുവിൽ നിന്നു മസീഹ് മൗഊദ് എന്നു പറയപ്പെട്ടിട്ടുള്ള ഈ ഇമാം നൂറ്റാണ്ടിലെ മുജദ്ദിദും അവസാന സഹസ്രാബ്ദത്തിലെ മുജദ്ദിദും തന്നെ. ആദം മുതൽ ആരംഭിക്കുന്ന കാലചക്രത്തിൽ ഈ കാലഘട്ടം സപ്ത സഹസ്രാബ്ദമാണെന്ന കാര്യത്തിൽ ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും അഭിപ്രായതർക്കമില്ല. സൂറാ വൽഅസ്റിന്റെ സംഖ്യയിൽ (അബ്ജദ്) ആദമിന്റെ ചരിത്രകാലം എനിക്ക് വെളിപ്പെടുത്തിത്തന്നിട്ടുള്ളതു പ്രകാരവും നാം ഉൾപ്പെട്ടിരിക്കുന്ന ഈ കാലഘട്ടം ഏഴാം സഹസ്രാബ്ദമാണെന്നുതന്നെ സ്ഥാപിക്കപ്പെടുന്നു. വാഗ്ദത്തമസീഹ് ഏഴാം സഹസ്രാബ്ദത്തിന്റെ തുടക്കത്തിലാണ് പ്രത്യക്ഷപ്പെടുകയെന്നും ആറാം സഹസ്രാബ്ദത്തിന്റെ അന്ത്യത്തിലാണ് ജനിക്കുകയെന്നുമുള്ള കാര്യത്തിൽ എല്ലാ നബിമാരും ഏകാഭിപ്രായക്കാരായിരുന്നു. എന്തെന്നാൽ, ആദം എല്ലാവരേക്കാളും ആദ്യത്തെ ആളാണെന്നതുപോലെ മസീഹ് എല്ലാവരേക്കാളും അവസാനത്തെയാളുമത്രേ. ആദം ആറാം ദിവസമായ വെള്ളിയാഴ്ചയുടെ അവസാനത്തെ യാമത്തിലാണ് ജനിച്ചത്. അല്ലാഹുവിന്റെ ഒരു ദിവസം ഈ ലോകത്തിന്റെ ആയിരം കൊല്ലത്തിനു തുല്യമാണ്. ഈ സാദൃശ്യത്തിൽ ദൈവം വാഗ്ദത്ത മസീഹിനെ ആറാം സഹസ്രത്തിന്റെ അന്ത്യത്തിൽ ജനിപ്പിച്ചു. അതും ദിവസത്തിന്റെ അവസാനത്തെ യാമത്തിൽ, അങ്ങനെ ആദ്യത്തിനും അവസാനത്തിനും ഒരു സംബന്ധമുണ്ട്. തന്നിമിത്തം, വാഗ്ദത്ത മസീഹിനെ അല്ലാഹു ആദമിന്റെ തുല്യതയിൽ ജനിപ്പിച്ചു. ആദം യുഗ്മജനായിരുന്നു. വെള്ളിയാഴ്ച ദിവസമാണ് ജനിച്ചിരുന്നത്. ഇപ്രകാരംതന്നെ മസീഹ് മൗഊദായ ഈ വിനീതനും യുഗ്മജനായി ഒരു വെള്ളിയാഴ്ച ദിവസം ജനിച്ചു. ജനനം ഇപ്രകാരമായിരുന്നു: ആദ്യം ഒരു പെൺകുഞ്ഞ് ജനിച്ചു. അതിനെ തുടർന്ന് ഈ വിനീതന്റെ പിറവിയുണ്ടായി. ഇപ്രകാരമുള്ള ജനനം ഖത്മെ വിലായത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ചുരുക്കത്തിൽ, ഈ എല്ലാ നബിമാരുടെയും ഏകകണ്ഠമായ പാഠമാണ് ഏഴാം സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ മസീഹ് വരുമെന്നത്. ഇക്കാരണത്താൽതന്നെയാണ് കഴിഞ്ഞ ചില കൊല്ലങ്ങളിൽ ക്രിസ്തീയ വിദ്വാന്മാർക്കിടയിൽ വലിയ ചർച്ചകൾ ഉയർന്നത്. അമേരിക്കയിൽ ഇതേ വിഷയകമായി ഒട്ടേറെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. വാഗ്ദത്ത മിശിഹാ ഇക്കാലത്ത് തന്നെയാണ് പ്രത്യക്ഷനാകേണ്ടതെന്നും എന്തുകൊണ്ട് ഇനിയും വെളിപ്പെട്ടില്ല എന്നു

മുള്ള പ്രശ്നത്തിന്റെ അടിസ്ഥാനത്തിലാണിത്. സമയം കഴിഞ്ഞുപോയി എന്നു വിലപിച്ച നിലയിൽ ചിലർ മറുപടി നൽകുകയുണ്ടായി. ചർച്ചിനെതന്നെ മശിഹായുടെ പ്രതിനിധിയായി കരുതണമെന്ന് ചിലർ അഭിപ്രായപ്പെട്ടു. എന്തായാലും നബിമാർക്ക് നിശ്ചയിക്കപ്പെട്ട സഹസ്രാബ്ദ ചക്രത്തിൽതന്നെയാണ് ഞാനും വെളിപ്പെട്ടതെന്നത് എന്റെ സത്യത്തിലേക്കുള്ള ഒരു ദൃഷ്ടാന്തമാകുന്നു. മറ്റൊരു തെളിവുമില്ലെങ്കിൽ കൂടിയും ഈ ഒരൊറ്റ തെളിവ് തന്നെ ഉജ്ജ്വലമായിരുന്നു. സത്യാന്വേഷികളായിട്ടുള്ളവർക്ക് ഇതുതന്നെ മതിയായ ദൃഷ്ടാന്തമായിരുന്നു. അതു നിഷേധ്യമായിത്തീരുന്നുവെങ്കിൽ സകല ദൈവികഗ്രന്ഥങ്ങളും അയഥാർഥമായിത്തീരും. ദൈവികഗ്രന്ഥങ്ങളെക്കുറിച്ച് അറിവുള്ളവരും അതിൽ ചിന്തിക്കുന്നവരും ആരോ, അവർക്ക് പകൽവെളിച്ചംപോലുള്ള ദൃഷ്ടാന്തമാണിത്. ഈ തെളിവിനെ നിഷേധിച്ചാൽ അതു സകല നബിമാരെയും നിഷേധിക്കലാകും. സകല കണക്കുകളും താറുമാറായിത്തീരുകയും ചെയ്യും. ദൈവികമായ വിഭജനത്തിന്റെ തുന്നിക്കെട്ട് അഴിഞ്ഞുപോകുന്നതുമാകുന്നു.

## ഖിയാമത്ത് നാൾ

ചിലർ കരുതുന്നതുപോലെ ഖിയാമത്തിനെക്കുറിച്ച് ആർക്കും അറിയില്ല എന്നത് ശരിയല്ല. അങ്ങനെയാണെങ്കിൽ ആദം മുതൽ അവസാനംവരെ ഏഴായിരം കൊല്ലം എന്നു നിർണയിച്ചതെങ്ങനെ? ദൈവികഗ്രന്ഥങ്ങളിൽ ശരിയായനിലയിൽ ചിന്തിച്ചിട്ടില്ലാത്തവരാണിവർ. ഇത് ഞാനിന്നു കണക്കുകൂട്ടി നിർണയിച്ചതൊന്നുമല്ലല്ലോ. പണ്ടുപണ്ടേ ഗ്രന്ഥാനുസാരികളായ പണ്ഡിതഗവേഷകർ ഖണ്ഡിതമായി പറഞ്ഞുവന്നിട്ടുള്ളതാണിത്. യഹൂദ പണ്ഡിതന്മാരും ഇതുതന്നെ വിശ്വസിച്ചുപോന്നിട്ടുണ്ട്. ആദംതൊട്ട് അവസാനകാലംവരെയുള്ള വയസ്സ് ഏഴായിരം ആണെന്നു വിശുദ്ധഖുർആനിൽ നിന്നും വ്യക്തമായി വെളിപ്പെടുന്നു. സകല പൂർവികഗ്രന്ഥങ്ങളും ഇതുതന്നെയാണ് ഏകനിലയിൽ പറയുന്നത്.

إِنَّ يَوْمًا عِندَ رَبِّكَ كَأَلْفِ سَنَةٍ مِّمَّا تَعُدُّونَ ❋

എന്ന ഖുർആൻ ആയത്തിൽനിന്നും ഇതുതന്നെയാണ് വ്യക്തമാകുന്നത്. എല്ലാ നബിമാരും തുറന്നനിലയിൽ ഇതേ വിവരം നമുക്ക് നൽകിപ്പോകുന്നു. ഞാനിപ്പോൾ വിവരിച്ചതുപോലെ സൂറഃ വൽ അസ്റിന്റെ അബ്ജദ് അനുസരിച്ചുള്ള സംഖ്യയിൽനിന്ന് വ്യക്തമായി മനസ്സി

❋ വിശുദ്ധഖുർആൻ 22:48

ലാകുന്നത് തിരുനബി(സ) ആദം മുതൽക്കുള്ള അഞ്ചാം സഹസ്രാബ്ദ ത്തിലാണ് വെളിപ്പെട്ടിരുന്നത് എന്നത്രേ. ഈ കണക്കു പ്രകാരം നാം ഉൾപ്പെട്ടിരിക്കുന്ന ഈ കാലം ആറാം സഹസ്രാബ്ദംതന്നെ. അല്ലാഹു അവന്റെ വഹ്‌യ് മുഖേന നമുക്ക് വെളിപ്പെടുത്തിത്തന്നിട്ടുള്ള കാര്യം നമുക്ക് നിഷേധിക്കാൻ പറ്റില്ല. ദൈവത്തിന്റെ പരിശുദ്ധരായ പ്രവാച കന്മാരുടെ ഏകകണ്ഠമായ വാചകം നിരാകരിക്കാനും നമുക്ക് പറ്റില്ല. ഇപ്രകാരം തെളിവുകൾ നിലവിലിരിക്കെ സംശയമന്യേ ഹദീസുകളും വിശുദ്ധഖുർആനും അനുസരിച്ച് ഇത് അന്ത്യകാലം ആകുന്നു എന്നി രിക്കെ, ഇതു അവസാനത്തെ ആയിരം ആണെന്നതിൽ സംശയമെ ന്തിരിക്കുന്നു? അവസാനത്തെ സഹസ്രത്തിന്റെ തലയ്ക്കൽ വാഗ്ദത്ത മിശിഹാ പ്രത്യക്ഷനാകേണ്ടത് ആവശ്യമാകുന്നു.

പിന്നെ, ഖിയാമത്ത് നാളിനെപ്പറ്റി ആർക്കും അറിവില്ല എന്നു പ റഞ്ഞതിന്റെ അർഥം യാതൊരു കാരണവശാലും അറിവുണ്ടാവുക യില്ല എന്നല്ല, അങ്ങനെയാണെങ്കിൽ ഖിയാമത്തിന്റെ അലാമത്തുകൾ അഥവാ അവസാനകാലത്തിന്റെ അടയാളങ്ങൾ വിശുദ്ധഖുർആനി ലും സഹീഹായ ഹദീസുകളിലും ഉള്ളത് സ്വീകാര്യമായിരിക്കു ന്നതല്ല. എന്തെന്നാൽ, ഖിയാമത്തിന്റെ അടുപ്പത്തെപ്പറ്റി അതുമുഖേന യും ഒരു അറിവ് ലഭിക്കുന്നുണ്ടല്ലോ. ഭൂമിയിൽ ധാരാളം കനാലുകൾ ഏർപ്പെടുത്തപ്പെടുമെന്നും പുസ്തകങ്ങൾ ധാരാളം പ്രസിദ്ധീകരിക്ക പ്പെടുമെന്നും- ഇതിൽ പത്രങ്ങളും ഉൾപ്പെടുന്നുണ്ട്- ഒട്ടകം നിരുപ യോഗയോഗ്യമായി ഉപേക്ഷിക്കപ്പെടുമെന്നും വിശുദ്ധഖുർആനിൽ എഴുതപ്പെട്ടിട്ടുണ്ട്. ഈ കാരണങ്ങളെല്ലാം നമ്മുടെ കാലത്ത് പൂർ ത്തിയായിക്കഴിഞ്ഞതായും നാം കാണുന്നു. ഒട്ടകങ്ങളുടെ സ്ഥാന ത്ത് റയിൽവെമുഖേന വ്യാപാരം ആരംഭിച്ചുകഴിഞ്ഞു. അങ്ങനെ, ഖിയാമത്ത് അടുത്തെത്തിയെന്നു നാം മനസ്സിലാക്കുകയും ചെയ്തു. അല്ലാഹു * اِقْتَرَبَتِ السَّاعَةُ എന്ന ആയത്ത് മുഖേനയും മറ്റു ആയത്തു കളിലൂടെയും ഖിയാമത്തിന്റെ സമീപനത്തെപ്പറ്റി നമുക്ക് വിവരം ന ല്കിക്കഴിഞ്ഞിരിക്കുന്നു. ഖിയാമത്ത് സംഭവിക്കുന്നത് എല്ലാ പ്രകാര ത്തിലും മറഞ്ഞുകിടക്കണമെന്നത് ശരീഅത്തിന്റെ ഉദ്ദേശ്യമല്ല. സകല പ്രവാചകന്മാരും അവസാനകാലത്തിന്റെ അടയാളങ്ങൾ അറിയിച്ചുപോ ന്നിട്ടുണ്ട്. സുവിശേഷങ്ങളിലും ഇത് എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ, ആ പ്രത്യേകസമയത്തെപ്പറ്റി മുഹൂർത്തത്തെപ്പറ്റി ആർക്കും അറിവില്ല എന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ആയിരം കൊല്ലം കഴിയുമ്പോൾ കു

✵ വിശുദ്ധ ഖുർആൻ(54:2)

റച്ച് നൂറ്റാണ്ടുകൾ കൂടുതലാക്കുവാൻ അല്ലാഹു കഴിവുള്ളവനാണല്ലോ. കുറക്കൽ ഇതിൽ എണ്ണപ്പെടുന്നില്ല. ഗർഭകാലം ചിലപ്പോൾ ഏതാനും ദിവസം അധികരിക്കുന്നു. ശിശുക്കൾ അധികവുംതന്നെ ഒമ്പതുമാസം കഴിഞ്ഞു പത്തുദിവസത്തിനുള്ളിലാണ് ജനിക്കുന്നത് എന്ന് എല്ലാവർക്കും അറിയാം. എങ്കിലും എപ്പോഴാണ് പ്രസവവേദന വരുന്നതെന്ന് ആർക്കും അറിവില്ലല്ലോ. ഇതേപ്രകാരംതന്നെ ലോകത്തിന്റെ അവസാനത്തിനു ഇനി ഒരായിരംകൊല്ലം ബാക്കിയുണ്ട്.* ഖിയാമത്ത് സംഭവിക്കുന്ന ആ മുഹൂർത്തത്തെക്കുറിച്ചുള്ള വിവരം പക്ഷേ ആർക്കും ഇല്ല.

ഇമാമത്തിനും നുബുവ്വത്തിനുമുള്ള തെളിവുകളായി അല്ലാഹു ഉന്നയിച്ചിട്ടുള്ള വാദഗതികളെ തള്ളിക്കളയുകയെന്നത് സത്യവിശ്വാസത്തെ നഷ്ടപ്പെടുത്തലാണ്. ഖിയാമത്ത് സമീപിച്ചിട്ടുള്ളതിലേ ക്കുള്ള സകല അടയാളങ്ങളും ഒന്നിച്ചുചേർന്നു ഈ കാലഘട്ടത്തിൽ ഒരു മഹാവിപ്ലവത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. വിശുദ്ധഖുർആനി ൽ ഖിയാമത്തിന്റെ അടയാളങ്ങൾ വിവരിച്ചിട്ടുള്ളതിൽ ഭൂരിപക്ഷവും വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഭൂമിയിൽ ധാരാളം കനാലുകൾ കീറപ്പെടുമെന്നും ധാരാളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെടുമെന്നും മലകൾ നിരത്തപ്പെടുമെന്നും നദികൾ വറ്റിക്കപ്പെടുമെന്നും കൃഷിക്കുവേണ്ടി ഭൂമി വളരെയധികം ജനവാസയോഗ്യമായിത്തീരുമെന്നും മനുഷ്യർ തമ്മിൽ ബന്ധപ്പെടുന്നതിനുള്ള വഴികൾ തുറക്കപ്പെടുമെന്നും ജനതകളിൽ മതത്തെ മുൻനിർത്തിയുള്ള ഒച്ചപ്പാടുകളും ആവേശങ്ങളും ഉയരുമെന്നും ഒരു ജനത മറ്റൊരു ജനതയുടെമേൽ തിരമാലയെന്നോണം ചാടിവീഴുമെന്നും, അതേ കാലങ്ങളിൽതന്നെ സ്വർഗീയമായ കാഹളം ഊതപ്പെടുകയും സ്വർഗീയമായ ലക്ഷണങ്ങളുമായി യോജിക്കാത്ത പ്രകൃതക്കാർ ഒഴികെ സകല ജനവിഭാഗങ്ങളും ഒരേ മതത്തിൽ ഒന്നിച്ചുചേരുകയും ചെയ്യുമെന്നും ഖുർആൻ പറയുന്നു.

## യഅ്ജൂജ് മഅ്ജൂജ്

വിശുദ്ധഖുർആനിൽ എഴുതപ്പെട്ടിട്ടുള്ള ഈ വിവരങ്ങളെല്ലാം വാഗ്ദത്ത മസീഹിന്റെ ആഗമനകാലത്തിലേക്ക് വിരൽചൂണ്ടുന്നു. യഅ്ജൂജ് മഅ്ജൂജിന്റെ വിവരങ്ങൾക്ക് കീഴിൽ ഇതെഴുതീട്ടുള്ളതും അതുകൊണ്ടു

* ഇപ്പറഞ്ഞതിന്റെ അർഥം ഭൂമിയുടെ വയസ്സ് 7000 കൊല്ലമാണെന്നും ആയിരം കൊല്ലം പൂർത്തിയായാൽ ഭൂമി ഉൾക്കൊള്ളുന്ന ഈ പ്രപഞ്ചം മുഴുവൻ നശിച്ചുപോകുമെന്നുമല്ല, ഒരു ആദമിന്റെ കാലചക്രം അവസാനിക്കുന്നു എന്നു മാത്രമാണ്. ഇപ്രകാരമുള്ള എത്രയോ ആദം ചക്രങ്ങൾ കഴിഞ്ഞുകടന്നിട്ടുള്ളതായി ഹദ്റത്ത് ഇബ്നു അറബി(റ) തന്റെ ദർശനത്തെ അടിസ്ഥാനമാക്കി പ്രസ്താവിച്ചിട്ടുണ്ട്. - പരി.

തന്നെയാകുന്നു. യഅ്ജൂജ് മഅ്ജൂജ് (Gog Magog) രണ്ട് ജനതകളാണ്. അതിനെപ്പറ്റി പൂർവികഗ്രന്ഥങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അവർ അജീജ് അതായത് അഗ്നികൊണ്ട് പലതും കാട്ടിക്കൂട്ടും എന്നതിനാലാണ് ഈ പേർ അവർക്ക് ലഭിച്ചത്* ഭൂമിയിൽ അവർക്ക് വലുതായ വിജയങ്ങളും ലഭിക്കും. എല്ലാ ഉയരങ്ങളുടെയും ഉടമസ്ഥരായിത്തീരും അവർ. അപ്പോൾ അതേ കാലത്തുതന്നെ സ്വർഗത്തുനി ന്ന് വലുതായ പരിവർത്തനത്തിനുള്ള ഏർപ്പാടുകളും സജ്ജമാകും. സമാധാനത്തിന്റെയും ശാന്തിയുടെയും ദിനം വെളിപ്പെടുമാറാകും. ഭൂമിയിൽനിന്ന് പലപല ഖനികളും ഗുപ്തവസ്തുക്കളും അക്കാലത്ത് പുറത്തുവരുമെന്ന് വിശുദ്ധഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. ആ നാളുകളിൽ ആകാശത്ത് സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടാകും. ഭൂമിയിൽ പ്ലേഗ് ധാരാളമായി പടർന്നുപിടിക്കും. ഒട്ടകം നിഷ്പ്രയോജനമായി ഭവിക്കും. എന്നുവച്ചാൽ, ഒട്ടകങ്ങളെ നിഷ്പ്രയോജനമാക്കുന്ന മറ്റൊരു യാത്രായന്ത്രം ഉണ്ടാക്കപ്പെടും. അത് ഇപ്പോൾ നാം നോക്കിക്കാണുന്നുവല്ലോ. പണ്ട് ഒട്ടകങ്ങൾ മുഖേന കടത്തിപ്പോന്ന കച്ചവടച്ചരക്കുകളെല്ലാം ഇപ്പോൾ റെയിൽമാർഗമായി മാറിയിരിക്കുന്നു. ഹജ്ജ് ചെയ്യുന്നവർ മദീനാ മുനവ്വറയിലേക്ക് റയിൽമാർഗം സഞ്ചരിച്ചെത്തുന്ന കാലം സമീപസ്ഥമാണ്.** അന്നാളിൽ ഈ ഹദീസ് പുലരുമാറാകും.

وَيُتْرَكُ الْقِلَاصُ فَلَا يُسْعٰى عَلَيْهَا۔

(***സഹീഹം മുസ്‌ലിം, കിതാബുൽ ഈമാൻ***)

ചുരുക്കത്തിൽ, അവസാന നാളുകളുടെ ഈ അടയാളങ്ങൾ എല്ലാം

---

* യഅ്ജൂജ് മഅ്ജൂജ് എന്നു ഖുർആനിലും ഗോഗ്മഗോഗ് (Gog-Magog) എന്നു ബൈബിളിലും പറയപ്പെട്ടിട്ടുള്ളത്, അവസാനകാലത്ത് പ്രത്യക്ഷപ്പെടുകയും പരസ്പരം അഗ്നി വർഷിച്ചു പൊരുതുകയും ചെയ്യുന്ന രണ്ട് ശാക്തികച്ചേരികളാണ്. ഈ എല്ലാ ലക്ഷണങ്ങളും ഇന്നത്തെ ആംഗ്ലോ അമേരിക്കൻ-റഷ്യൻ ശാക്തികച്ചേരികളിൽ പൂർത്തിയായിക്കാണാം.- പരി.

** ഇവിടെ ഹിജാസിൽ റെയിൽപാത സ്ഥാപിക്കപ്പെടാമെന്ന സൂചന മാത്രമാണ് നൽകിയതെങ്കിലും റെയിലിടുന്നത് ചില കാരണങ്ങളാൽ വേണ്ടെന്നുവെച്ചപ്പോൾ ഹദ്റത്ത് മിർസാ സാഹിബിന്റെ പ്രവചനം ഫലിച്ചില്ലെന്നും ആ പ്രവചനം പൂർത്തിയാക്കാതിരിക്കാൻ അല്ലാഹു അപ്രകാരം ചെയ്തതാണെന്നും ആണ് മൗലവി സനാഉല്ലാ സാഹിബ് കുതൂഹലം കൊണ്ടത്! (മിർസാ സാഹിബിന്റെ പരാജയ സാക്ഷ്യങ്ങൾ നോക്കുക).
എന്നാൽ, ഇവിടെ ഒട്ടകസവാരി ഉപേക്ഷിക്കപ്പെടുമെന്ന തിരുനബിയുടെ പ്രവചനമാണ് പുലർന്നതെന്നും ഹിജാസിൽ തീവണ്ടിവരുമെന്നു ഹദ്റത്ത് അഹ്മദ്(അ) പ്രവചിച്ചില്ലെന്നും മനസ്സിലാക്കേണ്ടതാണ്. ഇന്ന് ഹജ്ജിന് മക്കത്തെത്താൻ റെയിൽയാത്ര ചെയ്യുന്നന്നില്ലെങ്കിലും വിമാനത്തിലും കാറിലുമാണ് ഹജ്ജാജുകൾ യാത്ര ചെയ്യുന്നതെന്നും ഒട്ടകങ്ങളെ ഇതിന് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നില്ലെന്നുമുള്ള സത്യത്തിന്റെ നേരെ ഇവർ കണ്ണടക്കുകയാണ് ചെയ്യുന്നത്.- പരി.

വെളിപ്പെട്ടുകഴിഞ്ഞിരിക്കുമ്പോൾ ലോകത്തിന്റെ കാലചക്രങ്ങളിൽ ഇതു അവസാനത്തെ കാലചക്രമാണെന്നു സ്ഥാപിക്കപ്പെടുന്നു. ദൈവം ആറു ദിവസങ്ങളെ ഉണ്ടാക്കി. ഓരോ ദിവസവും ആയിരംകൊല്ലങ്ങ ളാണെന്നു നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് ലോകത്തിന്റെ വയസ്സ് ഏഴായിരം ആണെന്നതു ഖുർആന്റെ ഖണ്ഡിതവചനമാണെന്ന് വ്യക്തമായി. ദൈവം ഒറ്റയാകുന്നു. അതുകൊണ്ടു ഒറ്റയെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഏഴുദിവസം ഒറ്റയിൽ സൃഷ്ടിച്ചത് പ്ര കാരംതന്നെ ഏഴായിരവും ഒറ്റയാകുന്നു. ഈ കാരണങ്ങളാലും ഇത് അവസാനകാലവും ലോകത്തിന്റെ അവസാനത്തെ കാലചക്രവും ആണെന്നും അതിന്റെ തലയ്ക്കൽ ആണ് ദൈവികഗ്രന്ഥങ്ങൾപ്രകാരം മസീഹു വരേണ്ടതെന്നും സ്ഥാപിക്കപ്പെടുന്നു. നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ തന്റെ ഹുജജുൽ കിറാമ എന്ന ഗ്രന്ഥത്തിൽ, ഇസ്‌ലാമിൽ കഴി ഞ്ഞുകടന്ന എല്ലാ അഹ്‌ലുൽ കശ്ഫ്‌കാരും (കശ്ഫ് അഥവാ ദിവ്യദർ ശനങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവർ) മസീഹ് മൗഊദിന്റെ കാലം നിശ്ചയിക്കുന്നതിൽ പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിനു അപ്പുറം കടന്നിട്ടില്ല. ഇപ്പോൾ ഇവിടെ വാഗ്ദത്ത മസീഹിനെ ഈ ഉമ്മത്തിൽ– സമുദായത്തിൽ– നിയോഗിച്ചയച്ചതിനുള്ള കാരണം എന്തായിരുന്നെന്നു സ്വാഭാവികമായും ചോദ്യം ഉദ്ഭവിക്കുന്നുണ്ട്. ഇതിനുള്ള ഉത്തരം ഇതാണ്. തിരുനബി(സ) തന്റെ നുബുവ്വത്ത് കാലത്തിന്റെ ആദ്യത്തിലും അവസാനത്തിലുമായി ഹദ്റത്ത് മൂസാനബി(അ)ന്റെ സദൃശനായിരി ക്കുമെന്നു വിശുദ്ധഖുർആനിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു. ആ സാദൃശ്യത്തിലെ ഒരു വശം പൂർത്തിയായത് തിരുനബിയുടെ കാലം തന്നെയായിരുന്ന ആദ്യത്തെ കാലഘട്ടത്തിൽ ആയിരുന്നു. മറ്റൊന്ന് അവസാനത്തെ കാലഘട്ടത്തിലും. അങ്ങനെ ആദ്യത്തെ സാദൃശ്യം ഇപ്രകാരം പൂർത്തിയായി. എപ്രകാരം ഹദ്റത്ത് മൂസാ നബി(അ)ന് അല്ലാഹു അവസാനമായി ഫിർഔനും അയാളുടെ സൈന്യത്തിനും മേൽ വിജയം നൽകിയോ അപ്രകാരംതന്നെ തിരുനബിക്കും ഒടുവിൽ അബൂജഹലിന്റെ അതായത് അക്കാലത്തെ ഫിർഔന്റെയും അയാളുടെ സൈന്യത്തിന്റെയുംമേൽ വിജയം നൽകുകയും എല്ലാവരേയും നശിപ്പി ച്ചുകൊണ്ട് ഇസ്‌ലാമിനെ അറബ് ഉപദ്വീപിൽ ഉറപ്പിക്കുകയുമുണ്ടായി. ഈ ദൈവികസഹായം മുഖേന

إِنَّآ أَرْسَلْنَآ إِلَيْكُمْ رَسُولًا شَاهِدًا عَلَيْكُمْ كَمَآ أَرْسَلْنَآ إِلَىٰ فِرْعَوْنَ رَسُولًا *

---

* ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചതുപോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു. **വിശുദ്ധ ഖുർആൻ(73:16)**

എന്ന പ്രവചനം പൂർത്തിയായി.

അവസാനകാലത്ത് ഈ സാദൃശ്യം ഇപ്രകാരമാണ് പുലരുന്നത്: മൂസാനബിയുടെ ജനതയുടെ അവസാനകാലത്ത് ജിഹാദിന്റെ എതിരാളിയും മതപരമായ പോരാട്ടത്തിൽ യാതൊരു താത്പര്യവും ഇല്ലാത്ത, ക്ഷമയും സഹനവും മാത്രം ഉപദേശിച്ച ആളായിരുന്ന ഒരു നബിയെ നിയോഗിച്ചു. ബനീ ഇസ്രായീലിന്റെ ധാർമികത വളരെയേറെ മോശമാവുകയും അവരുടെ ചലനങ്ങളിൽ വളരെയേറെ വൈരുദ്ധ്യങ്ങൾ പ്രകടമാകുകയും ചെയ്തപ്പോൾ അവരുടെ രാജത്വങ്ങൾ അസ്തമിച്ചു തുടങ്ങുകയും ചെയ്തിരുന്നു. അവർ റോമാഭരണത്തിൻ കീഴിലായി. ഹദ്റത്ത് മൂസാനബിയുടെശേഷം 14 നൂറ്റാണ്ടു കൃത്യമായും പൂർത്തിയായപ്പോഴാണ് അദ്ദേഹം വെളിപ്പെട്ടത്. അദ്ദേഹത്തിൽ ഇസ്രായീലി നുബുവ്വത്ത് പരമ്പര അവസാനിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം ഇസ്രായീലിന് നുബുവ്വത്തിന്റെ അവസാനത്തെ ഇഷ്ടിക ആയിരുന്നു. ഇപ്രകാരംതന്നെ നബി[സ] തിരുമേനിയുടെ അവസാനകാലത്ത് മസീഹിബ്നുമർയമിന്റെ വർണത്തിലും ഗുണത്തിലും ഈയുള്ളവനെ നിയോഗിച്ചു. എന്റെ കാലത്ത് ജിഹാദിനെ മാറ്റിവെക്കുകയും ചെയ്തു. മുസ്‌ലിംകളുടെ ആന്തരീയസ്ഥിതി യഹൂദികളുടെമാതിരി വഷളായിത്തീരുകയും ആത്മീയത അവരിൽനിന്നും അപ്രത്യക്ഷമാവുകയും ആചാരവും ബാഹ്യപ്രകടനങ്ങളുംമാത്രം അവശേഷിക്കുകയും ചെയ്തിരുന്നു. ഇവയെക്കുറിച്ചെല്ലാം വിശുദ്ധഖുർആൻ മുമ്പേതന്നെ സൂചന നൽകിക്കഴിഞ്ഞിരുന്നതാണ്. അവസാനകാലത്തെ മുസ്‌ലിംകളെപ്പറ്റി ഒരിടത്ത് അത് യഹൂദികളെക്കുറിച്ച് ഉപയോഗിച്ചിരുന്ന പദമാണ് ഉപയോഗിച്ചത്.

فَيَنْظُرَ كَيْفَ تَعْمَلُوْنَ ❋

ഇതിന്റെ അർഥം ഇതാണ്: നിങ്ങൾക്ക് ഖിലാഫത്തും രാജത്വവും നൽകാം. എങ്കിലും, അവസാനകാലത്ത് നിങ്ങളുടെ ദുർവൃത്തികൾ കാരണം ആ രാജത്വം നിങ്ങളിൽനിന്നും പിടിച്ചുപറ്റും; യഹൂദികളിൽനിന്ന് പിടിച്ചുപറ്റിയതുപോലെ. ഇതിനുപുറമെ, സൂറത്തുന്നൂറിൽ പഞ്ചപ്രകാരം ബനീഇസ്രായീലിൽ ഖലീഫമാർ കഴിഞ്ഞുകടന്നതുപോലെ ആ എല്ലാ വർണഭാവങ്ങളും ഈ ഉമ്മത്തിലെ ഖലീഫമാരിലും സംഭവിക്കും. ഇസ്രായീലി ഖലീഫമാരിൽ വാളെടുത്തിട്ടില്ലാത്ത,ജിഹാദ് ചെയ്യാത്ത ഖലീഫമാർ ഉണ്ടായിരുന്നു. ഈ ഉമ്മത്തിലും ഇതേപ്രകാരത്തിലുള്ള

❋ അപ്പോൾ നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നു നോക്കിപ്പാർക്കാൻ (**വി.ഖുർആൻ** 7:130)

വാഗ്ദത്തമസീഹിനെ നൽകി. നോക്കുക ഖുർആൻ പറയുന്നു:

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۠ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا ؕ يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْـًٔا ؕ وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ ❈

ഈ ആയത്തിൽ,

كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ

എന്ന വചനം പ്രത്യേകം ചിന്താർഹമാണ്. എന്തെന്നാൽ, മുഹമ്മദീ ഖിലാഫത്തിന്റെ അന്ത്യത്തിൽ ഹദ്റത്ത് മൂസാനബിക്കുശേഷം പതിനാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഹദ്റത്ത് ഈസായെപോലുള്ള ഒരു നബിയെയാണ് നിയോഗിച്ചത്. അദ്ദേഹമാകട്ടെ, യുദ്ധമോ ജിഹാദോ നടത്തിയിട്ടില്ല. ആകയാൽ മുഹമ്മദീ പരമ്പരയിലെ അവസാനത്തെ ഖലീഫയും ഇതേപ്രകാരത്തിലുള്ള ഇതേ സ്വഭാവപ്രകൃതികളുള്ള ആളായിരിക്കണമെന്നു വരുന്നു:

## മുസ്‌ലിംകൾ യഹൂദികളോട് സദൃശർ

ഇപ്രകാരംതന്നെ സഹീഹായ ഹദീസുകളിലും അവസാനകാലത്തെ അധികഭാഗം മുസ്‌ലിംകളും യഹൂദികളോടു സാദൃശ്യം പുലർത്തുന്നവരായിരിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു. സൂറഃഫാതിഹായിലും ഇതിലേക്കുതന്നെയാണ് സൂചന നൽകുന്നത്. എന്തെന്നാൽ, ഹദ്റത്ത് ഈസാ(അ)ന്റെ കാലത്തുണ്ടായിരുന്നവരായ യഹൂദികളെപോലെ ആവുന്നതിൽനിന്നു ഓ, ദൈവമേ നമ്മെ രക്ഷിക്കേണമേ എന്ന പ്രാർഥന പഠിപ്പിച്ചു തന്നിരിക്കുന്നു. അവരുടെമേൽ അല്ലാഹുവിന്റെ ക്രോധം ഈ ലോകത്തുതന്നെ ഇറങ്ങിയിട്ടുണ്ടായിരുന്നു. അല്ലാഹു ഏതെങ്കിലും ജനതയ്ക്ക് ഏതെങ്കിലും കല്പന നൽകുമ്പോൾ അല്ലെങ്കിൽ അവർക്ക് ഏതെങ്കിലും പ്രാർഥന പഠിപ്പിക്കുമ്പോൾ അവരിൽ ചിലർ അത്തരം വിരോധിക്കപ്പെട്ട കുറ്റകൃത്യങ്ങൾ ചെയ്യുന്നവരായിത്തീരുമെന്നും ആണ് അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ചുരുക്കത്തിൽ,

غَيْرِ الْمَغْضُوْبِ عَلَيْهِمْ ❈❈

❈ വിശുദ്ധ ഖുർആൻ 7:130 ; ❈❈ വിശുദ്ധ ഖുർആൻ 1:7

എന്ന് പറഞ്ഞതിന്റെ അർഥം മൂസവി ഉമ്മത്തിന്റെ അവസാനകാലത്ത് അതായത് ഈസാ മസീഹിന്റെ കാലത്ത് ഹദ്റത്ത് മസീഹിനെ കൈകൊള്ളാത്തതുകാരണം ദൈവികക്രോധത്തിനു അവർ ഇരയായിത്തീർന്നിരുന്നു. ആകയാൽ, ഈ ആയത്തിൽ മേൽ സുന്നത്ത് പ്രകാരം, ഉമ്മത്തെ മുഹമ്മദിയ്യയുടെ അവസാനകാലത്തും ഈ ഉമ്മത്തിലും വാഗ്ദത്തമസീഹ് പ്രത്യക്ഷപ്പെടുന്നതാണ്. മുസ്ലിംകളായവർ അദ്ദേഹത്തെ എതിർത്തുകൊണ്ടു മസീഹിന്റെ കാലത്തുണ്ടായിരുന്ന ആ പൂർവ്വ യഹൂദികളോടുള്ള സാദൃശ്യം പുലർത്തുന്നതാണ്. വരാനുള്ള മസീഹ് ഇതേ ഉമ്മത്തിലുള്ള ആളായിരുന്നെങ്കിൽ ഹദീസുകളിൽ അദ്ദേഹത്തിന് ഈസാ എന്ന പേർ എന്തിനു വെച്ചു എന്ന ആക്ഷേപത്തിനു സ്ഥാനമില്ല. ചിലർക്ക് മറ്റുചിലരുടെ പേരുകൾ നൽകുന്നു എന്നുള്ളതാണ് ദൈവത്തിന്റെ രീതി എന്നു സംഭവം തെളിയിച്ചുകാട്ടുന്നു. അബൂജഹലിന്റെ പേർ ഫിർഔൻ എന്നും ഹദ്റത്ത് നൂഹിന്റെ പേർ ആദം രണ്ടാമൻ എന്നും ഹദീസുകളിൽ പറയപ്പെട്ടിട്ടുള്ളതുപോലെ യോഹന്നാന്റെ പേർ ഏലിയാ എന്നും ഇപ്രകാരംതന്നെ പറയപ്പെട്ടിട്ടുണ്ട്. ഈ ദൈവികരീതിയെ ആരും നിഷേധിക്കുന്നില്ല. വരുവാനിരുന്ന മസീഹിനു ആദ്യത്തെ മസീഹിനോടുള്ള ഒരു സാദൃശ്യം ആദ്യത്തെ മസീഹ് അതായത് ഹദ്റത്ത് ഈസാ(അ) ഹദ്റത്ത് മൂസായുടെ കാലംകഴിഞ്ഞു പതിനാല് നൂറ്റാണ്ട് പൂർത്തിയായപ്പോഴാണ് പ്രത്യക്ഷപ്പെട്ടത് എന്നതുപോലെതന്നെ അവസാനത്തെ മസീഹ് തിരുനബി(സ)ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഇപ്രകാരംതന്നെ ഇന്ത്യയിൽ ഇസ്ലാമിക രാജാധികാരം നഷ്ടപ്പെട്ടുകൊണ്ടിരുന്നത് ഇംഗ്ലീഷു ഭരണാധികാരം ശക്തിപ്രാപിച്ചു തുടങ്ങിയതുമായ കാലത്തായിരുന്നു മസീഹ് വെളിപ്പെട്ടത്. ഇസ്രായീലി സാമ്രാജ്യം തകർച്ചയിലാകയും യഹൂദർ റോമാസാമ്രാജ്യത്തിന്റെ കീഴിലാകുകയും ചെയ്ത കാലവുമായിരുന്നു അത്. ഈ ഉമ്മത്തിനുള്ള വാഗ്ദത്ത മസീഹിന് ഈസാനബിയോട് മറ്റൊരു സാദൃശ്യം കൂടിയുണ്ട്. ഈസാ(അ) പൂർണനിലയിൽ ബനീ ഇസ്രായീലിൽപ്പെട്ട ആളായിരുന്നില്ല. മാതാവു മുഖേനയാണ് അദ്ദേഹം ഇസ്രായീല്യനെന്നു അറിയപ്പെട്ടിരുന്നത്. ഇതേപ്രകാരംതന്നെ ഈ വിനീതന്റെ പ്രപിതാമഹികളിൽ ചിലർ സാദാത്ത്മാരാണെങ്കിലും പിതാവ് സയ്യിദ് വംശജനല്ല. ഈസാനബിയെ(അ) സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്നു ഒരു ഇസ്രായീല്യനും പിതാവല്ലാതിരിക്കണം എന്നതാണ് ദൈവം ഇഷ്ടപ്പെട്ടത്. ബനീ ഇസ്രായീല്യരുടെ പാപാധിക്യം നിമിത്തം ദൈവം അവരോട് കടുത്തനിലയിൽ കോപിച്ചിരു

ന്നു എന്നതിനാൽ അവർക്കൊരു താക്കീതെന്നോണം അവരിൽപ്പെട്ട ഒരു കുട്ടിയെ പിതാവിന്റെ ബന്ധമില്ലാത്തനിലയിൽ മാതാവിൽനിന്നു മാത്രമായി അല്ലാഹു ജനിപ്പിച്ചുകൊണ്ട് ഇസ്രായീലി സന്തതിയുടെ രണ്ടു ഭാഗങ്ങളിൽ ഒരു ഭാഗംമാത്രം മസീഹിൽ നിലനിന്നു എന്നു വരുമാറ് അവർക്കൊരു ദൃഷ്ടാന്തം കാണിച്ചുകൊടുത്തു എന്നതത്രേ ഇതിന്റെ രഹസ്യം. വരുവാനുള്ള നബിയിൽ ഇതും* ഉണ്ടായിരിക്കില്ല എന്നതിലേക്കുള്ള ഒരു സൂചനയായിരുന്നു ഇത്. ആകയാൽ, ലോകം അവസാനിക്കുകയാൽ, എന്റെ ഈ ജനനത്തിലും ഒരു സൂചന അടങ്ങിയിരിക്കുന്നു. അതിതാണ്: ഖിയാമത്ത് അടുത്തിരിക്കയാൽ അതുതന്നെ ഖിലാഫത്തിനെ സംബന്ധിച്ചിടത്തോളം ഖുറൈശി വംശത്തിനുള്ള എല്ലാ വാഗ്ദാനങ്ങളെയും അവസാനിപ്പിക്കുന്നതാണ്. ചുരുക്കത്തിൽ, മൂസവി-മുഹമ്മദീ സാദൃശ്യങ്ങളെ പൂർത്തിയാക്കുന്നതിനു ഈ എല്ലാ നിർബന്ധങ്ങളോടും കൂടി വെളിപ്പെടുന്ന ഒരു വാഗ്ദത്ത മസീഹിന്റെ ആവശ്യമുണ്ടായിരുന്നു. ഇസ്‌ലാമി പരമ്പര മൂസാ(അ)ന്റെ സദൃശപുരുഷനിൽ ആരംഭിക്കുകയും ആ പാരമ്പര്യം ഈസാ(അ)ന്റെ സദൃശപുരുഷനിൽ അവസാനിക്കുകയും അന്ത്യത്തിന് ആദ്യത്തിനോടുള്ള സാമ്യം പുലരുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നു. ആകയാൽ, ഇതും എന്റെ സത്യത്തിലേക്കുള്ള ഒരു തെളിവാകുന്നു. എന്നാൽ, ദൈവഭയത്തോടെ ചിന്തിക്കുന്നവർക്ക് മാത്രം!

## വാഗ്ദത്ത മസീഹിന്റെ കാലം

അല്ലാഹു ഇക്കാലത്തെ മുസ്‌ലിംകളിൽ കാരുണ്യം ചൊരിയുമാറാകട്ടെ. അവരിലധികംപേരും വിശ്വാസപരമായ കാര്യങ്ങളിൽ അക്രമത്തിന്റെയും അനീതിയുടെയും പരിധി വിട്ടിരിക്കുന്നു. വിശുദ്ധഖുർആനിൽ ഈസാനബി(അ) മരിച്ചുപോയിരിക്കുന്നു എന്നു അവർ വായിക്കുന്നു. എന്നാലവർ ഈസാനബി(അ) ജീവിച്ചിരിക്കുന്നതായിട്ടാണ് വിശ്വസിക്കുന്നത്. വിശുദ്ധഖുർആൻ സൂറ നൂറിൽ, വരുവാനുള്ള സകല ഖലീഫമാരും ഈ ഉമ്മത്തിൽനിന്നായിരിക്കുമെന്നു വായിക്കുന്നു. എന്നാലവർ ഈസാനബിയെ ആകാശത്തിൽ നിന്നു അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ ഉമ്മത്തിൽവരുന്ന ഈസാനബി(അ) ഈ ഉമ്മത്തിൽനിന്നുള്ള ആളായിരിക്കുമെന്ന് സഹീഹ് ബുഖാരിയിലും സഹീഹ് മുസ്‌ലിമിലും അവർ വായിക്കുന്നു. എന്നാലവർ ഇസ്രായീല്യ

* ഇവിടെ And that the next prophet would be from a totally different nation എന്ന വിശദീകരണാർത്ഥമാണ് മൗലവി മുഹമ്മദലി സാഹിബ് എം.എ.എൽ.എൽ.ബി. തർജമ ചെയ്തിരിക്കുന്നത്. നവംബർ ലക്കം നോക്കുക.- പരി.

നായ ഈസായെ കാത്തിരിക്കുകയാണ് ചെയ്യുന്നത്. ഈസാനബി(അ) വീണ്ടും വരികയില്ലെന്നും വിശുദ്ധഖുർആനിൽ അവർ വായിക്കുന്നു. ഈസാനബി(അ) വീണ്ടും ഈ ലോകത്ത് വരികയില്ലെന്നുള്ള അറിവുണ്ടായിട്ടും അദ്ദേഹത്തെ വീണ്ടും ദുനിയാവിൽ കൊണ്ടുവരാനാണ് അവർ ആഗ്രഹിക്കുന്നത്. ഇതിനുപുറമെ, ഇസ്‌ലാമികവാദം മുഴക്കിക്കൊണ്ടുതന്നെ ഈസാ(അ) ജഡദേഹത്തോടെ ആകാശത്തിലേക്ക് ഉയർത്തപ്പെട്ടുവെന്നു പറയുന്നു. എന്നാൽ, എന്തിനുയർത്തി എന്ന ചോദ്യത്തിന് അവർ ഉത്തരം പറയുന്നില്ല. യഹൂദരുമായുള്ള തർക്കം ആത്മീയമായ ഉയർത്തലിന്റെ കാര്യത്തിൽ മാത്രമായിരുന്നു. കുരിശിൽവെച്ചു മരിച്ചതിനാൽ സത്യവിശ്വാസികളുടെ മാതിരി ഈസാ(അ)ന്റെ ആത്മാവ് ആകാശത്തിലേക്ക് എടുത്തുകൊള്ളപ്പെട്ടില്ല എന്നാണ് അവർ വിശ്വസിക്കുന്നത്. എന്തെന്നാൽ, കുരിശിൽ കൊല്ലപ്പെടുന്നവൻ ശപിക്കപ്പെട്ടവനാണ്. എന്നുവച്ചാൽ, ശപിക്കപ്പെട്ട ഒരാളുടെ ആത്മാവ് സ്വർഗത്തിൽ ദൈവത്തിന്റെ അടുക്കലേക്ക് ഉയർത്തപ്പെടുന്നതല്ല. ഇക്കാര്യത്തിൽ മാത്രമാണ് ഖുർആൻ തീരുമാനം കൽപിക്കേണ്ടതുണ്ടായിരുന്നുള്ളൂ. വിശുദ്ധഖുർആന്റെ വാദം, അത് യഹൂദി നസാറാക്കളുടെ തെറ്റുകളെ വെളിപ്പെടുത്തുന്നു എന്നും അവരുടെ തർക്കങ്ങൾക്ക് തീരുമാനമുണ്ടാക്കുന്നു എന്നുമത്രേ. യഹൂദരുടെ വാദം ഈസാമസീഹ് സത്യവിശ്വാസികളുടെ കൂട്ടത്തിൽപ്പെട്ട ആളല്ല എന്നും അദ്ദേഹത്തിനു മോക്ഷം ലഭിച്ചിട്ടില്ല എന്നും അദ്ദേഹത്തിന്റെ ആത്മാവ് ദൈവത്തിലേക്ക് ഉയർത്തപ്പെട്ടിട്ടില്ല എന്നുമത്രേ. ചുരുക്കത്തിൽ, തീരുമാനിക്കപ്പെടേണ്ട ഒരു പ്രശ്നം ഈസാ മസീഹ് സത്യവിശ്വാസിയും ദൈവത്തിന്റെ സത്യപ്രവാചകനുമാണോ അല്ലയോ എന്നതാണ്. അദ്ദേഹത്തിന്റെ ആത്മാവ് മുഅ്മിനിങ്ങളെപ്പോലെ ദൈവത്തിലേക്ക് ഉയർത്തപ്പെട്ടിട്ടുണ്ടോ ഇല്ലേ എന്നതായിരുന്നു പ്രശ്നം. ഇതുതന്നെയാണ് ഖുർആൻ തീരുമാനമുണ്ടാക്കേണ്ടിയിരുന്ന കാര്യം.

بَلْ رَّفَعَهُ اللّٰهُ اِلَيْهِ *

(എന്നാൽ അല്ലാഹു അദ്ദേഹത്തെ അവങ്കലേക്ക് ഉയർത്തി എന്നതിന്റെ അർഥം അല്ലാഹു ഹദ്റത്ത് ഈസായെ ജഡദേഹത്തോടുകൂടി രണ്ടാം ആകാശത്തേക്ക് ഉയർത്തി എന്നാണെങ്കിൽ ഈ പ്രവർത്തനം കൊണ്ട് പ്രസ്തുത തർക്കത്തിന് പരിഹാരം എങ്ങനെയുണ്ടായി? ദൈവം ഈ തർക്കത്തിന്റെ അടിസ്ഥാനപ്രശ്നം മനസ്സിലാക്കുകതന്നെ ചെയ്തിട്ടില്ലെന്നാണോ? യഹൂദികളുടെ അവകാശവാദവുമായി യാതൊ

* വിശുദ്ധ ഖുർആൻ 4:159

രു ബന്ധവുമില്ലാത്ത തീരുമാനം ദൈവം പ്രഖ്യാപിക്കുകയാണോ ഉണ്ടായത്? ഈസായുടെ ഉയർത്തപ്പെടൽ അല്ലാഹുവിലേക്കാണ് എന്ന് ആയത്തിൽ വ്യക്തമായി പറയുന്നു. മഹത്ത്വവാനും പ്രതാപവാനുമായ അല്ലാഹു രണ്ടാം ആകാശത്തിൽ കുത്തിയിരിക്കയാണോ? മോക്ഷത്തിനു, സത്യവിശ്വാസത്തിനു ജഡശരീരത്തോടെ ഉയർത്തപ്പെടേണ്ടത് ഒരവശ്യോപാധിയായിരുന്നുവോ?

بَلْ رَّفَعَهُ اللّٰهُ إِلَيْهِ

എന്ന ആയത്തിൽ ആകാശത്തെപ്പറ്റി പരാമർശിച്ചിട്ടേ ഇല്ല! ഈ ആയത്തിൽ ദൈവം മസീഹിനെ തന്റെയടുക്കലേക്ക് ഉയർത്തി എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. ഹദ്റത്ത് ഇബ്രാഹിം(അ)നെയും ഹദ്റത്ത് ഇസ്ഹാഖ്, ഹദ്റത്ത് യഅ്ഖൂബ്, ഹദ്റത്ത് മൂസാ എന്നിവരെയും ഹദ്റത്ത് റസൂൽകരീം(സ) തിരുമേനിയെയും നഊദുബില്ലാഹ് വേറെ വല്ലയിടത്തുമാണോ ഉയർത്തിക്കൊണ്ടുപോയിരുന്നത്? അല്ലാഹുവിന്റെ അടുക്കലേക്ക് അല്ലേ? എന്ന് ഇവർ വ്യക്തമാക്കിത്തരേണ്ടതാകുന്നു. ഞാൻ ഇവിടെ ഉറപ്പിച്ചുപറയുന്നു. ഈ ആയത്തിനെ മസീഹുമായി പ്രത്യേകപ്പെടുത്തുന്നത് അതായതു رفع الی اللہ എന്നതിനെ ഈസാനബിക്കു മാത്രമുള്ള ഒരനുഭവമായി പ്രത്യേകപ്പെടുത്തുന്നതും മറ്റു നബിമാരെ ഇതിൽനിന്നു പുറത്തു നിറുത്തുന്നതും കുഫ്റ് ആയ പ്രസ്താവനയാകുന്നു. ഇതിനേക്കാൾ വലിയ മറ്റൊരു കുഫ്റ് ഉണ്ടാകയില്ല. എന്തെന്നാൽ, അത്തരം അർഥങ്ങൾ നൽകി ഹദ്റത്ത് ഈസായെ മറ്റു നബിമാരിൽനിന്നു പ്രത്യേകപ്പെടുത്തുന്ന കാര്യത്തിൽ സകല നബിമാരുടെയും ''റഫ്അ്' (ഉയർത്തപ്പെടൽ)കൊണ്ട് മറുപടി നൽകപ്പെട്ടുകഴിഞ്ഞിരിക്കുന്നു. എന്നാൽ, തിരുനബി(സ) മിഅ്റാജിൽനിന്ന് തിരിച്ചുവന്ന് അദ്ദേഹത്തിന്റെ ''റഫഅ്'നെപ്പറ്റി സാക്ഷ്യം നൽകി. ഹദ്റത്ത് ഈസായുടെ റഫ്അ്നെപറ്റിയുള്ള പരാമർശം യഹൂദന്മാർക്കുള്ള താക്കീതും ഉയർത്തലിനെപ്പറ്റിയുള്ള അവരുടെ ആക്ഷേപത്തിനു മറുപടിയും മാത്രമായിട്ടുള്ളതായിരുന്നു. അല്ലെങ്കിൽ ഈ ഉയർത്തൽ സകല അമ്പിയാക്കന്മാർക്കും മുഅ്മിനുകൾക്കും പൊതുവായിട്ടുള്ളതും മരണത്തിനുശേഷം എല്ലാ ഓരോ മുഅ്മിനും ഉയർത്തപ്പെടുന്നതുമാണല്ലോ.

ഖുർആനിൽ

هٰذَا ذِكْرٌ ۚ وَإِنَّ لِلْمُتَّقِينَ لَحُسْنَ مَآبٍ ۔ جَنّٰتِ عَدْنٍ مُّفَتَّحَةً لَّهُمُ الْأَبْوَابُ ❋

❋ വിശുദ്ധ ഖുർആൻ 38:51

“ഇതൊരു മുന്നറിയിപ്പ്. സാത്വികർക്ക് നിശ്ചയമായും മഹത്തര മായ പിൻമടക്കമുണ്ടാകും. ശാശ്വതമായ പൂന്തോട്ടം; വാതിലുകളെല്ലാം അവർക്കായി തുറക്കപ്പെട്ടനിലയിൽ” എന്ന ആയത്തിൽ ഈ “റഫ അ്’നെ കുറിച്ചുള്ള സൂചനയാണ് അടങ്ങിയിരിക്കുന്നത്. എന്നാൽ കാഫിറിന് “റഫഅ്’ ഉണ്ടാകുന്നതല്ല.

لَا تُفَتَّحُ لَهُمْ اَبْوَابُ السَّمَآءِ ❋

“ആകാശത്തിന്റെ വാതിലുകൾ അവർക്കായി തുറക്കപ്പെടുകയില്ല” എന്നതും ഇതുതന്നെ സൂചിപ്പിക്കുന്നു.

എനിക്കു മുമ്പ് ഇക്കാര്യത്തിൽ തെറ്റു ചെയ്തുപോയവർക്ക് ആ തെറ്റ് മാപ്പ് ചെയ്യപ്പെടും. എന്തുകൊണ്ടെന്നാൽ, അവർ ഉണർത്തപ്പെ ട്ടിരുന്നില്ല. അവർ ദൈവവാക്യത്തിന്റെ സത്യമായുള്ള അർഥം ധരിപ്പി ക്കപ്പെട്ടിരുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ ഉണർത്തിയിരിക്കുന്നു. ശരിയായിട്ടുള്ള അർഥം പറഞ്ഞുതന്നിരിക്കുന്നു. ഞാൻ വന്നിട്ടില്ലായി രുന്നെങ്കിൽ ആചാരപരമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള ആബദ്ധ്യം ഒരു ഒഴികഴിവായി പറയാമായിരുന്നു. എനിക്കുവേണ്ടി ആകാശവും സാക്ഷ്യം നൽകി. ഭൂമിയും സാക്ഷ്യം നൽകി. ഈ ഉമ്മ ത്തിലെ ചില ഔലിയാക്കൾ എന്റെ പേരിനെപ്പറ്റിയും എന്റെ നാട്ടിന്റെ പേരിനെപ്പറ്റിയും മുൻകൂട്ടി പറഞ്ഞുതന്നുകൊണ്ട് ഞാൻതന്നെയാണ് മസീഹ് മൗഊദ് എന്നു സാക്ഷ്യം നൽകി. സാക്ഷ്യം നൽകിയിട്ടുള്ള വരിൽ ചിലർ എന്റെ ആഗമനത്തിന് 30 വർഷം മുമ്പ് ലോകത്തുനി ന്ന് കഴിഞ്ഞുകടന്നവരാണ്. അവരുടെ സാക്ഷ്യങ്ങൾ ഞാൻ പ്രസിദ്ധം ചെയ്തിരിക്കുന്നു. ലക്ഷക്കണക്കിന് മുരീദന്മാരുള്ള മഹാത്മാക്കൾ അല്ലാഹുവിൽനിന്നു വെളിപാടു ലഭിക്കയാലും സ്വപ്നങ്ങളിൽ തിരുന ബി(സ) നിർദേശിച്ചതുകേട്ടും എന്നെ സത്യപ്പെടുത്തി. ആയിരക്കണക്കിന് അടയാളങ്ങൾ ഇതിനകം ഞാൻ മുഖേന വെളിപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ പരിശുദ്ധ നബിമാർ എന്റെ സമയവും എന്റെ കാലവും നിർണയിച്ചു പറഞ്ഞു. നിങ്ങൾ ചിന്തിക്കുന്നപക്ഷം നിങ്ങളുടെ കൈക ളും നിങ്ങളുടെ കാലുകളും നിങ്ങളുടെ ഹൃദയവും എനിയ്ക്കുവേണ്ടി സാക്ഷ്യം പറയുന്നു എന്നു ബോധ്യപ്പെടും. എന്തുകൊണ്ടെന്നാൽ, ബലഹീനതകൾ അതിരുകടന്നുപോയി. അധികംപേരും ഈമാന്റെ രുചി മറന്നുകളഞ്ഞു. എത്തരത്തിലുള്ള ബലക്ഷയവും കഴിവുകേടും ലൗകികതയും അന്ധകാരവുമാണോ ഈ സമുദായം പുൽകിയിരിക്കു

❋ വിശുദ്ധ ഖുർആൻ 7:41

ന്നത് ഈ അവസ്ഥതന്നെ ആരെങ്കിലും എഴുന്നേറ്റ് ഇവർക്ക് നേതൃത്വം നൽകണമെന്ന് ആവശ്യപ്പെടുന്നുണ്ടായിരുന്നു. ഇതിനിടയിൽ ദജ്ജാൽ എന്ന് ഇവർ എനിക്കു പേർ നൽകുന്നു. ഏറ്റവും ദുരന്തപൂർണമായ അവസ്ഥയിലായിരുന്നിട്ടും ഇത്തരമൊരു കാലഘട്ടത്തിൽ ഇവരിൽ ഒരു ദജ്ജാൽ ആണ് അയക്കപ്പെട്ടിട്ടുള്ളതെങ്കിൽ ഈ സമുദായം എത്ര മാത്രം ഭാഗ്യംകെട്ട സമുദായമായിരിക്കണം! ആഭ്യന്തരമായ ഈ മഹാ നാശത്തിന്റെ കാലത്ത് ആകാശത്തുനിന്നു മറ്റൊരു മഹാനാശമാണ് ഇറക്കപ്പെടുന്നതെങ്കിൽ ഇതെത്രമേൽ ദുർഭഗമായ ഒരു ജനതയായി രിക്കണം. ഇവൻ ശപിക്കപ്പെട്ടവനാണെന്നും അവിശ്വാസിയാണെന്നും ഇവർ ഘോഷിക്കുന്നു. ഈ പദം തന്നെയല്ലേ ഹദ്റത്ത് ഈസാ(അ) നെക്കുറിച്ചും പറയപ്പെട്ടിരുന്നത്? അവിശുദ്ധരായ യഹൂദികൾ ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്? എന്നാൽ ഖിയാമത്തിൽ ജഹന്നം രുചി ച്ചറിയുന്നവർ പറയും:

مَا لَنَا لَا نَرٰى رِجَالًا كُنَّا نَعُدُّهُمْ مِّنَ الْاَشْرَارِ *

“നാം വികൃതികളെന്നു കരുതിയിരുന്നവരെയൊന്നും നരകത്തിൽ നാം കാണുന്നില്ലല്ലോ. ഞങ്ങൾക്കെന്തുപറ്റി?” എന്ന്. ദൈവനിയുക്ത രോടെല്ലാം എക്കാലത്തും ലോകർ ശത്രുതയാണ് പുലർത്തിയത്. എന്തു കൊണ്ടെന്നാൽ, ലോകത്തെ പ്രിയപ്പെടുന്നതും ദൈവത്തിന്റെ പ്രവാച കരെ പ്രിയപ്പെടുന്നതും ഒരിക്കലും ഒരിടത്തു ഒരുമിച്ചുചേരുകയില്ല. നി ങ്ങൾ ലോകത്തെ പ്രിയപ്പെടുന്നില്ലെങ്കിൽ നിങ്ങൾക്ക് എന്നെ കാണാൻ കഴിയും; ഇപ്പോൾ നിങ്ങൾക്ക് എന്നെ കാണാൻ കഴിയുകയില്ല!

## “റഫഅ്’ന്റെ ശരിയായ അർഥം

ഇതിനുപുറമെ, ** بَلْ رَّفَعَهُ اللّٰهُ اِلَيْهِ “എന്നാൽ അദ്ദേഹത്തെ അല്ലാ ഹു അവങ്കലേക്കു ഉയർത്തി” എന്ന ആയത്തിന് ഹദ്റത്ത് ഈ സാ(അ) രണ്ടാം ആകാശത്തേക്ക് എടുത്തുകൊള്ളപ്പെട്ടു എന്നാണ് അർഥ മെങ്കിൽ ഈ പ്രശ്നത്തിലെ അടിസ്ഥാനപരമായ തർക്കത്തിനു പ രിഹാരം മറ്റേതു ആയത്തിലാണ് വിവരിച്ചിട്ടുള്ളതെന്നു പറഞ്ഞുത രേണ്ടിയിരിക്കുന്നു. യഹൂദികൾ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടല്ലോ. അദ്ദേഹം സത്യവിശ്വാസിയും സത്യവാനും ആണെന്ന അർഥത്തിൽ ഈ ആരോപണത്തെ അവർ സമ്മതിച്ചുതരാൻ കൂട്ടാക്കുന്നില്ല. സംശ യമുണ്ടെങ്കിൽ ജൂതപണ്ഡിതന്മാരോടു ചെന്നു ചോദിക്കുക. ആത്മാവ്

* വിശുദ്ധ ഖുർആൻ 38:63 ; ** വിശുദ്ധ ഖുർആൻ 4:158

ജഡത്തോടെ ആകാശത്തേക്ക് ഉയർന്നുപോകുന്നില്ല എന്നല്ലേ അവർ കുരിശുമരണം കൊണ്ട് അർഥമാക്കുന്നത്? കുരിശിൽ കൊല്ലപ്പെട്ട ഒരാൾ ശപിക്കപ്പെട്ടു എന്നാണ് അവർ ഏകകണ്ഠമായി വിശ്വസിക്കുന്നത്. ഇക്കാരണത്താൽതന്നെയാണ് അല്ലാഹു ഖുർആനിൽ യേശുവിന്റെ കുരിശുമരണത്തെ നിഷേധിച്ചുകൊണ്ട്

وَمَا قَتَلُوْهُ وَمَا صَلَبُوْهُ وَلٰكِنْ شُبِّهَ لَهُمْ ط

എന്ന ആയത്തിൽ قَتَلُوْهُ എന്ന പദം കൂട്ടിച്ചേർത്തത്. കുരിശിൽ കയറ്റപ്പെടുന്നതുകൊണ്ടു മാത്രം ശാപത്തിനു വിധേയനായിത്തീരുന്നില്ല. മറിച്ച്, കുരിശിന്മേൽ കയറ്റുകയും കൊല്ലുവാനുള്ള ഉദ്ദേശ്യം ഉറപ്പിച്ചുകൊണ്ട് കാലെല്ലുകൾ ഉടയ്ക്കുകയും അങ്ങനെ കൊല്ലുകയും ചെയ്താൽ ആ മരണം ആണ് ശപിക്കപ്പെട്ട മരണം ആയിത്തീരുന്നത്. എന്നാൽ, കുരിശിന്മേൽ കയറിയതുകൊണ്ടുമാത്രം യേശുവിന്റെ മരണം സംഭവിച്ചില്ല. യഹൂദന്മാരുടെ ഹൃദയത്തിൽ അദ്ദേഹം മരിച്ചുപോയി എന്നൊരു സംശയം ഉടലെടുത്തിരുന്നു എന്നതു ശരിതന്നെയാണ്. ഇതേ ചതിയാണ് ക്രിസ്ത്യാനികൾക്കും പിണഞ്ഞത്. അദ്ദേഹം മരിച്ചുപോയെന്നും മരിച്ചശേഷം വീണ്ടും ജീവിച്ചു എന്നും അവർ കരുതുന്നു. അദ്ദേഹം കുരിശിലെ അനുഭവങ്ങളാൽ ബോധരഹിതനായിപ്പോയിരുന്നു എന്നതത്രേ യാഥാർഥ്യം. ''ശുബ്ബിഹലഹും' എന്നതിന്റെ അർഥവും ഇതാകുന്നു.

## മർഹമെ ഈസാ

ഈ സംഭവത്തോടനുബന്ധിച്ചുള്ള ''മർഹമെ ഈസാ'യുടെ ചാർത്ത് (prescription) ഒരു വലിയ സാക്ഷ്യം തന്നെയാകുന്നു. നൂറ്റാണ്ടുകളായി അബ്രാനികളുടെയും റോമാക്കാരുടെയും ഗ്രീക്കുകാരുടെയും മുസ്‌ലിംകളുടെയും ഔഷധശാസ്ത്രഗ്രന്ഥങ്ങളിൽ തുടർന്നുവന്നിട്ടുള്ള വൈദ്യശാസ്ത്രകുറിപ്പാണിത്. അതിനെക്കുറിച്ചുള്ള വിവരണങ്ങളിൽ പറയുന്നത്, ഹദ്റത്ത് ഈസായ്ക്ക് വേണ്ടിയാണ് ഈ ചാർത്തു തയ്യാറാക്കിയിരുന്നതെന്നത്രേ.

ഏതായാലും അല്ലാഹു ഹദ്റത്ത് മസീഹിനെ ജഡത്തോടെ ആകാശത്തേക്കു കരേറ്റിയെന്നത് അങ്ങേയറ്റം ജുഗുപ്സാവഹമായ ഒരു വിശ്വാസമാകുന്നു. യഹൂദികൾ ഈസായെ വീണ്ടും പിടികൂടുമോ എന്ന് അവർ പേടിച്ചിരുന്നു. ഈ തർക്കത്തിന്റെ അടിസ്ഥാനവശം മനസ്സിലാക്കിയിട്ടില്ലാത്തവരാണ് ഇത്തരം കാര്യങ്ങൾ പ്രചരിപ്പിച്ചത്. അപ്രകാര

മുള്ള ചിന്താഗതികൾ ഹദ്റത്ത് റസൂൽ കരീം(സ) തിരുമേനിക്ക് അപ മാനകരമാകുന്നു. എന്തെന്നാൽ, അവിശ്വാസികളായ ഖുറൈശികൾ തിരുമേനിയിൽനിന്ന് ആവശ്യപ്പെട്ടിരുന്നത്, തങ്ങളുടെ കണ്മുമ്പാകെ ആകാശത്തിലേക്ക് കയറി കിത്താബുംകൊണ്ട് ഇറങ്ങിവരിക എന്ന അദ്ഭുത പ്രവൃത്തിയാണ്. അങ്ങനെയാണെങ്കിൽ തങ്ങൾ വിശ്വസിക്കാം എന്നവർ പറഞ്ഞു. അവർക്കു നൽകിയ മറുപടി എന്തായിരുന്നു?

قُلْ سُبْحَانَ رَبِّي هَلْ كُنتُ إِلَّا بَشَرًا رَّسُولًا ❋

''ഞാനൊരു മനുഷ്യൻ മാത്രം. അല്ലാഹു അതിൽനിന്നെല്ലാം പരി ശുദ്ധനാകുന്നു. അവൻ വാഗ്ദത്തത്തിനു എതിരായി മനുഷ്യനെ ആകാ ശത്തിലേക്ക് ഉയർത്തുകയില്ല. എല്ലാ മനുഷ്യനും ഭൂമിയിൽ തന്നെ ജീവിക്കണം എന്നത് അവന്റെ നിയമമത്രേ. എന്നാൽ, മസീഹിനെ ആകാശത്തിലേക്ക് അവർ ജഡദേഹത്തോടെ കരേറ്റിയിരിക്കുന്നു:

فِيهَا تَحْيَوْنَ وَفِيهَا تَمُوتُونَ وَمِنْهَا تُخْرَجُونَ ❋❋

എന്ന വാക്യത്തിൽ പറഞ്ഞ വാഗ്ദത്തം പാലിച്ചില്ലത്രേ.

തങ്ങൾക്ക് ഒരു വാഗ്ദത്ത മസീഹിലും വിശ്വസിക്കേണ്ട കാര്യമി ല്ലെന്നും ഈസാ(അ) മരിച്ചുപോയി എന്നു തങ്ങൾ വിശ്വാസം കൊണ്ടിരി ക്കുന്നു എന്നും ചിലർ കരുതുന്നു. എന്നാൽ നാം മുസ്ലിംകളാണ്. നമസ്കാരമനുഷ്ഠിക്കുകയും നോമ്പ് നോൽക്കുകയും ചെയ്യുന്നു. ഇസ്ലാമിക ശാസനകൾ അനുസരിച്ച് ജീവിക്കുന്നു എന്നിരിക്കെ മറ്റാരുടെയെങ്കിലും ആവശ്യമുണ്ടോ എന്നിവർ ചോദിക്കുന്നു. ഇത്തര ത്തിൽ ചിന്തിക്കുന്നവർ വലുതായ തെറ്റിലാണ് അകപ്പെട്ടിരിക്കുന്നത്. ഒന്നാമതായിതന്നെ, അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകളെ അനുസരിക്കാത്തപക്ഷം തങ്ങൾ മുസ്ലിംകളാണെന്ന് ഇവർക്കെങ്ങനെ അവകാശപ്പെടാൻ കഴിയും? വാഗ്ദത്തം ചെയ്യപ്പെട്ട ഇമാം വെളിപ്പെട്ടാൽ നിങ്ങൾ അല്പംപോലും താമസിയാതെ അദ്ദേഹത്തിന്റെ അടുക്കലേക്ക് ഓടുക. നിങ്ങൾക്ക് നിലത്തിലൂടെ മുട്ടുകളിൽ ഇഴഞ്ഞുനീങ്ങേണ്ടിവ ന്നാലും നിങ്ങൾ എങ്ങനെയെങ്കിലും അദ്ദേഹത്തെ പ്രാപിച്ചുകൊള്ളുക എന്നാണ് കല്പന. എന്നാൽ ഇതിന്നെതിരിൽ എല്ലാം അഗണ്യകോ ടിയിൽ തള്ളുന്ന മനോഭാവമാണ് വെളിപ്പെടുത്തുന്നത്. ഇതാണോ ഇസ്ലാം? ഇതാണോ മുസ്ലിമിന്റെ അവസ്ഥ?

ഇതിനെല്ലാം പുറമെ, കഠിനമായ ശകാരങ്ങൾ ഇവർ എനിക്കെ

❋ വിശുദ്ധ ഖുർആൻ 17:94 ; ❋❋ വിശുദ്ധ ഖുർആൻ 7:26

തിരെ പ്രയോഗിക്കുന്നു. കാഫിറെന്നു പറയുന്നു. ദജ്ജാലെന്നു വിളിക്കുന്നു. എന്നെ വേദനിപ്പിക്കുന്നവർ വലുതായ നന്മയാണ് ചെയ്യുന്നതെന്നാണിവർ കരുതുന്നത്. എന്നെ കള്ളനെന്നും കപടനെന്നും പറയുന്നവർ തങ്ങൾ ദൈവത്തെ തൃപ്തിപ്പെടുത്തിയിരിക്കയാണെന്നാണ് കരുതുന്നത്.

## ദൈവദൂതർ അതുല്യന്മാർ

സഹനത്തിന്റെയും ഭയഭക്തിയുടെയും പാഠങ്ങൾ നൽകപ്പെട്ടിരുന്ന അല്ലയോ ജനങ്ങളേ, നിങ്ങൾക്ക് ഒരു ദൈവദൂതനെ നിരാകരിക്കാനുള്ള ധൃതിപ്പാടും ദുർഭാവനയും പഠിപ്പിച്ചുതന്നതാരാണ്? ഏതൊരു ദൃഷ്ടാന്തമാണ് ദൈവം വെളിപ്പെടുത്തീട്ടില്ലാത്തത്? ദൈവം മുന്നോട്ടുവച്ചിട്ടില്ലാത്ത ന്യായവാദം ഏതൊന്നാണ്? പക്ഷേ, നിങ്ങൾ ഓരോ ദൃഷ്ടാന്തത്തെയും ഓരോ തെളിവിനെയും നെഞ്ചൂക്കോടെ തള്ളിക്കളഞ്ഞു. ഈ കാലഘട്ടത്തിലെ സൂത്രശാലികളായ ജനത്തെ ഞാൻ ആരോടു സാമ്യപ്പെടുത്തേണ്ടു? നട്ടുച്ചനേരത്ത് കണ്ണുകൾ ചിമ്മിക്കൊണ്ടു സൂര്യൻ എവിടെ എന്നു ചോദിക്കുന്ന കുബുദ്ധികൾക്ക് തുല്യരാണിവർ. സ്വന്തം ആത്മാക്കളെ വഞ്ചിക്കുന്നവരേ, ആദ്യം നിങ്ങൾ കണ്ണുകൾ തുറക്കുവിൻ. അപ്പോൾ നിങ്ങൾക്ക് സൂര്യനെ കാണുമാറാകും. ഒരു ദൈവദൂതനെ കാഫിറെന്നു പറയുക എളുപ്പമാണ്. എന്നാൽ, സത്യവിശ്വാസത്തിന്റെ സൂക്ഷ്മങ്ങളായ വഴികളിലൂടെ ആ ദൈവദൂതനെ പിന്തുടരുക പ്രയാസപൂർണമായ കാര്യമാകുന്നു. ദൈവപ്രേഷിതനെ ദജ്ജാൽ എന്നു വിളിക്കുവാൻ നിഷ്പ്രയാസം കഴിയും. എന്നാൽ, അദ്ദേഹത്തിന്റെ ഉപദേശങ്ങളനുസരിച്ച് ഇടുങ്ങിയ വാതിലുകളിലൂടെ കടന്നുപോകുകയെന്നതാകട്ടെ, വളരെ ദുഷ്കരമായ കൃത്യമാകുന്നു. തനിക്ക് മസീഹ് മൗഊദിനെ കാര്യമല്ല എന്നു പറയുന്നവരാരോ അവൻ ''ഈമാൻ' ഗണ്യമാക്കാത്തവനാകുന്നു. അത്തരക്കാർ യഥാർഥമായ സത്യവിശ്വാസത്തെയും യഥാർഥമായ മോക്ഷത്തെയും യഥാർഥമായ വിശുദ്ധിയെയും കുറിച്ച് വിവരമില്ലാത്തവരാകുന്നു. അവർ അല്പമെങ്കിലും നീതി കാണിക്കുകയാണെങ്കിൽ, തങ്ങളുടെ യഥാർഥമായ ഉള്ള വസ്ഥകളെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ ദൈവത്തിന്റെ ദൂതന്മാരും നബിമാരും മുഖേന ഇറങ്ങുന്ന പുതിയ ''യഖീൻ' (ദൃഢവിശ്വാസം) ഇല്ലാത്തപക്ഷം അവരുടെ നമസ്കാരങ്ങൾ ആചാരശീലങ്ങൾ മാത്രവും അവരുടെ വ്രതാനുഷ്ഠാനങ്ങൾ വെറും പട്ടിണിയിടൽ ആണെന്നും അവർക്ക് മനസ്സിലാക്കാനാകും. ദൈവത്തിന്റെ അനുഗ്രഹത്താലും കാരുണ്യത്താലും അവനെക്കുറിച്ചുള്ള ദിവ്യജ്ഞാനം (മഅ്രിഫത്ത്)

ആർജ്ജിച്ചിട്ടില്ലാത്തേടത്തോളവും അവനിൽനിന്നുതന്നെ ശക്തിനേടാത്തിടത്തോളവും പാപത്തിൽനിന്നു മോചനം പ്രാപിക്കാനായി യഥാർഥനിലയിൽ ദൈവത്തെ സ്നേഹിക്കുകയോ യുക്തമാംവിധം അവനെ ഭയപ്പെടുകയോ ചെയ്യാൻ സാധ്യമല്ല എന്നതത്രേ സത്യം. ലോകത്തുള്ള സകല വസ്തുക്കളോടും മനുഷ്യൻ മനസ്സ് വെക്കുന്നതും അവയെ പ്രിയപ്പെടുന്നതും അവയോടു ഭയം പുലർത്തുന്നതും അവയിൽനിന്നു ഓടിയകലുന്നതും മനുഷ്യന്റെ ഹൃദയത്തിൽ ഉടലെടുക്കുന്ന അറിവിന്റെ അടിസ്ഥാനത്തിലാകുന്നു. ദൈവത്തിൽനിന്നുള്ള അനുഗ്രഹം ഇല്ലാത്തിടത്തോളം ദൈവത്തെക്കുറിച്ചുള്ള ദിവ്യജ്ഞാനം കൈവരികയോ അതു പ്രയോജനപ്പെടുകയോ ഇല്ല. ദൈവാനുഗ്രഹത്തിലൂടെയാണ് ജ്ഞാനം കൈവരുന്നത്. അപ്പോൾ ആ ജ്ഞാനം മുഖേന സത്യദർശനത്തിന്റെയും സത്യതല്പരതയുടെയും ഒരു വാതിൽ തുറന്നുകിട്ടുന്നു. പിന്നെ, അടിക്കടിയായുള്ള അനുഗ്രഹം മുഖേനതന്നെ ആ വാതിൽ തുറന്നു കിടക്കുമാറാകയും അടഞ്ഞുപോകാതിരിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, ദിവ്യജ്ഞാനം ദൈവാനുഗ്രഹം മുഖേനയാണ് ലഭ്യമാകുന്നതും നിലനില്ക്കുന്നതും. ദൈവാനുഗ്രഹം ദൈവജ്ഞാനത്തെ അതിനിർമലവും ദീപ്തവും ആക്കിത്തീർക്കുന്നു. ഇടയിൽ നിന്നു മറകളെയെല്ലാം നീക്കിക്കളയുകയും ചെയ്യുന്നു. പാപപ്രവണമായ ആത്മാവിന് (നഫ്സ് അമ്മാറ) വേണ്ടി പൊടിപടലങ്ങളെയെല്ലാം അകറ്റിക്കളയുകയും ആത്മാവിന് ഓജസ്സും ജീവനും പ്രദാനം ചെയ്യുകയും ചെയ്യുന്നു. "നഫ്സ് അമ്മാറ'യെ പാപത്തിന്റെ ബന്ധനത്തിൽനിന്ന് അതു മോചിപ്പിക്കുകയും ദുരാഗ്രഹങ്ങളുടെ വൃത്തികേടുകളിൽനിന്നു ശുദ്ധീകരിക്കുകയും ശാരീരികവികാരങ്ങളുടെ വേലിയേറ്റങ്ങളിൽനിന്നു പുറത്തുകൊണ്ടുവരികയും ചെയ്യുന്നു. അപ്പോൾ മനുഷ്യനിൽ ഒരു പരിവർത്തനം സംജാതമാകുകയും അവൻ പാപപങ്കിലമായ ജീവിതത്തോട് സ്വാഭാവികമായിത്തന്നെ വിരക്തനായിഭവിക്കുകയും ചെയ്യുന്നു.

## ദുആ അഥവാ പ്രാർഥന

ദിവ്യാനുഗ്രഹം മുഖേന ആത്മാവിൽ ഉണ്ടാകുന്ന ആദ്യത്തെ ചലനം പ്രാർഥന ആകുന്നു. നിത്യവും ഞാൻ പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവല്ലൊ. ഞാൻ അനുഷ്ഠിക്കുന്ന മുഴുവൻ നമസ്കാരവും പ്രാർഥന തന്നെയാണല്ലോ എന്നിങ്ങനെ ഒരിക്കലും വിചാരിച്ചുപോകരുത്. എന്തെന്നാൽ, ദിവ്യജ്ഞാനം (മഅ്രിഫത്ത്) ലഭിച്ചശേഷവും ദിവ്യാനുഗ്രഹത്തിലൂടെയും ചെയ്യുന്ന പ്രാർഥന മറ്റൊരു നിറത്തിലും

മറ്റൊരവസ്ഥയിലും ഉള്ളതാകുന്നു. അത് സ്വയം നാശം വരുത്തുന്ന ഒന്നാകുന്നു. അത് ആത്മാവിനെ ഉരുക്കിക്കളയുന്ന തീയാകുന്നു. അത് അനുഗ്രഹത്തെ (റഹ്മത്തിനെ) ആകർഷിച്ചടുപ്പിക്കുന്ന കാന്തശക്തിയാകുന്നു. അത് ജീവൻ നൽകുന്ന ഒരുതരം മരണമാകുന്നു. അതൊരു രക്ഷാനൗകയായി മാറുന്ന ഉഗ്രമായ പ്രളയമാകുന്നു. എല്ലാ ദുർഘടതകൾക്കും പരിഹാരമുണ്ടാകുന്നു. എല്ലാ വിഷവും അതുമുഖേന ഒടുവിൽ അമൃതമായി മാറുകയും ചെയ്യുന്നു.

പ്രാർഥനയിൽ തളർച്ച പറ്റാത്ത തടവുപുള്ളി അനുഗ്രഹിക്കപ്പെട്ടവനത്രേ. എന്തെന്നാൽ, ഒരു നാൾ അയാൾ മോചനം പ്രാപിക്കുന്നു. ദുആകളിൽ ആലസ്യം കാട്ടാത്ത അന്ധനും അനുഗൃഹീതനാകുന്നു. എന്തെന്നാൽ, ഒരുനാൾ അയാൾക്ക് കാഴ്ച ലഭിക്കുമാറാകുന്നു. ഖബറുകളിലായിരിക്കെ പ്രാർഥനകളിൽ മുഴുകി ദൈവസഹായം കാംക്ഷിക്കുന്നവർ അനുഗൃഹീതരാകുന്നു. എന്തെന്നാൽ, ഒരു നാൾ ഖബറുകളിൽനിന്ന് പുറത്തുവരുമാറാകുന്നു.

പ്രാർഥനയിൽ ഒരിക്കലും ആലസ്യം കാട്ടാതിരിക്കുമ്പോൾ നിങ്ങൾ അനുഗൃഹീതരാകുന്നു. നിങ്ങളുടെ ആത്മാവ് പ്രാർഥനയ്ക്കായി ഉരുകുകയും നിങ്ങളുടെ നയനങ്ങളിൽനിന്നു കണ്ണീരൊലിക്കുകയും നിങ്ങളുടെ നെഞ്ചകത്ത് ഒരു അഗ്നി അങ്കുരിക്കുകയും ചെയ്യുന്നു. അത് ഏകാന്തതയുടെ രുചി അറിയിക്കുന്നതിനു ഇരുട്ടുള്ള മുറികളിലേക്കും വിജനമായ വനങ്ങളിലേക്കും നിങ്ങളെ കൊണ്ടെത്തിക്കുന്നു. അതു നിങ്ങളെ അസ്വസ്ഥരും ഭ്രമചിത്തരും ആക്കിമാറ്റുന്നു. അങ്ങനെയാണ് ഒടുവിലായി നിങ്ങളിൽ അനുഗ്രഹം ചൊരിയപ്പെടുക. ഞാൻ നിങ്ങളെ ഏതൊരു ദൈവത്തിലേക്ക് വിളിക്കുന്നുവോ അവൻ അങ്ങേയറ്റം ഉദാരനും കാരുണ്യവാനും ആകുന്നു. അവൻ ലജ്ജാലുവും സത്യസന്ധനും കൂറുള്ളവനും വിനയം കാട്ടുന്നവരിൽ കരുണ ചൊരിയുന്നവനും ആകുന്നു. അതിനാൽ, നിങ്ങളും കൂറുള്ളവരായിരിക്കുവിൻ. പൂർണമായ സത്യസന്ധതയോടും കൂറോടും കൂടി പ്രാർഥിക്കുവിൻ. അവൻ കാരുണ്യം ചൊരിയാൻവേണ്ടി നിങ്ങൾ ഈ ലോകത്തിലെ ആരവങ്ങളിൽനിന്നും ആഘോഷങ്ങളിൽനിന്നുമെല്ലാം അകന്നിരിക്കുവിൻ. നിങ്ങൾ തമ്മിലുള്ള വ്യക്തിപരമായ കലഹങ്ങളുടെ നിറം ദീനിന്റെ കാര്യങ്ങൾക്ക് നിങ്ങൾ നൽകാതിരിക്കുവിൻ. അല്ലാഹുവിനുവേണ്ടി നിങ്ങൾ പരാജയം കൈവരിക്കുകയും തോറ്റുകൊടുക്കുകയും ചെയ്യുവിൻ. വലിയ വലിയ വിജയങ്ങൾക്ക് നിങ്ങൾ അവകാശികളായിത്തീരാൻ വേണ്ടിത്തന്നെ. പ്രാർഥന നടത്തുന്നവർക്കായിട്ട് അല്ലാഹു അദ്ഭു

തദൃഷ്ടാന്തം (മുഅ്ജിസത്ത്) കാണിക്കും. ചോദിക്കുന്നവർക്കായിട്ട് അല്ലാഹു അനിതരസാധാരണമായ അനുഗ്രഹദൃഷ്ടാന്തം (ഖവാരിക്ക്) നൽകും. പ്രാർഥന ദൈവത്തിൽനിന്നു വരുന്നു. അത് അവനിലേക്കു തന്നെ തിരിച്ചുപോകുന്നു. പ്രാർഥനമൂലം ദൈവം നിങ്ങളുടെ അടുക്ക ലേക്ക് വരുന്നു. നിങ്ങളുടെ ജീവന്റെ അടുത്തോളംതന്നെ. മനുഷ്യനി ൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടായിത്തീരുന്നു എന്നതാണ് പ്രാ ർഥനയുടെ ഒന്നാമത്തെ അനുഗ്രഹം. പിന്നെ, ആ പരിവർത്തനത്തോടെ അല്ലാഹുവും അവന്റെ ഗുണങ്ങളിൽ ഒരു പരിവർത്തനം ഉണ്ടാക്കു ന്നു. അവന്റെ ഗുണങ്ങൾ (സിഫാത്ത്) മാറ്റമില്ലാത്തതാണെങ്കിലും മാറ്റമുണ്ടാക്കുന്നവർക്കുവേണ്ടി അവൻ കാണിക്കുന്ന മറ്റൊരു പ്ര ത്യേകമായ ദ്യുതിവിലാസവും ഉണ്ട്. അതുപക്ഷേ, ഈ ലോകത്തിന്ന റിഞ്ഞുകൂടാത്തതാണ്. അവൻ മറ്റൊരു ദൈവം എന്ന പോലെ വെളി പ്പെടും; യഥാർഥത്തിലോ വേറൊരു ദൈവം ഇല്ലതാനും! എന്നാൽ, പു തിയൊരു മിന്നാട്ടം (തജല്ലി) പുതിയൊരു രീതിയിൽ അവനെ വെളിപ്പെ ടുത്തും. അപ്പോൾ ആ സവിശേഷമായ മിന്നാട്ടത്തിന്റെ പ്രഭാവായ്പി ൽ, മറ്റുള്ളവർക്കൊന്നും വേണ്ടി ചെയ്തുകാണിക്കാത്ത പുതിയൊരു പ്രവൃത്തി മാറിക്കഴിഞ്ഞ ആ മനുഷ്യനുവേണ്ടി അവൻ ചെയ്തുകാണി ക്കുന്നു. അതു തന്നെയാണ് ''ഖവാരിക്ക്' അഥവാ അസാധാരണമായ അദ്ഭുതദൃഷ്ടാന്തം.

## ആത്മാവിന്റെ നമസ്കാരം

ചുരുക്കത്തിൽ, ഒരു പിടിമണ്ണിനെ പൊൻകട്ടയാക്കി മാറ്റുന്ന രാസ പ്രക്രിയയത്രേ ദുആ അഥവാ പ്രാർഥന. അത് ആന്തരീയമാലിന്യങ്ങ ളെയെല്ലാം കഴുകിക്കളയുന്ന ഒരുതരം വെള്ളമാകുന്നു. ആ ദുആ യോടൊപ്പം ആത്മാവ് ഉരുകുന്നു. വെള്ളം കണക്കെ അത് ഒഴുകി ആ ഏകതാവിലാസത്തിന്റെ തിരുസന്നിധാനത്തിൽ ചെന്നുവീഴുന്നു. അത് ദൈവത്തിന്റെ തിരുസന്നിധിയിൽ നിൽക്കുകയും കുനിയുക യും കുമ്പിടുകയും ചെയ്യുന്നു. ഇതിന്റെ പ്രതിരൂപമാണ് ഇസ്‌ലാം പഠിപ്പി ക്കുന്ന നമസ്കാര കർമം. ആത്മാവ് നിൽക്കുന്നതിന്റെ അർഥം ദൈവ ത്തിനുവേണ്ടി എല്ലാ കഷ്ടപ്പാടുകളെയും പ്രതികൂലാവസ്ഥകളെയും പ രീക്ഷകളെയും നേരിടാൻ സന്നദ്ധനാണെന്നത്രേ. അവന്റെ റുക്കൂഅ് അഥവാ കുനിപ്പ് അവൻ സകല സ്നേഹബന്ധങ്ങളെയും കെട്ടുപാടു കളെയും ഉപേക്ഷിച്ച് ദൈവത്തിലേക്കു ചായുകയും ദൈവത്തിന്റെ ആളായി മാറുകയും ചെയ്യുന്നു എന്നതാണ് കാണിക്കുന്നത്. അവന്റെ സാഷ്ടാംഗം അവൻ ദൈവസന്നിധിയിൽ വീണുകൊണ്ട് തന്നെ പൂ

ർണമായും കൈവെടിയുകയും സ്വയം നശിപ്പിക്കുകയും ചെയ്യുന്നു എന്നു സൂചിപ്പിക്കുന്നു. ദൈവവുമായി ബന്ധപ്പെടുത്തുന്ന നമസ്കാരം ഇതാകുന്നു. ഇതിന്റെ ചിത്രമാണ് ഇസ്‌ലാമിക ശരീഅത്ത് സാധാരണ നമസ്കാരത്തിലൂടെ അവതരിപ്പിക്കുന്നത്. ഈ ഭൗതികനമസ്കാരം ആത്മീയനമസ്കാരത്തിന്റെ ചാലകം ആയിത്തീരുന്നു. എന്തെന്നാൽ, ശരീരത്തിന്റെ സ്വാധീനം ആത്മാവിലും നിശ്ചയമായും സംഭവിക്കുന്ന തരത്തിലാണ് ദൈവം മനുഷ്യന്റെ ഘടനയെ സൃഷ്ടിച്ചിട്ടുള്ളത്. ആത്മാവ് ദുഃഖിതമാകുമ്പോൾ കണ്ണിൽനിന്നു കണ്ണീർ പുറപ്പെടുന്നു. ആത്മാവിൽ ആനന്ദം ഉണ്ടാകുമ്പോൾ മുഖത്ത് പ്രസന്നത കളിയാടുന്നു. എത്രത്തോളമെന്നാൽ, ചിലപ്പോൾ ചിരിക്കാൻ തുടങ്ങുന്നു. അതുപോലെതന്നെ ശരീരത്തിന് എന്തെങ്കിലും ബുദ്ധിമുട്ടോ വേദനയോ ഉണ്ടാകുമ്പോൾ ആ വേദനയിൽ ആത്മാവും പങ്കുചേരുന്നു. ശരീരത്തിൽ തണുത്ത കാറ്റേൽക്കുമ്പോൾ, ഒരാൾ ആനന്ദം കൊള്ളുമ്പോൾ, ആത്മാവും അതിൽ ഭാഗഭാക്കാകുന്നു.

ചുരുക്കത്തിൽ, ആത്മാവിന്റെയും ശരീരത്തിന്റെയും പരസ്പരബന്ധങ്ങൾ കാരണം ആത്മാവിൽ ദിവ്യമായ സന്നിധാനത്തിലേക്കുള്ള ചലനം സൃഷ്ടിക്കപ്പെടുകയും അത് ആത്മീയമായ നില്പിലും കുനിപ്പിലും സാഷ്ടാംഗത്തിലും വ്യാപൃതമാകയും ചെയ്യണം എന്നുള്ളതത്രേ ശാരീരികമായ ആരാധനയുടെ ഉദ്ദേശ്യം. മനുഷ്യൻ പുരോഗതിക്കായി പരിശ്രമിക്കാൻ നിർബന്ധിതനാണല്ലോ. ഇതും ഒരുതരത്തിലുള്ള പരിശ്രമം (മുജാഹദ) ആകുന്നു. രണ്ടു വസ്തുക്കൾ അന്യോന്യം കൂടിച്ചേർന്നിരിക്കുമ്പോൾ നാം അവയിൽ ഒന്നിനെ എടുത്തുനീക്കുകയാണെങ്കിൽ അതുമായി ബന്ധപ്പെട്ടിരിക്കുന്ന ആ മറ്റേ വസ്തുവിലും ചില ചലനങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. എന്നാൽ ശാരീരികമായ നിൽപിലും കുനിപ്പിലും കുമ്പിടലിലും ആ ആത്മാവും അതിന്റെ സവിശേഷ രീതിയിൽ ഭാഗഭാക്കാകാൻ ശ്രമപ്പെടുന്നില്ലെങ്കിൽ ആ അംഗവിന്യാസം കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. ഈ ഭാഗഭാഗിത്വം ദിവ്യജ്ഞാനത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്. ദിവ്യജ്ഞാനം (മഅരിഫത്ത്) ആകട്ടെ, ദിവ്യാനുഗ്രഹത്തിലും (ഫസ്‌ൽ) അധിഷ്ഠിതമാണ്.

## "റൂഹുൽഖുദ്സ്"

ദൈവം ആദ്യമായിത്തന്നെ അവന്റെ മഹത്തായ അനുഗ്രഹവായ്പിനാൽ താൻ ഇച്ഛിക്കുന്ന ആളിൽ "റൂഹുൽ ഖുദ്സ്' അവതരി

പ്പിക്കുന്നു എന്നത് സനാതനമായ, അഥവാ മനുഷ്യനെ സൃഷ്ടിച്ചതു മുതൽ അവൻ അനുവർത്തിച്ചുവന്നിട്ടുള്ള സുന്നത്താകുന്നു. പിന്നീട്, റൂഹുൽ ഖുദ്സിന്റെ സഹായത്താൽ തന്റെ സ്നേഹവായ്പ് അയാളുടെ ഹൃദയത്തിൽ നിറയ്ക്കുകയും അയാൾക്ക് സ്ഥിരതയും വിശ്വസ്തതയും നൽകി അനുഗ്രഹിക്കയും അയാളുടെ ദിവ്യജ്ഞാനത്തെ അനേകം ദൃഷ്ടാന്തങ്ങളാൽ ശക്തിപ്പെടുത്തുകയും അയാളുടെ എല്ലാ ദൗർബല്യങ്ങളെയും അകറ്റുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ, അവന്റെ മാർഗത്തിൽ അയാൾ ജീവൻ ബലിയർപ്പിക്കാൻതന്നെ സന്നദ്ധനായിത്തീരുന്നു. യാതൊരു കഷ്ടപ്പാടിലും അകന്നുപോകാത്ത തരത്തിലുള്ള അപരിച്ഛേദ്യമായ ഒരു ബന്ധം ആ ദിവ്യസത്തയോട് അയാൾക്കുണ്ടായിത്തീരുകയും ചെയ്യുന്നു. യാതൊരു വാളിനും ആ ബന്ധത്തെ അറുത്തുകളയാനാവില്ല. എന്നാൽ, ആ സ്നേഹബന്ധത്തിനു ഭൗതികമായ യാതൊരു പിന്തുണയും ഉണ്ടായിരിക്കില്ല. സ്വർഗം പൂകാനുള്ള മോഹമോ നരകത്തോടുള്ള പേടിയോ ഭൗതികസുഖമോ മുതലും സമ്പത്തുമോ ഒന്നും അതിനു സഹായകമല്ല. മറിച്ച്, ദൈവം മാത്രമറിയുന്ന അജ്ഞാതമായ ഒരു ബന്ധമാണത്. ആ പ്രേമബന്ധിതനുതന്നെ ആ ബന്ധത്തിന്റെ രഹസ്യം-അതെന്തുകൊണ്ടെന്നും എങ്ങനെയെന്നും എന്ത് ആഗ്രഹത്തിലെന്നും അറിയുമാറില്ലെന്നതത്രേ ഏറെ അദ്ഭുതാവഹം. എന്തുകൊണ്ടെന്നാൽ, അത് ആദിയുമായി ബന്ധപ്പെട്ടതത്രേ. ആ ബന്ധം മഅരിഫത്തിലൂടെ അഥവാ ദിവ്യജ്ഞാനംവഴി സിദ്ധിക്കുന്നതല്ല. കാരണം, മഅരിഫത്ത് പിന്നീട് കൈവരുന്നതും ആ ബന്ധത്തെ ശോഭനമാക്കിത്തീർക്കുന്നതുമാകുന്നു. കല്ലിൽ അഗ്നി സ്ഥിതി ചെയ്യുന്നുവെങ്കിലും ഉരസുമ്പോൾഅതിൽ നിന്നും തീപ്പൊരികൾ പുറപ്പെടാൻ തുടങ്ങുന്നു. അത്തരം ആളിൽ ഒരുഭാഗത്ത് ദൈവത്തോടുള്ള സത്താബന്ധം ഉണ്ടായിരിക്കുന്നതോടൊപ്പം മറ്റൊരു ഭാഗത്ത് മനുഷ്യസമുദായത്തോടുള്ള സഹതാപവും അവരെ സംസ്കരിക്കാനുള്ള ഉൽക്കടാവേശവും ഉണ്ടായിരിക്കും. ഇതേ കാരണത്താലാണ് ഒരുഭാഗത്ത് ദൈവത്തിലേക്ക് സദാ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒരു ബന്ധവും മറുഭാഗത്ത് ഇതര മനുഷ്യരെയും അവരുടെ അനേകതരം ഭാവങ്ങളെയും തന്നിലേക്ക് ആകർഷിക്കുന്ന മറ്റൊരു ബന്ധവും ഉണ്ടായിത്തീരുന്നത്. സൂര്യൻ ഭൂമിയിലെ സകലവസ്തുക്കളെയും തന്നിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുകയും സ്വയം മറ്റൊന്നിലേക്ക് ആകൃഷ്ടമാകുകയും ചെയ്യുന്നതുപോലെ ഇതേ അവസ്ഥയാണ് ആ ആളിലും ഉടലെടുക്കുമാറാകുന്നത്. അത്തരക്കാരെയാണ് ഇസ്ലാമിക

സാങ്കേതിക ശബ്ദത്തിൽ ''നബി' എന്നും ''റസൂൽ' എന്നും ''മുഹദ്ദസ്' എന്നും പറയപ്പെടുന്നത്. അവർ ദൈവത്തിന്റെ പരിശുദ്ധമായ സംഭാഷണത്താലും സംബോധനയാലും അനുഗൃഹീതരായിത്തീരുകയും അവരുടെ കൈയ്ക്ക് ''ഖവാരിക്ക്' അഥവാ, അസാധാരണമായ അദ്ഭുതസംഭവം വെളിപ്പെടുകയും ചെയ്യുന്നു. അവരുടെ അധികമായിട്ടുള്ള പ്രാർഥനകളും സ്വീകരിക്കപ്പെടുകയും പ്രാർഥനകൾക്ക് ദൈവത്തിൽനിന്ന് മറുപടികൾ ലഭിക്കുകയും ചെയ്യുന്നതാണ്.

## ''കശ്ഫ്' സാധാരണക്കാരിലും

തങ്ങൾക്കും സത്യമായ സ്വപ്നങ്ങൾ ഉണ്ടാകാറുണ്ടെന്നും തങ്ങളുടെ പ്രാർഥനകളും സ്വീകരിക്കപ്പെടുന്നുവെന്നും തങ്ങൾക്കും ചിലപ്പോൾ ''ഇൽഹാം' ഉണ്ടാകാറുണ്ടെന്നും അങ്ങനെയിരിക്കെ തങ്ങൾക്കും റസൂൽമാർക്കും തമ്മിൽ എന്താണ് വ്യത്യാസമുള്ളതെന്നും അറിവുകെട്ട ചിലർ ചോദിക്കുന്നു. ഇവരുടെ പക്കൽ ദൈവത്തിന്റെ പ്രവാചകന്മാർ ചതിയന്മാരോ സ്വയം വഞ്ചിതരോ ആണ്. സാധാരണയായുള്ള കാര്യത്തിൽ പെരിമ നടിക്കുന്നവരാണത്രേ അവർ. പ്രവാചകന്മാരും അന്യരും തമ്മിൽ ഒരു വ്യത്യാസവും ഇവർ കാണുന്നില്ല. എന്നാൽ, ഇത് തികച്ചും അഹങ്കാരപ്രമത്തമായ വിചാരഗതിയാകുന്നു. ഇതുമൂലം ഇക്കാലത്ത് അനേകർ നശിച്ചൊടുങ്ങിക്കൊണ്ടിരിക്കയാണ്. എന്നാൽ, സത്യാന്വേഷകരെ സംബന്ധിച്ചിടത്തോളം ഇതിനുള്ള, അവരുടെ ഈ സംശയത്തിനുള്ള വ്യക്തമായ മറുപടിയുണ്ട്. അതിതാണ്:

ദൈവം ഒരു വിഭാഗം ആളുകളെ തന്റെ സവിശേഷമായ അനുഗ്രഹങ്ങളും സ്നേഹവാൽസല്യവും മുഖേന വരിഷ്ഠരാക്കുകയും തന്റെ പ്രത്യേകമായ ആത്മീയാനുഗ്രഹങ്ങളുടെ വലിയൊരു ഭാഗം അവർക്ക് നൽകുകയും ചെയ്യുന്നു. അതുകാരണം, ശാഠ്യബുദ്ധികളും അന്ധന്മാരും എപ്പോഴും അമ്പിയാക്കന്മാരുടെ നിഷേധികളായി ചമഞ്ഞുപോന്നു. എന്നിരിക്കിലും ദൈവത്തിന്റെ പ്രവാചകന്മാർ അത്തരക്കാരുടെമേൽ വിജയിക്കുകതന്നെ ചെയ്തുകൊണ്ടിരിക്കുന്നു. അവർക്കും മറ്റുള്ളവർക്കുമിടയിൽ അത്യുജ്ജ്വലമായ ഒരു വ്യതിരേകം ഉണ്ടെന്നു ബുദ്ധിമാന്മാർ ഒടുവിൽ സമ്മതിച്ചു പറയാൻ നിർബന്ധിതരായിത്തീരുമാറ് അവർ മുഖേന എപ്പോഴും സാധാരണമായ അദ്ഭുതപ്രകാശം വെളിപ്പെട്ടുകൊണ്ടിരുന്നു. ഒരു യാചകന്റെ കയ്യിലും ഏതാനും വെള്ളിത്തുട്ടുകൾ ഉണ്ടായെന്നുവരാം. ഒരു ചക്രവർത്തിയുടെ ഖജനാവിലും വെള്ളിനാണയങ്ങൾ നിറഞ്ഞിരിക്കും. എന്നാൽ, ആ യാചകനു പറയാ

നാകുമോ താനും ആ ചക്രവർത്തിക്ക് സമാനനാണെന്ന്? മറ്റൊരുദാഹരണം പറഞ്ഞാൽ, ഒരു മിന്നാമിനുങ്ങിലും പ്രകാശം കാണപ്പെടുന്നു. സൂര്യനിലും പ്രകാശമുണ്ട്. എന്നാൽ, താൻ സൂര്യനോടൊക്കുമെന്ന് ആ കീടത്തിന് പറയാനാവുകയില്ല. ദൈവം സാധാരണക്കാരിൽ സ്വപ്നം (റൂയാ) ആത്മദർശനം (കശ്ഫ്) വെളിപാട് (ഇൽഹാം) എന്നീ ആത്മീയാനുഗ്രഹങ്ങളുടെ ബീജാവാപം നടത്തിയിട്ടുണ്ടെങ്കിൽ അത് അവർ തങ്ങളുടെ സ്വന്തം അനുഭവങ്ങൾ മുഖേനയും നബിമാരെ തിരിച്ചറിയുമാറാകുന്നതിന് ഒരു ഒഴികഴിവും അവശേഷിക്കാത്തതരത്തിൽ അവരിൽ ന്യായപൂർത്തി വരുത്തുന്നതിനുമായിട്ടത്രേ.

## ദൈവനിയുക്തന്മാർ

ദൈവത്തിന്റെ വരിഷ്ഠന്മാരുടെ ഒരു പ്രത്യേകത അവർ സ്വാധീനവും ആകർഷണവും ഉള്ളവരാണെന്നതാകുന്നു. അവർ ലോകത്ത് ആത്മീയതലമുറകളെ സൃഷ്ടിച്ചുറപ്പിക്കുന്നതിനുവേണ്ടി അയക്കപ്പെടുന്നവരത്രേ. അവർ സൂക്ഷ്മമായ അന്തർദൃഷ്ടികളോടെ മാർഗദർശനം നൽകുന്നവരാകയാലും സൃഷ്ടികളുടെ കറുത്ത തിരശ്ശീലകളെ ഇടയ്ക്കുനിന്നു നീക്കിക്കളയുന്നതിനാലും, യഥാർഥമായ ദൈവികജ്ഞാനവും യഥാർഥമായ ആത്മനിരാകരണവും ഭയഭക്തിയും ആത്മീയാഭിരുചിയും താത്പര്യവുമെല്ലാം അവർ മുഖേനതന്നെയാണ് ഹൃദയങ്ങളിൽ ഉടലെടുക്കുന്നത്. അവരുമായുള്ള ബന്ധം വിച്ഛേദിക്കുന്നത് ഒരു ശാഖ തായ്മരത്തിൽനിന്ന് വെട്ടിനീക്കുന്നതുപോലെയത്രേ. അവരുമായി ബന്ധം സ്ഥാപിക്കുന്നതോടെതന്നെ അതിന്റെ തോതനുസരിച്ച് ആത്മീയവികാസം പ്രാപിച്ചുതുടങ്ങുന്നു എന്നതത്രേ ആ ബന്ധത്തിന്റെ പ്രത്യേകത. ആ ബന്ധം ഉപേക്ഷിക്കുന്നതോടെ ഈമാനിന്റെ സ്ഥിതിഭാവങ്ങളിൽ പൊടിപടലങ്ങൾ വീഴാൻ തുടങ്ങുന്നു. തനിക്ക് ദൈവത്തിന്റെ നബിമാരെയോ റസൂൽമാരെയോ ആവശ്യമേയില്ലെന്നു പറയുന്നത് അഹംഭാവപൂർണമായ സംസാരമാകുന്നു. അത് ഈമാനില്ലായ്മയുടെ അടയാളമാകുന്നു. അത്തരത്തിൽ ചിന്തിക്കുന്ന ആൾ ആത്മവഞ്ചന നടത്തുന്നു. ഞാൻ നമസ്കാരം അനുഷ്ഠിക്കുന്നില്ലേ? ഞാൻ നോമ്പ് നോൽക്കുന്നില്ലേ? കലിമ ചൊല്ലുന്നില്ലേ? എന്നൊക്കെ പറയുന്നതും ഈമാനിനെയും ആധ്യാത്മിക രസാനുഭൂതികളെയും കുറിച്ചു വിവരമില്ലാത്തവനായതുകൊണ്ടുമാത്രമാണ്. മനുഷ്യനെ ദൈവംതന്നെയാണ് സൃഷ്ടിക്കുന്നതെങ്കിലും ഒരാളുടെ ജനനത്തിന്റെ കാരണത്തെ മറ്റൊരാളുമായി ബന്ധപ്പെടുത്തിയതെങ്ങനെ എന്ന കാര്യം അയാൾ ചിന്തിച്ചുനോക്കേണ്ടതാണ്. ശാരീരികമായ പരമ്പരയിൽ ജനിക്കാൻ

കാരണമായ ഒരു ഭൗതികപിതാവ് ആവശ്യമായിട്ടുള്ളതുപോലെതന്നെ ആത്മീയപിതാവും ഉണ്ടായിരിക്കും. അദ്ദേഹം മുഖേന ആത്മീയജനനം സംഭവിക്കുന്നു. ജാഗ്രത! ഇസ്ലാമിന്റെ ബാഹ്യരൂപം കണ്ട് ചതിപ്പെട്ടുപോകാതിരിക്കുവിൻ. ദൈവവചനങ്ങൾ ശ്രദ്ധാപൂർവം വായിച്ചുനോക്കുവിൻ! അതു നിങ്ങളിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത്? സൂറാ ഫാതിഹായിൽ നിങ്ങൾക്ക് പ്രാർഥിക്കാൻ പഠിപ്പിച്ചതെന്തോ അതേ കാര്യം തന്നെയാണ് ആഗ്രഹിക്കുന്നത്. അതായത്,

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ❋

എന്ന ദുആ നബിമാർക്കും റസൂൽമാർക്കും ലഭിച്ച അനുഗ്രഹങ്ങൾ നിങ്ങൾക്കും ലഭ്യമാകുന്നതിനുവേണ്ടി അഞ്ചുനേരം പ്രാർഥിക്കുവിൻ എന്നു ദൈവം നിങ്ങളോടു കല്പിക്കുന്നു. എന്നാൽ, നബിമാരും റസൂൽമാരും മുഖേനയല്ലാതെ നിങ്ങൾക്ക് ആ അനുഗ്രഹങ്ങൾ എങ്ങനെ പ്രാപിക്കാനാകും?

ഇപ്രകാരം ''യഖീനി'ന്റെയും പ്രേമവായ്പിന്റെയും ഉന്നതശ്രേണികളിൽ എത്തിക്കുന്നതിനുവേണ്ടി ദൈവത്തിന്റെ പ്രവാചകന്മാരിൽ പല കാലങ്ങളിലായി വരേണ്ടത് അനിവാര്യമാകുന്നു. അവരിൽ നിന്ന് നിങ്ങൾ ''നിഅ്മത്ത്'കൾ അഥവാ ആത്മീയാനുഗ്രഹങ്ങൾ ആർജ്ജിക്കുന്നു. ഇപ്പോൾ നിങ്ങൾ ദൈവത്തോടു പൊരുതാൻ പുറപ്പെടുമോ? പിതാവ് മുഖേന ജനിക്കാൻ മനസ്സില്ലെന്നു ഒരു ബീജത്തിനു പറയാനാകുമോ? വായുവിന്റെ സഹായത്തോടെ ശബ്ദം ശ്രവിക്കാൻ തയ്യാറില്ല എന്നു ചെവിക്ക് പറയാനാകുമോ? ദൈവത്തിന്റെ സനാതനമായ ചട്ടങ്ങളെ എതിർക്കാൻ പുറപ്പെടുന്നതിലും വലിയ ബുദ്ധിശൂന്യത മറ്റെന്താണ്?

## ഞാൻ കൃഷ്ണൻതന്നെ

ഈ കാലഘട്ടത്തിൽ അല്ലാഹുവിൽനിന്നും ഞാൻ വെളിപ്പെട്ടിരിക്കുന്നതു മുസ്ലിംകളുടെ സമുദ്ധാരണത്തിനുവേണ്ടി മാത്രമല്ല, മുസൽമാന്മാരുടെയും ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും ഈ മൂന്നു സമുദായങ്ങളുടെയും ഉദ്ധാരണം മുൻനിറുത്തിയാകുന്നു. അല്ലാഹു എന്നെ മുസ്ലിംകൾക്കും ക്രിസ്ത്യാനികൾക്കും വാഗ്ദത്തമസീഹ് ആയി അയച്ചതുപോലെ ഞാൻ ഹിന്ദുക്കൾക്ക് ഒരു അവതാരം എന്ന നിലയിലും ആകുന്നു. ലോകത്തു നിറഞ്ഞുകിടക്കുന്ന പാപങ്ങളെ ദൂരീകരിക്കുന്നതിനായി ഞാൻ മസീഹിബ്നു മർയമിന്റെ പ്രതിരൂപത്തിൽ

❋ വിശുദ്ധ ഖുർആൻ 1:6,7

വെളിപ്പെട്ടതുപോലെ ഹിന്ദുക്കളിലെ അവതാരങ്ങളിലെല്ലാംവെച്ചു ഏറ്റവും വലിയ അവതാരമായിരുന്ന രാജാകൃഷ്ണന്റെയും പ്രതിരൂപ മാണെന്ന വസ്തുത കഴിഞ്ഞ 20 കൊല്ലത്തിലേറെ കാലമായി ഞാൻ പരസ്യപ്പെടുത്തിക്കൊണ്ടിരിക്കയാണ്. ആത്മീയഭാഷയിൽ പറഞ്ഞാൽ ഞാൻ അദ്ദേഹംതന്നെയാകുന്നു. ഒരു തവണയല്ല, എത്രയോ തവണ നീ ഹിന്ദുക്കൾക്ക് കൃഷ്ണനും മുസൽമാന്മാർക്കും ക്രിസ്ത്യാനികൾക്കും വാഗ്ദത്ത മസീഹുമാണെന്നും ദൈവം എന്നോടു പറഞ്ഞു. അജ്ഞനാ യ മുസ്‌ലിം ഇതുകേട്ട ഉടൻ പറഞ്ഞേക്കും, ഇതാ ഇവൻ കാഫിറിന്റെ പേര് സ്വായത്തമാക്കിക്കൊണ്ട് വ്യക്തമായ തരത്തിൽ കുഫ്റിനെ സ്വീക രിച്ചിരിക്കുന്നു എന്ന്. എന്നാൽ, ഇത് ദൈവത്തിൽനിന്നുള്ള വെളിപാ ട് (വഹ്‌യ്) ആകുന്നു. അതു തുറന്നു പറയാതിരിക്കാൻ എനിക്ക് നിർ വാഹമില്ലതന്നെ. ഇത്തരം ഒരു വൻസദസ്സിൽ ഞാൻ ഇക്കാര്യം തുറന്നു പ്രസ്താവിക്കുന്നത് ഇതാദ്യമാണ്. എന്തെന്നാൽ, ദൈവത്തിൽനിന്ന് വെളിപ്പെടുന്ന ആളുകളാരോ അവർ ദുർഭാഷണക്കാരുടെ ആക്ഷേപ ശകാരങ്ങളൊന്നും ഭയപ്പെടുന്നവരല്ല.

## ശ്രീകൃഷ്ണൻ നബി

രാജാ കൃഷ്ണൻ യഥാർഥത്തിൽ ഒരു പരിപൂർണമനുഷ്യനായി രുന്നു* എന്ന് എനിക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിനു തുല്യനായി ഹിന്ദുക്കളുടെ ഋഷിമാരിലും അവതാരങ്ങളിലും മറ്റൊ രാളെ കാണാനാവില്ല. അദ്ദേഹം തന്റെ കാലഘട്ടത്തിലെ അവതാരം അഥവാ നബി ആയിരുന്നു. അദ്ദേഹത്തിൽ ദൈവത്തിൽ നിന്നുള്ള ''റൂഹുൽ ഖുദ്സ്' (പരിശുദ്ധാത്മാവ്) ഇറങ്ങാറുണ്ടായിരുന്നു. അദ്ദേഹം ദൈവത്തിൽനിന്നുള്ള ജേതാവും ഐശ്വര്യവാനും ആയിരുന്നു. ആര്യാ വർത്തത്തെ പാപത്തിൽനിന്നു ശുദ്ധീകരിച്ച അദ്ദേഹം തന്റെ കാല ഘട്ടത്തിലെ നബി തന്നെയായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ പാ ഠങ്ങൾ പിൽക്കാലത്ത് മാറ്റി മറിക്കപ്പെട്ടു. ദൈവപ്രേമം നിറഞ്ഞുതുളു മ്പിയ ആളായിരുന്നു അദ്ദേഹം. നന്മയോടു സ്നേഹവും തിന്മയോട് വെറുപ്പും പുലർത്തിയിരുന്നു. അവസാനകാലത്ത് അദ്ദേഹത്തിന്റെ ഒരു പ്രതിരൂപം അഥവാ, അവതാരം വെളിപ്പെടുമെന്നതു ദൈവത്തിന്റെ വാഗ്ദാനമായിരുന്നു. ആ വാഗ്ദത്തം എന്റെ ആവിർഭാവത്തോടുകൂടി പൂർത്തിയായിരിക്കുന്നു. മറ്റു വെളിപാടുകളോടൊപ്പം എന്നെക്കുറിച്ച് എനിക്ക് ലഭിച്ച മറ്റൊരു വെളിപാട് ഇതായിരുന്നു:

* കാമിൽ ഇൻസാൻ (പൂർണ്ണമനുഷ്യൻ) എന്ന് വാഗ്ദത്തമസീഹ്(അ) പ്രവാചകൻ എന്നതിന്റെ പര്യായമെന്നോണമാണ് എല്ലായിടത്തും ഉപയോഗിച്ചുപോന്നിട്ടുള്ളത്.-പരി.

''ഓ കൃഷ്ണാ, രുദ്രഗോപാലാ, നിന്റെ മഹിമ ഗീതയിൽ എഴുതപ്പെട്ടിരിക്കുന്നു.''

ആകയാൽ, ഞാൻ കൃഷ്ണനെ സ്നേഹിക്കുന്നു. എന്തെന്നാൽ, ഞാൻ അദ്ദേഹത്തിന്റെ പ്രതിരൂപമാകുന്നു. ഇവിടെ മറ്റൊരു രഹസ്യവും കൂടിയുണ്ട്. കൃഷ്ണനിൽ ആരോപിക്കപ്പെട്ടിട്ടുള്ള ഗുണവിശേഷങ്ങൾ ഏതോ അവ (പാപങ്ങളെ ഹനിക്കുന്നവനും പാവങ്ങളെ സമാശ്വസിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവനും) വാഗ്ദത്ത മസീഹിന്റെയും ഗുണഭാവങ്ങൾ ആകുന്നുവല്ലോ. ചുരുക്കത്തിൽ, ആത്മീയഭാഷയിൽ പറഞ്ഞാൽ കൃഷ്ണനും വാഗ്ദത്ത മിശീഹാവും ഒരാൾതന്നെയാകുന്നു. സാമുദായികമായ ശബ്ദശൈലിയിൽ മാത്രമാണ് വ്യത്യാസമുള്ളത്.

## ജീവാത്മാവും പരമാണുക്കളും സൃഷ്ടികൾ

ഞാനിനി കൃഷ്ണൻ എന്ന നിലയിൽ ആര്യസുഹൃത്തുക്കൾക്ക് അവരുടെ തെറ്റുകളെക്കുറിച്ച് താക്കീത് നൽകിക്കൊള്ളട്ടെ. അവയിൽ ഒന്ന് ഞാൻ മുമ്പേ പറഞ്ഞുവന്നതുതന്നെയാണ്. ആത്മാക്കളും, പ്രകൃതി എന്നും പരമാണു എന്നും പറയപ്പെടുന്ന പ്രപഞ്ചത്തിലെ അണുക്കളും അസൃഷ്ടങ്ങളും അനാദിയും ആണെന്ന ധാരണയും വിശ്വാസ സിദ്ധാന്തവും ശരിയല്ല എന്നുള്ളതാണത്. മറ്റാരുടെയെങ്കിലും ആശ്രയത്തിൽ നിലനിൽക്കുന്നവനല്ലാത്ത ആ പരമേശ്വരനല്ലാതെ സ്വയംഭൂവായി മറ്റൊന്നും തന്നെയില്ല. മറ്റൊന്നിന്റെ ആശ്രയത്തിൽ ജീവിക്കുന്നതെന്തോ അതു സ്വയംഭൂവായിരിക്കാവതല്ല. ജീവാത്മാക്കളുടെ ഗുണങ്ങൾ സ്വതഃസിദ്ധങ്ങളാണോ? അവയെ ആരും സൃഷ്ടിച്ചതല്ലേ? ഇതു ശരിയാണെങ്കിൽ ജീവാത്മാക്കൾക്ക് ശരീരത്തിൽ സ്വയം പ്രവേശിക്കാനും ആവുമല്ലോ. പരമാണുക്കളുടെ സംയോജനവും വിശ്ലഥനവും സ്വയം സംഭവിക്കാവുന്നതുമാണ്. ഇപ്രകാരമാണെങ്കിൽ പരമേശ്വരന്റെ അസ്തിത്വം അംഗീകരിക്കുന്നതിന്നു യാതൊരു ന്യായയുക്തിയും നിങ്ങളുടെ പക്കൽ അവശേഷിക്കയില്ല. യുക്തി അതംഗീകരിക്കുമെങ്കിൽ അതായത്, സകല ജീവാത്മാക്കളിലും അന്തർലീനമായിട്ടുള്ള ഗുണവിശേഷങ്ങളും സ്വയംഭൂവാണെങ്കിൽ ജീവാത്മാവും പദാർത്ഥവും അഥവാ, പരമാണുക്കളും തമ്മിലുള്ള സംശ്ലേഷണവും സ്വയം സംഭവിക്കുന്നു എന്നും സഹർഷം അംഗീകരിക്കാനാവും.✵ ഒരു കാര്യം

✵ ജീവാത്മക്കളേയും പരമാണുക്കളേയും ദൈവം സൃഷ്ടിച്ചതല്ലെന്നും അവയെ കൂട്ടിയിണക്കൽ മാത്രമാണ് ദൈവത്തിന്റെ ജോലി എന്നുമത്രെ ആര്യമതസിദ്ധാന്തം. -പരി.

സ്വയംസംഭവിക്കാവുന്നതിന്നുള്ള മാർഗം തുറന്നിട്ടിരിക്കെ, ഒരു വഴി തുറന്നുകിടക്കുകയും മറ്റേ വഴി അടച്ചുകളയുകയും ചെയ്യുന്നതിനു യാതൊരു ന്യായവുമില്ല. യാതൊരു ന്യായശാസ്ത്രവും ഈ വിചാര രീതിയെ അംഗീകരിക്കുന്നതല്ല.

## മോക്ഷം താത്ക്കാലികമല്ല

ഈ പിഴവ് ആര്യസുഹൃത്തുക്കളെ മറ്റൊരു പിഴവിൽ തളച്ചിട്ടിരിക്കുകയാണ്. ആദ്യത്തെ പിഴവിൽ പരമേശ്വരനാണ് നഷ്ടമെങ്കിൽ ഇതിൽ അവർക്കുതന്നെയാണ് നഷ്ടം. മുക്തി അവരുടെ പക്കൽ കാലപരിധിക്കധീനമാണ്. അതേ അവസരത്തിൽ പുനർജന്മസിദ്ധാന്തം എന്നേക്കും കണ്ഠത്തിലെ ഹാരമായി കരുതുകയും ചെയ്യുന്നു. പുനർജന്മത്തിൽനിന്നു മോചനമില്ലത്രേ. ഈ ലുബ്ധും സങ്കുചിതത്വവും കാരുണ്യവാനും അത്യുദാരനുമായ ദൈവത്തിൽ ആരോപിക്കുന്നത് യുക്തിക്ക് നിരക്കാത്തതാണ്. നിതാന്തമോക്ഷം നൽകുവാനുള്ള സർവ്വശക്തിത്വം പരമേശ്വരനുണ്ടായിരുന്നെങ്കിൽ, അവൻ സ്വശക്തിയുടെ അനുഗ്രഹവായ്പിൽനിന്നു ദാസന്മാരെ അകറ്റിനിർത്തുവാൻ എന്തിന് അത്തരം ലുബ്ധ് കാണിക്കേണ്ടിയിരുന്നു എന്നു മനസ്സിലാകുന്നില്ല. ഒരു ദീർഘകാലംവരെ ശിക്ഷാവിധിയിൽ നിറുത്തിയ ജീവാത്മാകകളെ ശാശ്വതമായി പുനർജന്മപ്രക്രിയക്ക് വിധേയമാക്കിയിരിക്കയാണ്. ആ ആത്മാക്കളാണെങ്കിൽ പരമേശ്വരന്റെ സൃഷ്ടികളുമല്ലത്രേ. ഇതിനുള്ള ആര്യസുഹൃത്തുക്കളുടെ പ്രത്യുത്തരം ദൈവം നിത്യമുക്തി നൽകുന്നതിന് കഴിവുള്ളവൻ ആയിരുന്നെങ്കിലും, സർവ്വശക്തിമാൻ തന്നെയെങ്കിലും പുനർജന്മപ്രക്രിയ മുറിഞ്ഞുപോകാതിരിക്കുന്നതിനാണ് മുക്തിക്ക് കാലപരിധി നിശ്ചയിച്ചിട്ടുള്ളതെന്നത്രേ. ജീവാത്മക്കൾ ഒരു നിശ്ചിത എണ്ണം മാത്രമായിരിക്കുകയും അനവധി ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ശാശ്വതമുക്തി നൽകപ്പെടുമ്പോൾ പുനർജന്മപ്രക്രിയ നിലച്ചുപോകുന്നതാണ്. എന്തുകൊണ്ടെന്നാൽ, ശാശ്വതമുക്തി പ്രാപിക്കുന്ന ജീവാത്മാവ് മുക്തിശാലയിൽ പ്രവേശിച്ചുകഴിഞ്ഞാൽ പരമേശ്വരന്റെ അധീനത്തിൽനിന്ന് സ്വതന്ത്രമായിത്തീരുന്നു. അങ്ങനെ വരുമ്പോൾ ഈ പ്രതിദിന നിഷ്ക്രമണത്തിന്റെ ഫലാന്തം എന്തെന്നാൽ, പുനർജന്മപ്രക്രിയക്ക് വിധേയമാകാൻ പരമേശ്വരന്റെ പക്കൽ ഒരൊറ്റ ജീവാത്മാവും ഉണ്ടാകയില്ല എന്നതായിരിക്കും. എന്നാകിലുമൊരിക്കൽ ഈ തൊഴിൽ അവസാനിക്കുമെന്നതിനാൽ പരമേശ്വരന് നിഷ്ക്രിയനായിരിക്കേണ്ടിവരുന്നതുമാണ്. ഈ നിർബന്ധിത സാഹചര്യങ്ങൾ കാരണം മുക്തിക്ക് കാലപരിധി നിർണയിക്കാൻ പരമേശ്വരൻ

നിശ്ചയിച്ചുവത്രേ*. ഒരിക്കൽ മോക്ഷം പ്രാപിച്ചുകഴിഞ്ഞവർ, പാപങ്ങളിൽനിന്നു ശുദ്ധീകരിക്കപ്പെട്ടു പാപരഹിതരായിട്ടുള്ളവർ മുക്തിശാലയിൽനിന്നു എന്തിനാണ് പുറത്താക്കപ്പെടുന്നത് എന്ന മറ്റൊരു പ്രശ്നം ഇവിടെ ഉന്നയിക്കപ്പെടാം. മുക്തിസ്ഥാനത്ത് പ്രവേശിപ്പിക്കപ്പെടുന്ന ഓരോ ജീവാത്മാവിലും ഒരു പാപം അവശേഷിച്ചിരിക്കും എന്നും ആ പാപത്തിന്റെ ശിക്ഷയായിട്ടാണ് അവസാനം എല്ലാ ഓരോ ആത്മാവും മുക്തിശാലയിൽനിന്ന് പുറത്താക്കപ്പെടുന്നതെന്നുമാണ് പരമേശ്വരൻ ഈ ആക്ഷേപത്തിന് മറുപടി നൽകുന്നത്.

ഇതൊക്കെയാണ് ആര്യമതക്കാരുടെ തത്ത്വങ്ങൾ. ഇത്തരം ബന്ധനങ്ങളിൽപ്പെട്ടു വട്ടംകറങ്ങുന്ന ഒരാളെ പരമേശ്വരൻ എന്നു പറയാവുന്നതെങ്ങനെ എന്നു നീതിബോധത്തോടെ ചിന്തിക്കേണ്ടതാണ്. കഷ്ടം! ദൈവത്തിന്റെ സൃഷ്ടികർത്തൃത്വത്തെ നിഷേധിച്ചുകൊണ്ട് ആര്യസുഹൃത്തുക്കൾ തങ്ങളുടെ നിലപാടിനെ വലിയ കുഴപ്പത്തിൽപെടുത്തിയിരിക്കുകയാണ്. പരമേശ്വരന്റെ പ്രവൃത്തികളെപ്പറ്റി തങ്ങളുടെ സ്വന്തം പ്രവൃത്തികൾക്കൊപ്പിച്ചു ചിന്തിച്ചുകൊണ്ടു അവനെ അപമാനിക്കുകയും ചെയ്തു. ദൈവം എല്ലാ ഗുണങ്ങളിലും സൃഷ്ടികളിൽനിന്ന് വിഭിന്നനാണെന്നും സൃഷ്ടികളുടെ ഗുണങ്ങളുടെ നിലവാരംവെച്ചു ദൈവത്തെ അളക്കുന്നത് താർക്കികന്മാരുടെ പക്കൽ ''ഖിയാസ് മഅൽ ഫാരിഖ്' (ഹേത്വഭാസം) എന്നു പറയപ്പെടുന്ന ഒരു തെറ്റാകുന്നു.

## പരമേശ്വരൻ സർവസ്രഷ്ടാവ്

ഇല്ലായ്മയിൽനിന്ന് ഒന്നും ഉണ്ടാവുകയില്ല എന്നത് സൃഷ്ടികളുടെ വ്യാപാരങ്ങളെ സംബന്ധിക്കുന്ന ബുദ്ധിയുടെ വികലാനുഭവമാകുന്നു. ആകയാൽ, ഇതേ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ ഗുണങ്ങളെയും ഉൾപ്പെടുത്തുകയെന്നത് ചിന്താശൂന്യതയല്ലെങ്കിൽ മറ്റെന്താണ്? ദൈവം ഭൗതികമായ നാവുകൂടാതെ സംസാരിക്കുന്നു. കണ്ണുകൾ കൂടാതെ അവൻ കാണുന്നു. ഇതേതരത്തിൽതന്നെ അവൻ ഭൗതികമായ യാതൊരുപാധിയും കൂടാതെ സൃഷ്ടിക്കുകയും ചെയ്യുന്നു. അവന് സൃഷ്ടിക്കാൻ പരമാണുക്കൾ വേണം എന്നു നിർബന്ധിക്കുന്നത് ദൈവികമായ ഗുണങ്ങളെ നിഷ്ക്രിയമാക്കുകയാകുന്നു.

* ''മോക്ഷം പ്രാപിച്ച ജീവാത്മക്കൾ മഹാകൽപം കഴിയുന്നതുവരെ മുക്താവസ്ഥയിൽ ബ്രഹ്മാനന്ദമനുഭവിച്ചുകൊണ്ടിരുന്നതിന്റെ ശേഷം മുക്തിസുഖത്തെ ത്യജിച്ച് വീണ്ടും സംസാരിത്തിലേക്ക് വന്നുചേരുന്നു... യാതൊരു ജീവാത്മാവും മുക്തിയിൽനിന്ന് പ്രപഞ്ചത്തിലേക്ക് തിരിച്ചുവരുന്നതല്ലെങ്കിൽ ഇക്കാണുന്ന ലോകത്തിന്റെ ഉന്മൂലനാശം-മൂലതോഹാനി-തന്നെ വന്നുപോകുന്നതാണ്. ജീവാത്മാക്കൾ പ്രപഞ്ചത്തിൽ ബാക്കിയില്ലാതായിത്തീരും എന്നർത്ഥം''. (സത്യാർത്ഥപ്രകാശം- സ്വാമി ദയാനന്ദസരസ്വതി. മലായള പതിപ്പ്, ഭാ. 296-297) -പരി.

ഈ സിദ്ധാന്തത്തിൽ മറ്റൊരു വലുതായ കുഴപ്പവും കൂടിയുണ്ട്. ഈ തത്വപ്രകാരം അനാദി എന്ന ഗുണത്തിൽ ഓരോ പരമാണുവിനെയും ദൈവത്തിന്റെ കൂട്ടുകാരായി കരുതേണ്ടിവരുന്നു. വിഗ്രഹപൂജകർ ഏതാനും ബിംബങ്ങളെ ദൈവത്തിന്റെ കൂട്ടുകാരനായി സങ്കൽപിക്കുമ്പോൾ ഈ വിശ്വാസപ്രകാരം ലോകം മുഴുവൻ ദൈവത്തിന്റെ പങ്കാളികളായി. എന്തെന്നാൽ, ഓരോ അണുവും അതിന്റെ അസ്തിത്വത്തിൽ ദൈവഗുണം ആവാഹിക്കുന്നതായി സങ്കൽപിക്കേണ്ടിവരുന്നു. ഞാൻ ഈ കാര്യങ്ങളൊക്കെ പകയും വിരോധവുംകൊണ്ട് പറയുന്നതല്ല എന്നു ദൈവത്തിന്നറിയാം. വേദത്തിന്റെ മൂലപാഠങ്ങൾ ഒരിക്കലും ഇതായിരിക്കില്ലെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഇത്തരം വിശ്വാസങ്ങൾ ദാർശനിക മാന്യന്മാരുടെ വിചാരവിലാസങ്ങൾ മാത്രമാകുന്നു. അവരിൽ വലിയൊരു വിഭാഗം നാസ്തികരായി ചമഞ്ഞു. ഈ വിശ്വാസതത്ത്വങ്ങൾ ആര്യസുഹൃത്തുക്കൾ കൈയ്യൊഴിച്ചില്ലെങ്കിൽ അവരുടെ ഒടുപുലർച്ചയും ഇതായിരിക്കുമെന്നു ഞാൻ ഭയപ്പെടുന്നു. ഈ സിദ്ധാന്തത്തിൽ ഒരു ശാഖയായിട്ടുള്ള പുനർജന്മതത്ത്വവും ദൈവത്തിന്റെ കാരുണ്യഗുണത്തിലും അനുഗ്രഹാതിരേകത്തിലും കറചാർത്തുന്ന തത്ത്വമാകുന്നു. തുച്ഛമായ ഒരു സ്ഥലത്ത്, ഉദാഹരണമായി, ഉറുമ്പുകൾ കോടി കോടിക്കണക്കിന് കാണപ്പെടുന്നു. ഓരോ ജലത്തുള്ളിയിലും പതിനായിരക്കണക്കിൽ കൃമികൾ ഉണ്ടാകുന്നു. പിന്നെ നദികളും സമുദ്രങ്ങളും വനങ്ങളും എണ്ണിയാലൊടുങ്ങാത്ത അനേകതരം ജീവജന്തുക്കളാലും കൃമികീടങ്ങളാലും നിറഞ്ഞുകിടക്കുന്നു. ഇതിനെതിരിൽ മനുഷ്യരുടെ ജനസംഖ്യ തുലനം ചെയ്യാൻപോലും സാധ്യമല്ലാത്തവിധം നിസ്സാരമാണ്. ഇങ്ങനെയിരിക്കെ, ഇനി പുനർജന്മതത്ത്വം ശരിയെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽപോലും ഇക്കാലത്തിന്നിടയിൽ പരമേശ്വരൻ സൃഷ്ടിച്ചതു എന്തൊന്നാണ്? ആർക്കാണ് മോക്ഷം നൽകിയത്? ഭാവിയെക്കുറിച്ച് എന്ത് പ്രത്യാശ പുലർത്താനാകും?

ഇതിനു പുറമെ, ശിക്ഷ നൽകുന്നുവെങ്കിലും ശിക്ഷയനുഭവിക്കുന്നവനു കുറ്റത്തെക്കുറിച്ച് അറിവു നൽകാതിരിക്കുക എന്ന തത്ത്വവും മനസ്സിലാക്കാനാവുന്നില്ല. മറ്റൊരു വലുതായ കുഴപ്പവും ഉണ്ട്. മുക്തി അഥവാ മോക്ഷം ജ്ഞാനത്തിൽ അധിഷ്ഠിതമാണ്. ജ്ഞാനം ഒപ്പം തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കയും ചെയ്യുന്നു. പുനർജന്മം എടുക്കുന്ന എത്ര വലിയ ഏതൊരു പണ്ഡിതനായാലും വേദത്തിന്റെ ഏതെങ്കിലുമൊരു ഭാഗം മറക്കാനിടയാകുന്നുണ്ട്. ഇതിൽനിന്നു മനസ്സിലാകുന്നത് പുനർജന്മം വഴി മോക്ഷം പ്രാപിക്കുക എന്നത് സാധ്യമേ അല്ല എന്നാണ

ല്ലോ. പുനർജന്മപ്രക്രിയക്ക് വിധേയമായി ലോകത്ത് തിരിച്ചുവരുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും പക്കൽ തങ്ങളുടെ പഴയ കുടുംബബന്ധങ്ങളറിയാനുള്ള നാമവിവരപ്പട്ടികയൊന്നും ഇല്ലാതിരിക്കെ അവർ സ്വയം സഹോദരിയെയോ മാതാവിനെതന്നെയോ പരിഗ്രഹിക്കേണ്ടിവരുന്ന സ്ഥിതിവിപര്യയവും സംഭവ്യമല്ലേ!

## ''നിയോഗം' നിന്ദ്യനടപടി

ആര്യമതക്കാരിൽ നടപ്പായിട്ടുള്ള ''നിയോഗം'* എന്ന സമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം അതു തീർത്തും ഉപേക്ഷിക്കണമെന്ന ഉപദേശം ഞാൻ അടിക്കടി നൽകിക്കൊണ്ടിരുന്നിട്ടുണ്ട്. ഒരാൾ തന്റെ എല്ലാ മാനാഭിമാനങ്ങൾക്കും ആശ്രയം കൊള്ളുന്ന തന്റെ ബഹുമാന്യയായ സ്ത്രീയെ താൻ അവളുടെ അറിയപ്പെടുന്ന ഭർത്താവായിരിക്കുകയും അതിൽ ഉറച്ചിരിക്കുകയും ചെയ്യവെ, പരിശുദ്ധയും പതിവ്രതയുമായ ആ പത്നിയെ സന്താനലാഭാർഥം മറ്റൊരാളുടെ കൂടെ ശയിക്കാൻ അനുവദിക്കുക എന്ന സമ്പ്രദായം മനുഷ്യപ്രകൃതി ഒരിക്കലും അംഗീകരിക്കാത്തതാകുന്നു. ഇതുസംബന്ധിച്ച് ഞാൻ കൂടുതലൊന്നും ഇവിടെ എഴുതാൻ ആഗ്രഹിക്കുന്നില്ല. മാന്യന്മാരായ ആളുകളുടെ ''കോൺഷ്യൻ'സിന് ഞാനതു വിട്ടിരിക്കുന്നു.

അതേ അവസരത്തൽ ആര്യസമാജസുഹൃത്തുക്കൾ തങ്ങളുടെ ഈ മതത്തിലേക്ക് മുസ്‌ലിംകളെ ക്ഷണിക്കുന്ന പരിശ്രമത്തിലാണ് താനും! സത്യത്തെ അംഗീകരിക്കാൻ ഏതൊരു ബുദ്ധിശാലിയും തയ്യാറായിരിക്കും. എന്നാൽ, എല്ലാ അതീതശക്തികളാലും തന്റെ അസ്തിത്വം വെളിപ്പെടുത്തിട്ടുള്ള ദൈവത്തിനു സൃഷ്ടികർത്തൃത്വം എന്ന ഗുണം നിഷേധിക്കുകയും അവനെ എല്ലാ അനുഗ്രഹവായ്പിന്റെയും പ്രത്യ

* ''സന്താനമില്ലാത്ത ഒരുവന്റെ ഭാര്യ സന്താനലബ്ധിക്കായി അയാളുടെ ജാതികളിൽ ഒരുവനെ പ്രാപിക്കുക എന്ന സമ്പ്രദായത്തിന്നാണ് നിയോഗം എന്നു പറയുന്നത്. ഇത് മനുവും മറ്റും വിധിച്ചിട്ടുള്ളതാണ്.' എന്ന് ശബ്ദതാരാവലിയിൽ പറയുന്നു.

''സത്യാർത്ഥപ്രകാശം' ചതുർത്ഥോല്ലാസത്തിൽ നിയോഗവിധികളെപ്പറ്റി വിവരിച്ചിട്ടുണ്ട്. ''സപിണ്ഡന്മാർ അതായത് ഭർത്താവിന്റെ ആറുതാവഴിവരെ അകന്ന ചാർച്ചക്കാർ ഭർത്താവിന്റെ ജേഷ്ഠാനുജന്മാർ, അവനവന്റെ ജാതിയിലുള്ളവർ എന്നിവരോടു കൂടിയാണ് വിധവയായ സ്ത്രീ നിയോഗം ചെയ്യേണ്ടത്. എന്നാൽ ഇപ്രകാരം നിയോഗം ചെയ്യുന്നതു മൃതഭാര്യനായ പുരുഷനും വിധവയായ സ്ത്രീയും സന്താനമുണ്ടാകുവാൻ ആഗ്രഹിക്കുമ്പോൾ മാത്രമേ ഉചിതമായിരിക്കയുള്ളു. സന്തതി തീരെ ക്ഷയിച്ചുപോകുമ്പോഴും നിയോഗം ആവശ്യമാണ്.'' (മലയാള പതിപ്പ്,ഭാ. 190) ''വിധിപ്രകാരം വിവാഹം ചെയ്യപ്പെട്ടിട്ടുള്ള പത്നിതന്നെ വിവാഹം ചെയ്തിട്ടുള്ള ഭർത്താവ്.... പണം സമ്പാദിക്കാനോ മറ്റോ നാടുവിട്ടുപോയിരിക്കയാണെങ്കിൽ മൂന്നുകൊല്ലം കഴിയുന്നതുവരെ കാത്തിരുന്നു അതിന്റെ ശേഷം നിയോഗം ചെയ്തു സന്താനങ്ങളെ ഉൽപാദിപ്പിച്ചുകൊള്ളേണ്ടതാണ്. വിവാഹം ചെയ്തിട്ടുള്ള ഭർത്താവ് മടങ്ങിവരുന്നതായാൽ നിയുക്ത പത്നിയുടെ ബന്ധം വേർപെട്ടുപോകുന്നതുമാണ്.'' (ഭാ.192) -പരി.

ക്ഷരൂപമായി സങ്കല്പിക്കാതിരിക്കയും ചെയ്യുന്നത് ഒരു സത്യതയല്ല. അത്തരമൊരു പരമേശ്വരൻ പരമേശ്വരൻ ആയിരിക്കാവതുമല്ല. മനുഷ്യൻ ദൈവത്തെ അവന്റെ ''ഖുദ്റത്' അഥവാ അദ്ഭുതശക്തികളിലാണ് തിരിച്ചറിഞ്ഞിട്ടുള്ളത്. ദൈവത്തിൽ യാതൊരു അത്ഭുതശക്തിയും ഇല്ലെന്നാണെങ്കിൽ, അവനും നമ്മെപ്പോലെ കാര്യകാരണങ്ങൾക്ക് വിധേയനാണെങ്കിൽ അവനെ തിരിച്ചറിയാനുള്ള വാതിലുകൾ അടഞ്ഞിരിക്കുകതന്നെ ചെയ്യും.

ഇതിനു പുറമെ, അല്ലാഹു അവന്റെ അനുഗ്രഹവായ്പിനാലാണ് ആരാധനാർഹനായരിക്കുന്നത്. അവൻ ജീവാത്മാക്കളെ സൃഷ്ടിച്ചിട്ടുതന്നെയില്ലെങ്കിൽ കർമം കൂടാതെ ഒരു കർമിക്കും അനുഗ്രഹവും ഉപകാരവും ചെയ്കയെന്ന ഗുണം അവനിൽ ഇല്ലെന്നാണെങ്കിൽ അത്തരമൊരു പരമേശ്വരൻ ആരാധനക്കർഹൻ ആയിരിക്കുന്നതെങ്ങനെ? ഞാൻ ചിന്തിച്ചേടത്തോളം എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ആര്യസുഹൃത്തുക്കൾക്ക് തങ്ങളുടെ മതത്തിന്റെ ഉത്തമമാതൃക കാണിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ്. കോടി കോടി തവണ ശിക്ഷകൾ ഏല്പിച്ചിട്ടും ശാശ്വതമുക്തി നൽകാൻ കഴിയാത്ത പരമേശ്വരനെ അത്രയും ദുർബലനും ദുർഭഗനുമായിട്ടാണ് അവർ ചിത്രീകരിക്കുന്നത്. അവന്റെ കോപമാണെങ്കിൽ ഒരിക്കലും ശമിക്കാത്തതുമത്രേ. ആര്യസുഹൃത്തുക്കൾ ശക്തമായ ഒരു സംസ്കാരത്തിനുമേൽ നിയോഗത്തിന്റെ കറുത്ത കല ഏൽപിച്ചിരിക്കുകയാണ്. ഇപ്രകാരം അവർ പാവപ്പെട്ട സ്ത്രീകളുടെ അഭിമാനത്തിനുമേൽ കടന്നാക്രമണം നടത്തുകയും ചെയ്തിരിക്കുന്നു. ദൈവത്തിന്റെ അവകാശത്തിലും മനുഷ്യരുടെ അവകാശങ്ങളിലും രണ്ടു വശങ്ങളിലായി ലജ്ജാവഹമായ തരത്തിൽ കയ്യേറ്റം നടത്തിയിരിക്കയുമാണ്. ഈ മതം പരമേശ്വരനെ നിഷ്ക്രിയനാക്കിയതു കാരണം നാസ്തികരോടു വളരെ സമീപസ്ഥമായിരിക്കുന്നു. നിയോഗം കാരണമായി ഇവർ കൊള്ളരുതാത്ത ഒരു ജനത്തോടു സമീപസ്ഥരായും തീർന്നിരിക്കുന്നു.

## പ്രവാചകനിന്ദനം പാപം

വലുതായ ഹൃദയവേദനയോടെ എനിക്ക് പറയേണ്ടിവന്നിരിക്കുന്നു, ആര്യസമാജക്കാരായ മാന്യന്മാരും, ക്രിസ്ത്യാനികളുമായ മാന്യന്മാരും ഇസ്‌ലാമിന്റെ സത്യപൂർണവും പരിപക്വവുമായ തത്ത്വങ്ങളുടെ നേരെ ന്യായരഹിതമായ കടന്നാക്രമണം നടത്തുന്നതു പതിവാക്കിയിരിക്കുകയാണെന്ന്. എന്നാൽ, അവർ തങ്ങളുടെ മതങ്ങളിൽ ആത്മീയത

ഉണ്ടാക്കുന്ന കാര്യത്തിൽ അശ്രദ്ധരാണ് താനും. ലോകത്തെ സകല മഹാത്മാക്കളെയും നബിമാരെയും റസൂൽമാരെയും ശകാരിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നതിന്റെ പേരല്ല മതം എന്നത്. അപ്രകാരം ചെയ്യുന്നത് മതത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യത്തിന് വിപരീതമാകുന്നു.

മനുഷ്യൻ തന്റെ ആത്മാവിനെ എല്ലാത്തരം തിന്മകളിൽനിന്നും ശുദ്ധീകരിക്കുകയും ആത്മാവിനെ സദാ ദൈവസവിധത്തിൽ വീണുകിടക്കുന്ന തരത്തിലാക്കിത്തീർക്കുകയുമാണ് മതത്തിന്റെ ലക്ഷ്യം. ദൃഢവിശ്വാസവും സ്നേഹാതിരേകവും ദിവ്യജ്ഞാനവും സത്യസന്ധതയും കൂറും ആത്മാവിൽ നിറയുകയും, ആത്മാവിന് സവിശേഷമായ ഒരു പരിവർത്തനം ഉണ്ടായിത്തീരുകയും അങ്ങനെ ഇതേ ലോകത്തുതന്നെ സ്വർഗീയജീവിതം സാധ്യമായിത്തീരുകയും ചെയ്യുമാറാകണം. എന്നാൽ, മസീഹിന്റെ കുരിശുമരണത്തിൽമാത്രം വിശ്വാസം ഉറപ്പിച്ചു സകല പാപങ്ങളിൽനിന്നും മോചിപ്പിക്കപ്പെട്ടു എന്നു കരുതിയാൽമതിയെന്നു മനുഷ്യരെ പഠിപ്പിക്കുന്ന ഒരു മതവിശ്വാസം മുഖേന യഥാർഥമായ നന്മ എപ്പോൾ എങ്ങനെ കൈവരുത്താനാകും? ആത്മാവിന്റെ പവിത്രീകരണത്തിന്നുള്ള യാതൊരു ആവശ്യവും വേണ്ടിവരുന്നില്ലെങ്കിൽ എത്തരത്തിലുള്ള ശുദ്ധീകരണമാണ് അതെന്ന് മനസ്സിലാകുന്നില്ല.

## ആത്മശുദ്ധിയ്ക്ക് മൂന്ന് മാർഗങ്ങൾ

മലീമസമായ ജീവിതത്തിൽനിന്ന് മനുഷ്യൻ പാശ്ചാത്തപിച്ചു പിന്മാറുകയും ഒരു വിശുദ്ധജീവിതത്തിനായി വ്യഗ്രതപ്പെടുകയും ചെയ്യുമ്പോഴാണ് യഥാർഥമായ പരിശുദ്ധി കൈവരിക. അത് സംസിദ്ധമാകുന്നതിന് മൂന്നു കാര്യങ്ങൾ അനുപേക്ഷണീയങ്ങളാണ്. ഒന്നാമത്തേത്, ആസൂത്രണവും പരിശ്രമവും. അതായത്, അശുദ്ധജീവിതത്തിൽനിന്ന് പുറത്തുവരുന്നതിന്നായി കഴിയുന്നേടത്തോളം പരിശ്രമിക്കുക. രണ്ടാമത്തേത്, ദുആ അഥവാ പ്രാർഥന. സദാദൈവത്തോടു കരഞ്ഞുവിളിച്ചു പ്രാർഥിക്കുക. മലിനജീവിതത്തിൽനിന്ന് ദൈവം അവന്റെ കൈകൊണ്ടുതന്നെ, തന്നെ പുറത്തുകൊണ്ടുവരികയും തിന്മയുടെ എല്ലാ ചപ്പുചവറുകളെയും ഭസ്മീകരിച്ചുകളയുന്നതരത്തിലുള്ള ഒരു അഗ്നി തന്റെ ഹൃദയത്തിൽ എരിയിക്കുമാറാകയും ചെയ്യുന്നതിനും, എല്ലാ ശാരീരിക ദുർവികാരങ്ങളെയും കീഴ്പ്പെടുത്തുന്നതിനുള്ള ഒരു ശക്തിവിശേഷം പ്രദാനം ചെയ്യപ്പെടുന്നതിനുവേണ്ടി പ്രാർഥിക്കുക. ഒരു ദൈവികമായ ദ്യുതി അവന്റെ ഹൃദയത്തിൽ വെളിപ്പെടുകയും,

സകല അന്ധകാരങ്ങളെയും ദൂരീകരിക്കുകയും എല്ലാ ബലഹീനതകളെയും അകറ്റുകയും ചെയ്യുന്ന തിളക്കമാർന്ന ഒരു ജ്വാല അവന്റെ ആത്മാവിൽ മിന്നുകയും അവനിൽ പവിത്രമായ ഒരു പരിവർത്തനം സംഭവിക്കുകയും ചെയ്യുന്ന ആ ദിനം വന്നടുക്കുന്നതുവരെയും പ്രാർഥിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, പ്രാർഥനകൾക്ക് സംശയംവിനാ ഫലസിദ്ധിയുണ്ട്. ശവപ്രായങ്ങൾക്ക് ജീവൻ വെക്കുന്നുവെങ്കിൽ അത് പ്രാർഥനയിലൂടെ, ബന്ധനസ്ഥർക്ക് മോചനം പ്രാപിക്കുവാൻ സാധിക്കുന്നുവെങ്കിൽ അതു പ്രാർഥനയിലൂടെ. മ്ലേച്ഛർ പവിത്രീകരിക്കപ്പെടുന്നുവെങ്കിൽ അത് പ്രാർത്ഥനയിലൂടെ. എന്നാൽ, പ്രാർഥിക്കുന്നതും മരിക്കുന്നതും വളരെ അടുത്തടുത്തുള്ള കാര്യങ്ങളത്രേ. മൂന്നാമത്തെ മാർഗം പരിപൂർണന്മാരും സദ്‌വൃത്തന്മാരും ആയിട്ടുള്ളവരുടെ സ്നേഹസമ്പർക്കമാകുന്നു. എന്തെന്നാൽ ഒരു ദീപത്തിൽനിന്ന് മറ്റു ദീപങ്ങൾ പ്രകാശിക്കുമാറാകുന്നു.

ചുരുക്കത്തിൽ, ഈ മൂന്നു മാർഗങ്ങൾ മാത്രമാണ് പാപങ്ങളിൽനിന്ന് മോചനം പ്രാപിക്കുന്നതിനുള്ള വഴികൾ. ഇവയോടൊപ്പം ദൈവാനുഗ്രഹം ചേരേണ്ടതുണ്ട്. മിശീഹാ കുരിശിൽ മരിച്ചു എന്ന വിശ്വാസം സ്വീകരിച്ചുകൊണ്ട് തങ്ങൾ പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടു എന്നു സ്വയം മനസ്സിൽ കരുതിയാൽ പോരാ! അതു പക്ഷേ, ഒരുതരം ആത്മവഞ്ചനയാകുന്നു. മനുഷ്യൻ ഒരു മഹത്തായ ഉദ്ദേശ്യാർഥമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പാപങ്ങൾ കൈയൊഴിക്കുക എന്നുള്ളത് മാത്രമല്ല അവന്റെ പരിപൂർണത. അനേകം ജീവജന്തുക്കൾ യാതൊരു പാപവും ചെയ്യാതിരിക്കുന്നുണ്ടല്ലോ. അവയെല്ലാം പരിപൂർണത നേടിയിരിക്കയാണെന്ന് പറയാമോ? നിങ്ങളോട് യാതൊരു കുറ്റവും ചെയ്തിട്ടില്ല എന്ന അടിസ്ഥാനത്തിൽ ആരിൽനിന്നെങ്കിലും നിങ്ങൾക്ക് സമ്മാനം കരസ്ഥമാക്കാൻ കഴിയുമോ? ഹൃദയമറിഞ്ഞ സേവനങ്ങളിലൂടെയാണ് സമ്മാനാർഹമായിത്തീരുന്നത്. ദൈവമാർഗത്തിലുള്ള ആ സേവനമെന്തെന്നാൽ, മനുഷ്യൻ ദൈവത്തിന്റേതു ആയിത്തീരുക എന്നതു മാത്രമാണ്. അവനോടുള്ള സ്നേഹത്തിൽ സകല സ്നേഹങ്ങളെയും തകർത്തുകളയുകയും അവന്റെ തൃപ്തിക്കുവേണ്ടി തന്റേതായ എല്ലാ തൃപ്തികളെയും ത്യജിക്കുകയുംതന്നെ.

## രണ്ട് പാനീയങ്ങൾ

ഇവിടെ വിശുദ്ധഖുർആൻ മനോഹരമായ ഒരു സാദൃശ്യം നൽകിട്ടുണ്ട്. യാതൊരു സത്യവിശ്വാസിക്കും രണ്ടുതരം പാനീയങ്ങൾ കുടി

ക്കുന്നതവരെ പരിപൂർണത നേടാനാവുന്നതല്ലെന്ന് അതു പറയുന്നു. ഒന്നാമത്തേതിന് കർപ്പൂരപാനീയം (ശർബത്ത് കാഫൂരി) എന്നു പേരു വെച്ചിരിക്കുന്നു. പാപങ്ങളോടുള്ള പ്രതിപത്തി തണുപ്പിക്കുന്നതിനു ള്ള പാനീയമാണിത്. രണ്ടാമത്തേതിന് ''ചുക്ക് പാനീയം' (ശർബത്ത് സഞ്ച ബീലി) എന്നു പേരിട്ടിരിക്കുന്നു. ദൈവപ്രേമം ഹൃദയത്തിൽ നി റക്കുന്ന പാനീയമാണിത്. എന്നാൽ, കഷ്ടമെന്നേ പറയേണ്ടൂ, ക്രിസ്തീയസുഹൃ ത്തുക്കളും ആര്യധർമികളും ഈ മാർഗം കൈവരിച്ചില്ല. ആര്യധർമിക ളാണെങ്കിൽ, പശ്ചാത്തപിച്ചാലും ഇല്ലെങ്കിലും ഏതവസ്ഥയിലും പാപ ം ശിക്ഷാർഹമാണെന്നും അതുകാരണം അനേകജന്മങ്ങൾ കൈക്കൊ ള്ളേണ്ടിവരുമെന്നുമുള്ള വിശ്വാസത്തിലേക്ക് തിരിയുകയുമാണ് ചെ യ്തിട്ടുള്ളത്. ക്രിസ്തീയ മാന്യന്മാരാണെങ്കിൽ, പാപങ്ങളിൽനി ന്നു രക്ഷ നേടുന്നതിനു ഞാനിപ്പോൾ പറഞ്ഞുവച്ച വഴിയാണ് വിവരിക്കു ന്നത്! രണ്ടു വിഭാഗക്കാരും യഥാർഥ ലക്ഷ്യത്തിൽനിന്ന് അകന്നുപോ യിരിക്കുന്നു. ഏതൊരു വാതിലിലൂടെ അവർ പ്രവേശിക്കേണ്ടതുണ്ടോ അത് വിട്ടിട്ട് വിദൂരമായ കാടുകളിൽ അലഞ്ഞുതിരിയുന്നു!

## ക്രിസ്തീയലോകം സൃഷ്ടിപൂജയിൽ

ഇതാണ് ആര്യസമാജികളായ മാന്യന്മാരുടെ മുമ്പിൽ ഞാൻ സമർപ്പിച്ച കാര്യങ്ങൾ. ക്രിസ്ത്യാനികളാണെങ്കിൽ വളരെ ശക്തിമ ത്തായ നിലയിൽ തങ്ങളുടെ മതത്തെ ലോകത്ത് പ്രചരിപ്പിച്ചുകൊണ്ടി രിക്കുന്നു. അവരുടെ നില ആര്യസുഹൃത്തുക്കളെക്കാളും പരിതാപക രമാണെന്നു പറയേണ്ടിയിരിക്കുന്നു. തങ്ങളുടെ പൗരാണികമായ മതം എങ്ങനെയെങ്കിലും സൃഷ്ടിപൂജയിൽനിന്ന് പുറത്തുവരട്ടെ എന്ന് ആര്യ സമാജക്കാർ ആഗ്രഹിച്ചു. അതിനായി ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, സൃഷ്ടിപൂജയിൽ തങ്ങളെ മാത്രമല്ല ലോകത്തെ മുഴുവനുംതന്നെ പ്ര വേശിപ്പിക്കുവാനാണ് ക്രിസ്ത്യാനികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നിർബന്ധപൂർവവും അധികാരശക്തിയിലൂടെയും ഹദ്റത്ത് മസീഹ്(അ) നെ ദൈവമാക്കി വാഴിക്കുകയാണവർ. മറ്റു പ്രവാചകന്മാർക്കില്ലാത്ത പ്രത്യേക ശക്തികളൊന്നും തന്നെ യേശുവിനുള്ളതായി സ്ഥാപിക്കപ്പെ ട്ടിട്ടില്ല. എന്നു മാത്രമല്ല, മറ്റു ചില നബിമാർ ദിവ്യദൃഷ്ടാന്തങ്ങൾ കാണി ക്കുന്നതിൽ അദ്ദേഹത്തെ അതിശയിച്ചിരുന്നു. അദ്ദേഹം ഒരു സാധാര ണമനുഷ്യൻ മാത്രമായിരുന്നെന്നു അദ്ദേഹത്തിന്റെ ബലഹീനതകൾ വിളിച്ചോതുന്നു. താൻ ദൈവമാണെന്ന വാദം അദ്ദേഹം ഉന്നയിച്ചതായി തെളിയിക്കുന്ന ഒന്നുംതന്നെ അദ്ദേഹം പറഞ്ഞിട്ടില്ല. അദ്ദേഹത്തിൽ ദൈവത്വം ആരോപിക്കുന്നതിനു നിദാനമായി ചൂണ്ടിക്കാട്ടുന്ന വാചക

ങ്ങൾക്ക് അങ്ങനെയുള്ള അർഥം നൽകുന്നതു തെറ്റാണ്. അത്തരത്തിൽ ദൈവത്തിന്റെ പ്രവാചകന്മാരെപ്പറ്റി ഉപമാരൂപത്തിലും സദൃശാത്മകമായും പറഞ്ഞുകാണപ്പെടുന്നുണ്ട്. അവയിൽനിന്നു അവർ ദൈവവാദം പുറപ്പെടുവിച്ചതായി അനുമാനിക്കുന്നത് ബുദ്ധിമാന്മാർക്ക് ചേർന്നതല്ല. മനുഷ്യനെ ദൈവമാക്കുന്നതിൽ താത്പര്യമുള്ളവരുടെ പണിയാണത്. എനിക്കുണ്ടായ വെളിപാടുകളിൽ അവയേക്കാൾ വലിയ വാചകങ്ങൾ ഉണ്ടെന്ന് ദൈവത്തെ ആണയിട്ടുകൊണ്ട് ഞാൻ പറയട്ടെ. ആ വാചകങ്ങളിൽനിന്ന് മസീഹിന്റെ ദൈവത്വം സ്ഥാപിതമാകുന്നുവെങ്കിൽ ഇതേ വാദം (നഊദുബില്ലാഹ്) എനിക്കും പുറപ്പെടുവിക്കാവുന്നതാണ്. ആകയാൽ, ദൈവവാദം മസീഹിൽ ആരോപിക്കപ്പെടുന്ന ഒരു കടുത്ത കറ്റുകെട്ടു മാത്രമാണെന്ന് ഓർമവെച്ചുകൊൾവിൻ. യേശു ഒരിക്കലും അത്തരമൊരു വാദം പുറപ്പെടുവിച്ചിരുന്നില്ല. തന്നെക്കുറിച്ച് അദ്ദേഹം പറഞ്ഞിട്ടുള്ളതെന്തോ അത് ശുപാർശയുടെ (ശഫാഅത്ത്) പരിധിക്കപ്പുറത്തുള്ളതല്ലതന്നെ. നബിമാരുടെ ശുപാർശയെ ആരുണ്ട് നിഷേധിക്കുന്നു? മൂസാനബിയുടെ ശുപാർശയാൽ ബനീ ഇസ്രായീൽകാർ ആഞ്ഞുവന്ന ആപത്തുകളിൽനിന്നു പലതവണ രക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഞാൻതന്നെ അനുഭവസാക്ഷിയാണ്. എന്റെ ജമാഅത്തിലെ ബഹുമാന്യരായ അനേകം വ്യക്തികൾ തങ്ങളുടെ കടുത്ത വിഷമങ്ങളിൽനിന്നും രോഗങ്ങളിൽനിന്നും എന്റെ ശുപാർശ മുഖേന മുക്തരായിഭവിച്ചിട്ടുള്ളത് നല്ലവണ്ണം ഓർക്കുന്നു. ഇതിനെപ്പറ്റി അവർക്ക് മുൻകൂട്ടി വിവരം നൽകുകയും ചെയ്തിട്ടുണ്ടായിരുന്നു.

## ക്രിസ്തു തൂങ്ങിമരിച്ചില്ല!

മിശിഹാ തന്റെ ജനത്തിന്റെ മോക്ഷത്തിനുവേണ്ടി കുരിശിൽ തൂങ്ങിമരിച്ചു എന്നു വിശ്വസിക്കുന്നതും ജനത്തിന്റെ പാപഭാരമെല്ലാം അദ്ദേഹത്തിൽ ചൊരിയുന്നതും തീരെ യുക്തിശൂന്യമായ നിരർഥക വിശ്വാസമാകുന്നു. കുറ്റം ഒരാൾ ചെയ്യുകയും അതിനുള്ള ശിക്ഷ മറ്റേതെങ്കിലും ഒരാൾക്ക് നൽകുകയും ചെയ്യുക എന്നത് ദൈവത്തിന്റെ നീതിതത്ത്വങ്ങൾക്ക് നിരക്കാത്തതാകുന്നു. ചുരുക്കത്തിൽ, ഈ വിശ്വാസ സംഹിത തെറ്റുകളുടെ ഒരു സമാഹാരമാകുന്നു. കൂട്ടുകാരനില്ലാത്തവനും ഏകനുമായ സത്യദൈവത്തെ ഉപേക്ഷിച്ചുകൊണ്ട് സൃഷ്ടിപൂജ നടത്തുന്നത് ബുദ്ധിശാലികൾക്ക് ചേർന്നതല്ല. പ്രതാപത്തിലും ശക്തിയിലും തുല്യമായിട്ടുള്ള പൂർണങ്ങളും സ്ഥിരവുമായ മൂന്ന് സത്തകൾ ഉണ്ടായിരിക്കുകയും ഇവ മൂന്നും ചേർന്ന് ഒരു പൂർണദൈവമായിത്തീരുകയും ചെയ്യുകയെന്നതു ലോകത്ത് ക്രിസ്ത്യാനികൾക്ക് മാത്രം മനസ്സി

ലാകുന്ന വിചിത്രമായ തർക്കയുക്തിയത്രേ! ഏറെ ദുഃഖകകരമായിട്ടുള്ള മറ്റൊരു കാര്യം, എന്തൊരുദ്ദേശ്യാർഥം ഈ പുതിയ ആസൂത്രണത്തിന് അവർ രൂപം നൽകിയോ ആ ഉദ്ദേശ്യം അതായത്, പാപമുക്തി അഥവാ മലീമസമായ ലൗകികതയിൽനിന്നുള്ള മോചനം നേടുകയെന്നതും പ്രാപിക്കാനായില്ല എന്നതത്രേ. നേരെമറിച്ച്, ക്രിസ്ത്യാനികളിൽ ഐഹികജീവിതത്തോടുള്ള ആസക്തി അധികമധികം വളർന്നുവരികയാണുണ്ടായിട്ടുള്ളത്. പാപപരിഹാര സിദ്ധാന്തം അഥവാ, വീണ്ടെടുപ്പ് തത്ത്വം ആവിഷ്കരിക്കപ്പെടുന്നതിന് മുമ്പ്, ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ ജീവിതനില പരിശുദ്ധമായിരുന്നു. ഈ ലോകത്തെ വിഭവങ്ങളിലും മുതലുകളിലും അവർ യാതൊരു പ്രതിപത്തിയും കാണിച്ചിരുന്നില്ല. ഈ ലോകത്തെ മാലിന്യങ്ങളിൽ അവർ അകപ്പെട്ടു പോയിരുന്നില്ല. അവരുടെ പ്രയത്നങ്ങൾ ലൗകികമായ വിഭവങ്ങൾ വാരിക്കൂട്ടുതിലായിരുന്നില്ല. ഇത്തരത്തിലുള്ള ഹൃദയശുദ്ധി വീണ്ടെടുപ്പിനുശേഷം അവരിൽ കാണപ്പെട്ടില്ല. വീണ്ടെടുപ്പിലും യേശുവിന്റെ രക്തത്തിലും അവർ ശക്തിമത്തായ ഊന്നൽ നൽകിക്കൊണ്ടിരുന്നപ്പോൾ വിശേഷിച്ചും, ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും രാപകലെന്നില്ലാതെ ലൗകികതയിൽ ആമഗ്നരായിരിക്കയത്രേ. യൂറോപ്പിലാകെ പരന്നിട്ടുള്ള മറ്റു പാപങ്ങളുടെ കാര്യമാണെങ്കിൽ, പ്രത്യേകിച്ചും മദ്യപാനം, വ്യഭിചാരം തുടങ്ങിയ കുറ്റകൃത്യങ്ങളുടെ കാര്യമാണെങ്കിൽ പറയേണ്ടതുമില്ല!

## സത്യസാക്ഷ്യങ്ങൾ

ഇനി ഞാൻ പൊതുവായി ശ്രോതാക്കളുടെ മുമ്പിൽ എന്റെ വാദങ്ങൾക്കുള്ള തെളിവുകളായി ചിലത് വിവരിച്ചുകൊണ്ട് ഈ പ്രഭാഷണം അവസാനിപ്പിച്ചുകൊള്ളാം. ബഹുമാന്യരായ ശ്രോതാക്കളേ, സത്യം സ്വീകരിക്കുന്നതിന് സർവശക്തനായ ദൈവം നിങ്ങളുടെ ഹൃദയങ്ങൾ തുറന്നുതരട്ടെ. സത്യം തിരിച്ചറിയുമാറാകുന്നതിന് അല്ലാഹു നിങ്ങളിൽ വെളിപാടിറക്കട്ടെ!

ലോകത്തിന്റെ സംസ്കരണത്തിനായി ആവിർഭവിക്കുന്ന ദൈവപ്രേഷിതനായ ഓരോ നബിയെയും റസൂലിനെയും അനുസരിക്കുന്ന കാര്യത്തിൽ, യുക്തിപരമായി നോക്കിയാൽ അവർ പറയുന്നതെല്ലാം പരമമായ സത്യങ്ങളാണെന്നും അവരുടെ വാക്കുകളിൽ യാതൊരു തരത്തിലുള്ള വഞ്ചനയും ചതിയും ഇല്ലെന്നുമുള്ളതുതന്നെ മതിയായ ന്യായീകരണമാകുന്നു. ഋജുബുദ്ധിക്ക് സത്യത്തെ സ്വീകരിക്കുന്ന കാര്യത്തിൽ എന്തെങ്കിലും അദ്ഭുതദൃഷ്ടാന്തം ആവശ്യമായിരിക്കുന്നില്ല.

എന്നാൽ, മനുഷ്യപ്രകൃതിയിൽ ഉൾപ്പെട്ടതാണ് ഊഹിക്കുവാനുള്ള കഴിവ്. ഒരു കാര്യം പ്രത്യക്ഷത്തിൽ ശരിയും യാഥാർഥ്യവും സത്യവും ആയിരുന്നാലും അതേപ്പറ്റി വിവരിച്ചിരുന്ന ആൾക്ക് പ്രത്യക്ഷമായ വല്ല സ്വാർഥോദ്ദേശ്യവും ഉണ്ടായിരിക്കില്ലേ, അഥവാ അയാൾ സ്വയം വഞ്ചിക്കപ്പെട്ടതായിരിക്കുമോ അതുമല്ല, അയാൾ വഞ്ചന പ്രവർത്തിക്കുകയാവില്ലേ എന്നൊക്കെയുള്ള ശങ്ക ഉദിച്ചെന്നുവരും. ഒരു സാധാരണക്കാരനെന്നനിലയിൽ അയാളുടെ കാര്യത്തിൽ ആരും ശ്രദ്ധ കാണിച്ചില്ലെന്നും വരാം. അയാളെ നിസ്സാരനും നിന്ദ്യനും ആയി കരുതിയെന്നുവരാവുന്നതുമാണ്. ചിലപ്പോൾ ദുഷ്ടാത്മാവിന്റെ പ്രേരണാബലങ്ങൾ നിമിത്തം, പറയപ്പെട്ടതെല്ലാം സത്യം തന്നെയെന്നു ബോധ്യപ്പെട്ടെന്നിരിക്കിലും, ശാരീരികമായ മലിനവികാരങ്ങൾക്കടിപ്പെടുകയാൽ നന്മ ഉപദേശിക്കുന്ന ആൾ നടത്താനാഗ്രഹിക്കുന്ന പാതയിൽ ചലിക്കാൻ കഴിവില്ലാത്തവനായിപ്പോകുന്നു. അഥവാ, അയാളുടെ പ്രകൃതിയിലെ മറ്റുചില ബലഹീനതകൾ ഏതൊരു നീക്കത്തെയും തടഞ്ഞുകളയുന്നു. ഇതുകാരണം, ദൈവത്തിൽനിന്നും നിയുക്തരാകുന്ന അവന്റെ പ്രത്യേക ദാസന്മാരോടൊപ്പം ദൈവികസഹായത്തിന്റെ അടയാളംകൂടി ഉണ്ടായിരിക്കണമെന്നും അവ ചിലപ്പോൾ കാരുണ്യത്തിന്റെ (റഹ്മത്ത്) വർണത്തിലും മറ്റുചിലപ്പോൾ ശിക്ഷയുടെ (അദാബ്) രൂപത്തിലും വെളിപ്പെട്ടുകൊണ്ടിരിക്കണമെന്നുമുള്ളത് ദൈവികമായ രഹസ്യജ്ഞാനത്തിന്റെ നിർബന്ധമായിത്തീർന്നു. അങ്ങനെ, ഇതേ ദൃഷ്ടാന്തങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് ദൈവത്തിൽനിന്നും ‘‘സുവിശേഷകൻ’ (ബശീർ) എന്നും ‘‘താക്കീതുകാരൻ’ (നദീർ) എന്നും പേർ നൽകപ്പെട്ടിരിക്കുന്നു. ദൈവികമായ കല്പനകളുടെ മുമ്പിൽ അഹംഭാവം കൈക്കൊള്ളാത്തവരും ദൈവപ്രേഷിതരെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്യാത്തവരും ദൈവദത്തമായ കഴിവുകളാൽ അവരെ തിരിച്ചറിയുന്നവരും ഭക്തിമാർഗത്തെ മുറുകെപിടിച്ചുകൊണ്ട് എടുത്തുചാട്ടം നടത്താതിരിക്കുകയും പ്രൗഢിയും വ്യാജപ്രതാപവും കാരണം പിന്തിരിഞ്ഞുകളയാതിരിക്കുകയും ചെയ്യുന്നവരുമായ സത്യവിശ്വാസികൾ ആണ് ആ കാരുണ്യത്തിന്റെ ദൃഷ്ടാന്തത്തിൽനിന്ന് ഫലമെടുക്കുന്നത്. ദൈവത്തിലേക്ക് വിളിക്കുന്ന ഒരാൾ പ്രവാചകന്മാരുടെ സുന്നത്ത് അനുസരിച്ച് തക്കസമയത്ത് എഴുന്നേറ്റതായി കണ്ടാൽ, അദ്ദേഹത്തിന്റെ സത്യം മനസ്സിലാക്കുന്നതിന് ഒരു പ്രത്യേകമാർഗം തുറന്നു കിടക്കുന്ന വിധത്തിൽ അദ്ദേഹം സംസാരിക്കുകയും അതിൽ ദൈവികസഹായത്തിന്റെയും ഭയഭക്തിയുടെയും വിശ്വസ്തതയുടെയും അടയാളങ്ങൾ

ഉണ്ടായിരിക്കുകയും പ്രവാചകന്മാരുടെ ചര്യകളുടെ അളവുകോലിൽ അയാളുടെ വാക്കിലോ പ്രവൃത്തിയിലോ യാതൊരു ആക്ഷേപത്തി നും ഇടയില്ലാതിരിക്കയും ചെയ്യുന്നുവെങ്കിൽ അത്തരമൊരാളെ അവർ സ്വീകരിക്കുന്നു. എന്നാൽ, ചിലർ മുഖംനോക്കിക്കൊണ്ടുതന്നെ കപട വാദിയോ വഞ്ചകനോ ആയ ഒരാളുടെ മുഖമല്ലെന്നു തിരിച്ചറിയുമാറ് ആർജവമുള്ളവരായിരിക്കും. ഇത്തരം ആളുകൾക്ക് വേണ്ടിയാണ് കാരുണ്യത്തിന്റെ അടയാളം വെളിപ്പെടുന്നത്. അവർ ഓരോ ശ്വാസത്തി ലും ഒരു സത്യവാദിയുടെ സാമീപ്യസമ്പർക്കത്തിൽ സത്യവിശ്വാസ ത്തിന്റെ ബലം ഉൾക്കൊള്ളുകയും പരിശുദ്ധമായ പരിവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് നവംനവങ്ങളായ ദൃഷ്ടാന്തങ്ങൾ കണ്ടുകൊ ണ്ടിരിക്കുകയും അങ്ങനെ മുഴുവൻ സത്യതത്ത്വങ്ങളും ആത്മീയജ്ഞാ നങ്ങളും എല്ലാതരത്തിലുള്ള പരോക്ഷജ്ഞാനപരമായ (ഗൈബീ) അറിയിപ്പുകളും അവരുടെ കാര്യത്തിൽ ദൃഷ്ടാന്തങ്ങളായി ഭവിക്കു കയും ചെയ്യുന്നു. അവർ ബുദ്ധികൂർമതനിമിത്തം ദൈവത്തിൽ നിന്നുള്ള സൂക്ഷ്മാൽസൂക്ഷ്മതരങ്ങളായ സഹായങ്ങളും ദൈവപ്രേഷിതനെ സംബന്ധിക്കുന്നതാണെന്ന് അനുഭവിച്ചറിഞ്ഞുകൊണ്ട് അതിസൂക്ഷ്മ ങ്ങളായ ദൃഷ്ടാന്തങ്ങളെക്കുറിച്ചുപോലും അറിവുനേടുകയും ചെയ്യുന്നു.

എന്നാൽ, ഇതിന്നെതിരിൽ കാരുണ്യത്തിന്റെ ദൃഷ്ടാന്തങ്ങളിൽ നി ന്ന് ഫലമെടുക്കാൻ ഭാഗ്യമില്ലാത്ത ഒരു വിഭാഗവും ഉണ്ട്. നൂഹിന്റെ ജനം മുങ്ങിച്ചാകുന്ന ദൃഷ്ടാന്തമല്ലാതെ മറ്റൊരു ദൃഷ്ടാന്തത്തിൽനിന്നു ഫലമെടുക്കാൻ കൂട്ടാക്കിയില്ലല്ലോ. അതുപോലെത്തന്നെ ലൂത്തിന്റെ ജനവും തങ്ങളുടെ ഭൂമി അടിമേൽമറിഞ്ഞുപോകുകയും തങ്ങളുടെമേൽ ശിലാവർഷമുണ്ടാകയും ചെയ്തു. ആ ദിവ്യദൃഷ്ടാന്തത്തിൽ നിന്നല്ലാതെ മറ്റൊരു അദ്ഭുതതദൃഷ്ടാന്തത്തിൽ നിന്നും ഫലമെടുത്തില്ല. ഇപ്രകാ രംതന്നെ ഈ കാലഘട്ടത്തിൽ ദൈവം എന്നെ നിയോഗിച്ചയച്ചു. ഈ കാലഘട്ടത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും സ്വഭാവപ്രകൃതി കൾ നൂഹ്നബി(അ)ന്റെ കാലത്തെ ജനങ്ങളുടേതിനോട് തുല്യമായി ട്ടുള്ളതായാണ് ഞാൻ കാണുന്നത്.

## കാരുണ്യത്തിന്റെ അടയാളം സൂര്യചന്ദ്രഗ്രഹണങ്ങൾ

കുറേ കൊല്ലങ്ങൾക്കു മുമ്പുതന്നെ ആകാശത്തിൽ എനിക്കുവേണ്ടി രണ്ട് അടയാളങ്ങൾ വെളിപ്പെട്ടിട്ടുണ്ടായിരുന്നു. അത് നുബൂവ്വത്തിന്റെ കുടുംബപരമ്പരയിലൂടെ കൈവന്ന ഒരു പ്രവചനമായിരുന്നു. അവ സാനകാലത്തെ ഇമാം വെളിപ്പെടുമ്പോൾ അദ്ദേഹത്തിനുവേണ്ടി രണ്ട്

അടയാളങ്ങൾ വെളിപ്പെടുമെന്നും അത്തരമൊരടയാളം ഒരിക്കലും ആർക്കുവേണ്ടിയും വെളിപ്പെട്ടിരുന്നില്ലെന്നും പ്രവചനം ചെയ്യപ്പെട്ടിരിക്കുന്നു. അതായത്, ഒരു റമസാൻ മാസത്തിൽ ആകാശത്തിൽ ചന്ദ്രഗ്രഹണമുണ്ടാകും. ആ ഗ്രഹണം സാധാരണ ചന്ദ്രഗ്രഹണമുണ്ടാകുന്ന രാവുകളിൽ ആദ്യത്തെ രാവിലായിരിക്കും സംഭവിക്കുക. ആ നാളുകളിൽ അതേ റമസാനിൽതന്നെ സൂര്യഗ്രഹണവുമുണ്ടാകും. ആ ഗ്രഹണം സാധാരണ സൂര്യഗ്രഹണമുണ്ടാകുന്ന ദിനങ്ങളിൽ മദ്ധ്യത്തിലുള്ള ഒരു പകലിൽ ആയിരിക്കും. ഈ പ്രവചനം സുന്നികളിലും ശിയാക്കളിലും അഭിപ്രായ ഐക്യമുള്ള (മുത്തഫിഖുൻ അലൈഹി) ഒരു പ്രവചനമത്രേ. ഭൂമി ഉടലെടുത്ത ശേഷം മുതൽ ഒരിക്കലുംതന്നെ ഇത്തരത്തിൽ സംഭവിച്ചിട്ടില്ലെന്ന് എഴുതപ്പെട്ടിരിക്കുന്നു. അതായത്, ഒരു ഇമാമത്ത്‌വാദി ഉണ്ടായിരിക്കുകയും അയാളുടെ ദൗത്യകാലത്ത് തന്നെ ഈ രണ്ടു സംഭവങ്ങളും അതേ തീയതികളിൽ വെളിപ്പെടുകയും ചെയ്കയെന്നതത്രേ അത്. എന്നാൽ, അവസാനകാലത്തെ ഇമാമിന്റെ ദൗത്യകാലത്ത് അപ്രകാരംതന്നെ സംഭവിക്കുകയും ഈ അടയാളം അദ്ദേഹത്തിനുവേണ്ടി മാത്രമായിരിക്കുകയും ചെയ്യും. ഈ പ്രവചനം ഒരായിരം കൊല്ലംമുമ്പ് പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നവയാകുന്നു. എന്നാൽ, ഈ പ്രവചനം എന്റെ ഇമാമത്ത് വാദകാലത്ത് പ്രത്യക്ഷപ്പെട്ടപ്പോൾ ആരും അത് സ്വീകരിച്ചില്ല. ജാജ്ജ്വല്യമാനമായ ഈ പ്രവചനം പൂർത്തിയായതുകണ്ടിട്ട് ഒരൊറ്റ ആൾപോലും എനിക്ക് ബൈഅത്ത് ചെയ്തില്ല. നേരെമറിച്ച്, ശകാരം ചൊരിയുന്നതിലും പരിഹാസം കൊള്ളുന്നതിലും ഒരു പടികൂടി കടക്കുകയാണുണ്ടായത്. ദജ്ജാൽ എന്നും കാഫിർ എന്നും കദ്ദാബ് എന്നും മറ്റും അവർ എനിക്ക് പേരു നൽകി. ഈ പ്രവചനം ശിക്ഷാരൂപത്തിലുള്ളതായിരുന്നില്ല. മറിച്ച്, കാരുണ്യരൂപത്തിൽ ദൈവം മുൻകൂട്ടിതന്നെ അവർക്കായി കാണിച്ച ഒരടയാളമായിരുന്നു. എന്നാൽ, ജനം ഈ ദൃഷ്ടാന്തത്തിൽനിന്ന് ഫലമെടുത്തില്ല. എന്റെ നേരെ അവരുടെ ഹൃദയത്തിൽ യാതൊരു ശ്രദ്ധയും ഉണ്ടായില്ല. തങ്ങളുടെ പക്കൽ അതൊരു അടയാളംതന്നെയായിരുന്നില്ല എന്ന പോലെയാണവർ അതിനെ നോക്കിക്കണ്ടത്. അതൊരു നിസ്സാരകാര്യമായി അവർ എണ്ണിത്തള്ളി.

## ശിക്ഷാപരമായ അടയാളം- പ്ലേഗ്

പിന്നെ നിഷേധികളുടെ പരിഹാസങ്ങൾ അതിരു കടന്നപ്പോൾ ദൈവം ഒരു ശിക്ഷയുടെ അടയാളം ഭൂമിയിൽ വെളിപ്പെടുത്തി. അത് തുടക്കം മുതൽക്കേ പ്രവാചകന്മാരുടെ വെളിപാടുകളിൽ എഴുതപ്പെട്ടി

രുന്നതുതന്നെയാണ്. ആ ശിക്ഷാരൂപത്തിലുള്ള അടയാളം, ഏതാനും കൊല്ലമായി ഈ രാജ്യത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന പ്ലേഗത്രേ. മനുഷ്യന്റെ യാതൊരു ആസൂത്രണവും ഇതിന്നെതിരിൽ ഫലിക്കുകയില്ല. ഈ പ്ലേഗിനെക്കുറിച്ചുള്ള പ്രവചനം വിശുദ്ധഖുർആനിൽ വ്യക്തമായ വാചകങ്ങളിൽ പ്രവചിക്കപ്പെട്ടുകാണാം. അല്ലാഹു പറയുന്നു:

وَاِنْ مِّنْ قَرْيَةٍ اِلَّا نَحْنُ مُهْلِكُوْهَا قَبْلَ يَوْمِ الْقِيٰمَةِ اَوْ مُعَذِّبُوْهَا عَذَابًا شَدِيْدًا ❋

അതായത്, ''ഖിയാമ'ത്തിന് കുറച്ച് നാൾമുമ്പ് മാരകമായ പ്ലേഗ് രോഗം പരക്കും. ഇതുമൂലം ചില ഗ്രാമങ്ങൾ പാടെ നശിച്ചുപോകും. മറ്റു ചിലവ ഒരതിരോളം ശിക്ഷയനുഭവിച്ചശേഷം രക്ഷിക്കപ്പെടും.

ഇപ്രകാരംതന്നെ മറ്റൊരു വാക്യത്തിൽ ദൈവം പറഞ്ഞിട്ടുള്ളതിന്റെ അർഥം ഇതാണ്: ''ഖിയാമത്ത് അടുത്താൽ മനുഷ്യരെ കടിക്കുന്ന ഒരുതരം കീടം ഭൂമിയിൽ പുറപ്പെടും. ഇത് അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ സ്വീകരിക്കാത്ത കാരണമായിരിക്കും. ഈ രണ്ട് ആയത്തുകളും വിശുദ്ധഖുർആനിൽ തന്നെയുള്ളതാണ്. ഇത് പ്ലേഗിനെക്കുറിച്ചുള്ള വ്യക്തമായ പ്രവചനമാകുന്നു. എന്തെന്നാൽ, പ്ലേഗും ഒരു കൃമിയിൽനിന്നുണ്ടാകുന്ന രോഗമാകുന്നു. പണ്ടുകാലത്തെ ഭിഷഗ്വരന്മാർക്ക് ഈ കൃമിയെപ്പറ്റി അറിഞ്ഞുകൂടായിരുന്നു. എന്നാൽ, സർവജ്ഞനായ ദൈവത്തിന്നറിയാം. പ്ലേഗ് രോഗ ത്തിന്റെ ഉദ്ഭവം കൃമിയിൽനിന്നാണെന്നും അത് ഭൂമിയിൽനിന്നു ഉദ്ഭവിക്കുന്നതാണെന്നും. അതുകൊണ്ട് തന്നെയാണ് അതിന് ''ദാബ്ബത്തുൽ അർള്' അഥവാ ''ഭൂമിയിലെ കൃമി' എന്നു പേരു വെച്ചിട്ടുള്ളത്.

ചുരുക്കത്തിൽ, ശിക്ഷയുടെ അടയാളം വെളിപ്പെടുകയും പഞ്ചാബിൽ ആയിരക്കണക്കിനാളുകൾ ചത്തുവീഴുകയും ഈ രാജ്യത്ത് അതിഭയങ്കരമായ ഭൂകമ്പമുണ്ടാകുകയും ചെയ്തപ്പോൾ ചിലർക്ക് വിവേകം ഉദിക്കുകയും ഏതാനും നാളുകൾക്കിടയിൽ രണ്ടുലക്ഷത്തോളം ആളുകൾ ബൈഅത്ത് ചെയ്യുകയുമുണ്ടായി. ഇപ്പോൾ വളരെ വലിയതോതിൽ ബൈഅത്തുകൾ നടക്കുകയാണ്. പ്ലേഗ് അതിന്റെ ആക്രമണം അവസാനിപ്പിച്ചിട്ടില്ല. ❋❋ അതു ഒരു അടയാളമായി തുടരുകയുമാണെന്ന

❋ വിശുദ്ധ ഖുർആൻ 7:59

❋❋ 1896 മുതൽ 1906വരെ 11 കൊല്ലത്തിനിടയിൽ 34 ലക്ഷം പേരാണ് ഈ പ്ലേഗിൽ മരിച്ചുവീണതെന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ കാണാം. ഇതുപക്ഷെ, ഔദ്യോഗികകണക്കുകൾ മാത്രമാണ്. തിരുനബിയുടെ കാലത്ത് ഏഴാം നൂറ്റാണ്ടിലും യൂറോപ്പിലുമുണ്ടായ പ്ലേഗ് ദീനത്തിൽ അനേകലക്ഷം ആളുകൾ മരണപ്പെട്ടിരുന്നു. -പരി.

താണ് ഇതിന് കാരണം. ആകയാൽ ഭൂരിപക്ഷം ജനങ്ങളും തങ്ങളിൽ ഏതെങ്കിലും പരിവർത്തനം വരുത്താത്തിടത്തോളം ഈ മഹാമാരി ഈ രാജ്യത്തുനിന്ന് അകന്നുപോകമെന്നു കരുതാൻ നിവൃത്തിയില്ല. ചുരുക്കത്തിൽ, ഈ രാജ്യം നൂഹിന്റെ കാലത്തെ രാജ്യത്തോടു വളരെ സാമ്യമുള്ളതായിരിക്കുന്നു. ആകാശത്തിലെ അടയാളങ്ങൾ നോക്കിക്ക ണ്ടുകൊണ്ട് ആരും സത്യവിശ്വാസം സ്വീകരിച്ചില്ല. എന്നാൽ, ശിക്ഷാപ രമായ ദൃഷ്ടാന്തം കണ്ടിട്ട് ആയിരക്കണക്കിലാളുകൾ ബൈഅത്തിൽ പ്ര വേശിക്കുകയും ചെയ്തു! പൂർവികപ്രവാചകന്മാരും പ്ലേഗിനെ സംബ ന്ധിച്ച ഈ ദൃഷ്ടാന്തത്തെപ്പറ്റി പ്രവചിച്ചിരുന്നു. വാഗ്ദത്ത മശീഹായുടെ കാലത്ത് പ്ലേഗ് ഉണ്ടാകുമെന്ന് സുവിശേഷത്തിലും പറയപ്പെട്ടിരിക്കുന്നു. യുദ്ധങ്ങളെപ്പറ്റിയും പ്രവചനമുണ്ട്. അത് ഇന്നു നടന്നുകൊണ്ടിരിക്കു കയാണല്ലോ.

ആകയാൽ അല്ലയോ മുസ്ലിംകളേ; പശ്ചാത്തപിക്കുവിൻ! ഓരോ കൊല്ലവും നിങ്ങളുടെ ഉറ്റവരെ ഈ പ്ലേഗ്രോഗം നിങ്ങളിൽനിന്നു അകറ്റിക്കളയുകയാണല്ലോ. ദൈവത്തിലേക്ക് ചായുവിൻ. എന്നാൽ അവനും നിങ്ങളുടെ ഭാഗത്തേക്ക് ചായും. പ്ലേഗിന്റെ പ്രഭാവം എത്ര കാലത്തേക്ക് എന്നും എന്താണ് സംഭവിക്കാനിരിക്കുന്നതെന്നും ന മുക്കറിയില്ല. എന്റെ വാദങ്ങളെ സംബന്ധിച്ചിടത്തോളം സംശയങ്ങളു ണ്ടെങ്കിലും നി ങ്ങൾക്ക് സത്യം അറിയണമെന്നുണ്ടെങ്കിൽ ഈ സംശ യമകറ്റുകയെന്നത് വളരെ എളുപ്പമാണ്. എന്തുകൊണ്ടെന്നാൽ, ഓരോ നബിയുടെയും സത്യം മൂന്നു മാർഗങ്ങളിൽ തിരിച്ചറിയാൻ കഴിയും.

## മൂന്ന് സത്യപരീക്ഷണമാർഗ്ഗങ്ങൾ

**ഒന്നാമതായി:** ബുദ്ധിപരമായിട്ട് എന്നുവെച്ചാൽ, ആ നബിയോ റസൂലോ വന്നത് എപ്പോഴാണെന്നു നോക്കുക. ഈ കാലഘട്ടത്തിൽ അങ്ങനെയൊരാൾ വരേണ്ടത് ആവശ്യമായിരുന്നുവോ ഇല്ലേ എന്ന പ്രശ്നത്തിൽ സ്വച്ഛമായ ബുദ്ധിസാക്ഷ്യം പറയുന്നുണ്ടോ ഇല്ലേ? മനു ഷ്യരുടെ ഇന്നത്തെ അവസ്ഥ ഇത്തരമൊരു കാലഘട്ടത്തിൽ അങ്ങ നെയൊരു പരിഷ്കർത്താവ് പ്രത്യക്ഷപ്പെടുന്നതിന് ആഗ്രഹിക്കുന്നു ണ്ടായിരുന്നുവോ?

**രണ്ടാമതായി,** മുൻപ്രവാചകന്മാരുടെ പ്രവചനങ്ങൾ എന്നുവെ ച്ചാൽ, ഏതെങ്കിലും മുൻപ്രവാചകൻ അത്തരമൊരാളെപ്പറ്റി അഥവാ ആ കാലഘട്ടത്തിൽ ആരെങ്കിലും പ്രത്യക്ഷപ്പെടുന്നതിനെപ്പറ്റി പ്രവചനം ചെയ്തിട്ടുണ്ടോ ഇല്ലേ എന്നു നോക്കുക.

**മൂന്നാമതായി,** ദൈവികസഹായവും സ്വർഗീയമായ പിന്തുണയും അതായത്, പ്രസ്തുതവാദിക്ക് സ്വർഗീയമായ പിന്തുണയും സഹായങ്ങളും ലഭിക്കുന്നുണ്ടോ എന്നു നോക്കുക.

ഈ മൂന്നു ലക്ഷണങ്ങളാണ് സത്യവാനായ ഒരു ദൈവനിയോഗവാദിയെ തിരിച്ചറിയുന്നതിന് അനാദികാലംമുതൽക്കേ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അല്ലയോ സ്നേഹിതരേ, ദൈവം നിങ്ങളിൽ കനിഞ്ഞ് ഈ മൂന്നു ലക്ഷണങ്ങളും എന്റെ സത്യസാക്ഷ്യത്തിന്നായി ഒരിടത്ത് ഒരുമിച്ചുകൂട്ടിയിരിക്കുകയാണ്. നിങ്ങൾ ഇഷ്ടമനുസരിച്ച് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തുകൊൾവിൻ. ചിന്തിക്കുകയാണെങ്കിൽ മുസ്‌ലിംകൾക്കായി ഇക്കാലത്ത് ഒരു സ്വർഗീയ പരിഷ്കർത്താവ് വെളിപ്പെടേണ്ട ആവശ്യമുണ്ടെന്ന് സ്വച്ഛമായ ബുദ്ധിപരിദേവനം ചെയ്യുകയും കേഴുകയും ചെയ്യുന്നുവെന്നു കാണാം. മുസ്‌ലിംകളുടെ ആന്തരീയവും ബാഹ്യവുമായ അവസ്ഥകൾ രണ്ടും ഭയാനകമായിരിക്കുന്നു. ഒരു വൻഗർത്തത്തിന് സമീപം മുസ്‌ലിംകൾ എത്തിനിൽക്കുകയാണെന്നു തോന്നുന്നു. അഥവാ ശക്തമായ ഒരു ഒഴുക്കിന്റെ പിടിയിൽ പെട്ടിരിക്കുകയാണെന്ന്! മുൻകാലങ്ങളിലെ പ്രവചനങ്ങൾ തെരഞ്ഞുനോക്കുകയാണെങ്കിൽ ദാനിയേൽ പ്രവാചകൻപോലും എന്നെപ്പറ്റി, എന്റെ ഈ കാലഘട്ടത്തെപ്പറ്റി പ്രവചനം ചെയ്തിട്ടുള്ളതായി കണ്ടെത്താൻ കഴിയും. ഈ ഉമ്മത്തിൽ തന്നെ വാഗ്ദത്തമസീഹ് പ്രത്യക്ഷനാകുമെന്നു തിരുനബി(സ) അരുൾചെയ്തിട്ടുണ്ട്. ആർക്കെങ്കിലും ഇതറിഞ്ഞുകൂടെങ്കിൽ അവർ സഹീഹ് ബുഖാരിയും സഹീഹ് മുസ്‌ലിമും തുറന്നുനോക്കട്ടെ. പിന്നെ നൂറ്റാണ്ടിന്റെ തലയ്ക്കൽ ''മുജദ്ദിദ്' ആഗതനാകുമെന്ന പ്രവചനവും ഉണ്ട്. എന്റെ കാര്യത്തിൽ ദൈവികസഹായങ്ങളുള്ളതിനെപ്പറ്റി പരിശോധിക്കുകയാണെങ്കിൽ, ഇതിനിടയിൽ ആയിരക്കണക്കായ അടയാളങ്ങൾ വെളിപ്പെട്ടുകഴിഞ്ഞിരിക്കയാണെന്ന് അറിഞ്ഞുകൊൾവിൻ.

## പ്രസിദ്ധിയെപ്പറ്റി പ്രവചനം

ഇതിന് പുറമെ 24 കൊല്ലം മുമ്പ് ബറാഹീനെ അഹ്മദിയ്യയിൽ എഴുതപ്പെട്ട അടയാളവും ശ്രദ്ധേയമാണ്. ഒരൊറ്റ വ്യക്തിയും ഞാനുമായി ബയ്അത്ത് ബന്ധത്തിൽ ഏർപ്പെട്ടിരുന്നിട്ടില്ലാത്ത കാലത്താണ് അത് എഴുതപ്പെട്ടത്. അന്ന് ആരുംതന്നെ എന്റെ അടുക്കൽ യാത്ര ചെയ്ത് എത്താറുമുണ്ടായിരുന്നില്ല. ആ അടയാളം അല്ലാഹു എന്നോടു ഇപ്രകാരം പറഞ്ഞിട്ടുള്ളതാണ്:

يَأْتِيكَ مِنْ كُلِّ فَجٍّ عَمِيقٍ - يَأْتُونَ مِنْ كُلِّ فَجٍّ عَمِيقٍ -

''ദൂരദേശങ്ങളിൽനിന്നു നിന്റെ അടുക്കൽ ആളും അർഥവും (സാധന സാമഗ്രികൾ) വന്നെത്തും; ദൂരദേശങ്ങളിൽനിന്ന് ആളുകൾ വന്നെത്തും.'' പിന്നെയും പറയുന്നു:

وَلَا تُصَعِّرْ لِخَلْقِ اللهِ وَلَا تَسْئَمْ مِنَ النَّاسِ۔

''അല്ലാഹുവിന്റെ സൃഷ്ടികളുടെ ആധിക്യം കണ്ട് നീ അന്ധാളിച്ചുപോകരുത്. അവരുടെ നേരെ അനാദരം കാട്ടുകയുമരുത്. അവരെ കണ്ടിട്ട് നീ തളർന്നു പോകരുത്.''

അല്ലയോ പ്രിയപ്പെട്ടവരേ, ഖാദിയാനിൽ എന്റെ അടുക്കൽ എപ്രകാരമാണ് ജനം വന്നത് എന്നും ആ പ്രവചനം എത്ര വ്യക്തമായ തരത്തിലാണ് പൂർത്തിയായത് എന്നും നിങ്ങൾക്ക് അറിയില്ലായിരിക്കാം. എന്നാൽ ഇതേ നഗരത്തിൽ നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കുമല്ലോ, ഞാൻ വന്നപ്പോൾ എന്നെ കാണുന്നതിന്നായിട്ടു ആയിരക്കണക്കിനാളുകൾ ഈ നഗരത്തിലെതന്നെ റയിൽവേസ്റ്റേഷനിൽ തടിച്ചുകൂടിയിരുന്നു എന്ന്. നൂറുകണക്കിൽ പുരുഷന്മാരും സ്ത്രീകളും ഈ നഗരത്തിൽവെച്ചുതന്നെ ബൈഅത്ത് ചെയ്യുകയുമുണ്ടായി. ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധം ചെയ്യുന്നതിന് ഏതാണ്ട് എട്ടുകൊല്ലം മുമ്പ് ഇതേ നഗരത്തിൽ ഏഴു കൊല്ലക്കാലം താമസിച്ചുപോന്നിരുന്ന അതേ ആൾതന്നെയാണ് ഞാൻ. അന്നും ആരോടും എനിക്ക് ബന്ധമുണ്ടായിരുന്നില്ല. എന്റെ സ്ഥിതിയെക്കുറിച്ച് ആർക്കും അറിവുണ്ടായിരുന്നുമില്ല. ഈ പ്രസിദ്ധിയും ജനക്കൂട്ടത്തിന്റെ സാന്നിധ്യവും ഉണ്ടാവുന്നതിന് 24 കൊല്ലം മുമ്പ് ജനദൃഷ്ടിയിൽ എനിക്ക് ഒരു പരിഗണനയും ഇല്ലാതിരുന്നപ്പോൾ ബറാനീനെ അഹ്മദിയ്യ എന്ന എന്റെ പുസ്തകത്തിൽ ഈ പ്രവചനം അടങ്ങിയിട്ടുള്ളതിനെപ്പറ്റി നിങ്ങൾ നല്ലവണ്ണം ചിന്തിക്കുകയും ആലോചിച്ച് നോക്കുകയും ചെയ്യുവിൻ. ഞാൻ വിചാരിച്ചതുപോലെ ബറാഹീൻ പ്രസിദ്ധീകരിക്കുന്ന കാലത്തിനടുത്ത് ഞാൻ ഏഴുകൊല്ലക്കാലം ഇതേ പട്ടണത്തിൽ വസിച്ചിരുന്നെങ്കിലും അന്നു ഞാനുമായി പരിചയപ്പെട്ടിരുന്നവർ നിങ്ങളിൽ വളരെ തുച്ഛം പേരേ ഉണ്ടായിരിക്കയുള്ളൂ. എന്തുകൊണ്ടെന്നാൽ, ഞാൻ അന്നു തീരെ അറിയപ്പെടാത്ത ഒരാളായിരുന്നു. ജനങ്ങളിൽ ഒരുത്തൻ മാത്രം. ജനദൃഷ്ടിയിൽ എനിക്ക് യാതൊരു മഹത്ത്വവും യാതൊരു മാന്യതയും ഇല്ലായിരുന്നു. എന്നാൽ, ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ടും അനേകരിൽ ഏകനായും കഴിഞ്ഞിരുന്ന ആ കാലഘട്ടം എനിക്ക് ഏറെ മധുരോദാരം ആയിരുന്നു. ഞാൻ അന്ന് നഗരത്തിൽ താമസിച്ചത് കാട്ടിൽ വസിക്കുന്ന ഒരാളെപ്പോലെയായിരു

ന്നു. എനിക്ക് ഈ പ്രദേശം ഖാദിയാനെപോലെതന്നെ പ്രിയപ്പെട്ടതാണ്. എന്തുകൊണ്ടെന്നാൽ, എന്റെ ആദ്യകാലജീവിതത്തിലെ ഒരു ഭാഗം ഞാൻ ഈ നഗരത്തിലാണ് കഴിച്ചുകൂട്ടിയിരുന്നത്. ഈ നഗരത്തിലെ വീഥികളിൽ ഞാൻ വളരെ പ്രാവശ്യം നടന്നുനീങ്ങിയിട്ടുണ്ട്. അക്കാലത്ത് ഈ നഗരത്തിൽ എന്റെ ഉറ്റ ചങ്ങാതിയായി ഒരു വന്ദ്യപുരുഷൻ ഉണ്ടായിരുന്നത് ഹക്കീം ഹുസാമുദ്ദീൻ സാഹിബ് ആണ്. ഇന്നും അദ്ദേഹം എന്നോട് അളവറ്റ സ്നേഹം പുലർത്തുന്നു. അത് എങ്ങനെയുള്ള കാലമായിരുന്നുവെന്നും ഞാൻ അക്കാലത്ത് എത്തരത്തിലുള്ള അജ്ഞാതത്വത്തിന്റെ ഗർത്തത്തിലായിരുന്നുവെന്നും അദ്ദേഹത്തിന് സാക്ഷ്യം നൽകാൻ കഴിയും. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ ഇത്തരത്തിലുള്ള അത്യുജ്ജ്വലമായ ഒരു പ്രവചനം. അതായത് ഈ അജ്ഞാതവ്യക്തിക്ക് ഒടുവിൽ ഇത്ര വലിയ ഉയർച്ച കിട്ടുമെന്നും ലക്ഷക്കണക്കിനാളുകൾ അയാളുടെ അനുയായികളും മുരീദന്മാരും ആയിമാറുമെന്നും ജനങ്ങൾ കൂട്ടംകൂട്ടമായി ബൈഅത്ത് ചെയ്യുമെന്നും ശത്രുക്കളുടെ കടുത്ത എതിർപ്പുകൾ ഉണ്ടായാലും ജനസഹസ്രങ്ങളുടെ ആഗമനത്തിൽ വ്യത്യാസമുണ്ടാകയില്ലെന്നും തളർച്ചയുണ്ടായിപ്പോകുമാറ് ജനങ്ങളുടെ പെരുപ്പം ഉണ്ടാകുമെന്നും മറ്റുമുള്ള പ്രവചനം ചെയ്കയെന്നത് മനുഷ്യസാദ്ധ്യമായ കാര്യമാണോ എന്നു ഞാൻ നിങ്ങളോട് ചോദിച്ചുകൊള്ളട്ടെ. ഇത്തരമൊരു പ്രവചനം ഏതെങ്കിലും ഒരു കപടവാദിക്ക് പുറപ്പെടുവിക്കാനാകുമോ? ഇരുപതു കൊല്ലം മുമ്പ് ഏകമൂകനായും നിരാശ്രയനായും കഴിഞ്ഞ ഒരു മനുഷ്യന് ഈ ഉയർച്ച ലഭിക്കയും ജനസഹസ്രങ്ങൾ അയാളിലേക്ക് തിരിയുകയും ചെയ്യുമെന്ന് പ്രവചിക്കാനാകുമോ? ഈ പ്രവചനം രേഖപ്പെട്ടു കിടക്കുന്ന ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥം ആരും അറിയാത്ത ഒരു ഗ്രന്ഥമൊന്നുമല്ല.* ഈ രാജ്യത്ത് മുസ്ലിംകളുടെയും ആര്യസുഹൃത്തുക്കളുടെയും പക്കൽ അതുണ്ട്. ഗവർമ്മെണ്ടിന്റെ പക്കലും അതിന്റെ പ്രതികൾ കാണാം. ഈ അത്യുജ്ജ്വലമായ ദൃഷ്ടാന്തത്തിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഇതിന് തുല്യമായ ഒന്ന് അവർ കാണിച്ചുതരട്ടെ.

## പ്രവചനങ്ങളെ കുറിച്ചുള്ള ആക്ഷേപങ്ങൾ

ഇതിനെല്ലാം പുറമെ ഈ രാജ്യക്കാർക്ക് അറിവുള്ള മറ്റു എത്രയോ അട

* 1880ൽ പ്രസിദ്ധപ്പെടുത്തിയ ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥത്തിന് വമ്പിച്ച സ്വീകാരം സിദ്ധിച്ചിരുന്നതായി ടൈംസ് ഓഫ് ഇന്ത്യയുടെ നൂറാം വാർഷികപ്പതിപ്പിൽ സുപ്രസിദ്ധ ചരിത്രപണ്ഡിതനായ എച്ച്.ഡി. സങ്കാലിയ എഴുതിയ ലേഖനത്തിൽ പറയുന്നു. (Illustated Weekly of India. 1-4-1979)(പരി)

യാളങ്ങൾ ഉണ്ട്. സത്യം സ്വീകരിക്കാൻ തയ്യാറില്ലാത്ത വിവരംകെട്ടവർ തെളിയിക്കപ്പെട്ട അടയാളങ്ങളിൽനിന്നും യാതൊരു ഫലവും എടുക്കുകയില്ല. അവർ അർത്ഥമില്ലാത്ത ജല്പനങ്ങൾ നടത്തുന്നതിൽ വ്യാപൃതരായിരിക്കുന്നു. ഒന്നോ രണ്ടോ പ്രവചനങ്ങളെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ട് ആയിരക്കണക്കായ പ്രവചനങ്ങളെയും തുറന്ന അടയാളങ്ങളെയും അവർ അവഗണിക്കുന്നു. കഷ്ടം! കള്ളംപറയുന്ന കാര്യത്തിൽ അവർ അണുമാത്രവും ദൈവത്തെ ഭയപ്പെടുന്നില്ല. കറ്റുകെട്ടിപ്പറയുമ്പോൾ പരലോകത്തെക്കുറിച്ച് അവർ ഓർമിക്കുന്നുമില്ല. അവരുടെ ആരോപണങ്ങളെല്ലാം ഇവിടെ വിവരിച്ചുപറയേണ്ട കാര്യം എനിക്കില്ല. അവർക്ക് ഭയഭക്തി ഉണ്ടെങ്കിൽ ലവലേശം ദൈവഭയം അവർക്കുണ്ടെങ്കിൽ ദൈവികമായ ദൃഷ്ടാന്തങ്ങളെ കള്ളമാക്കുന്നതിന് അവർ ധൃതിപ്പെടുകയില്ലായിരുന്നു. അഥവാ, അവർക്കെന്തെങ്കിലും കാര്യം മനസ്സിലാകാതെയുണ്ടെങ്കിൽ അവർ മനുഷ്യത്വത്തോടും സൗമ്യമായരീതിയിലും അതിന്റെ യാഥാർഥ്യം എന്നോട് ചോദിച്ചറിയുമായിരുന്നു.

ആഥിം അവധിക്കുള്ളിൽ മരിച്ചില്ല എന്നതാണ് അവരുടെ ഒരു വലിയ ആക്ഷേപം. അഹ്മദ് ബേഗ് പ്രവചനമനുസരിച്ച് മരിച്ചുവെങ്കിലും അതേ പ്രവചനത്തിൽ ഉൾപ്പെട്ട അയാളുടെ ജാമാതാവ് മരിച്ചില്ല എന്നും അവർ ആക്ഷേപിക്കുന്നു. പൂർത്തീകരിക്കപ്പെട്ട ആയിരക്കണക്കായ പ്രവചനങ്ങളെപ്പറ്റി മിണ്ടുകപോലും ചെയ്യാതെ ഒന്നോ രണ്ടോ പ്രവചനങ്ങളെപ്പറ്റി, അവർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല എന്നതുകൊണ്ട് അതാവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുകയും എല്ലായിടങ്ങളിലും അതു സംബന്ധിച്ച് ഒച്ചപ്പാടുകൾ കൂട്ടുകയും ചെയ്യുന്നു. ഇതാണവരുടെ തഖ്‌വാ. ദൈവഭയമുണ്ടെങ്കിൽ പൂർത്തിയായ അടയാളങ്ങളിൽനിന്നും പ്രവചനങ്ങളിൽനിന്നും അവർ ഫലമെടുക്കുമായിരുന്നു. തുറന്ന അദ്ഭുതദൃഷ്ടാന്തങ്ങളിൽനിന്ന് മുഖംതിരിക്കുന്നതും മനസ്സിലാകാത്ത കാര്യങ്ങളെപ്പറ്റി ആക്ഷേപങ്ങളുതിർക്കുന്നതും സാത്വികരുടെ രീതിയല്ല. ഇതു ശരിയാണെങ്കിൽ സകല നബിമാരെപ്പറ്റിയും ആക്ഷേപങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്. ഇത്തരം രീതിയവലംബിക്കുന്നവർക്ക് ഒടുവിൽ ഒന്നിലും വിശ്വാസമൂന്നാനാവാതെവരും. ഉദാഹരണമായി, ഹദ്റത്ത് ഈസാ[അ]ന്റെ അദ്ഭുതകൃത്യങ്ങളെപ്പറ്റി എന്താണ് പറയാനുള്ളത്? എന്നാൽ, അദ്ദേഹത്തിന്റെ ചില പ്രവചനങ്ങൾ കളവായി പുലരുകയുണ്ടായെന്ന് ഒരു ശത്രുവിന് പറയാം. യേശുമിശീഹായുടെ യാതൊരു പ്രവചനവും പൂർത്തിയായിട്ടില്ലെന്ന

ത്രേ യഹൂദർ ഇന്നും പറയുന്നത്. തന്റെ 12 ശിഷ്യന്മാർ സ്വർഗത്തിൽ 12 സിംഹാസനങ്ങളിൽ ഇരിക്കും എന്നു യേശു പ്രവചിച്ചു എങ്കിലും ആ പന്ത്രണ്ടുപേർ 11 ആയി കുറഞ്ഞുപോയി! ഒരാൾ വിശ്വാസമുപേക്ഷിച്ചു. താൻ തിരിച്ചുവരുന്നതുവരെ അക്കാലത്തുള്ളവരാരും മരിക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടായിരുന്നു. ആ കാലം പോകട്ടെ, കഴിഞ്ഞ 18 നൂറ്റാണ്ടുകളിലെ ജനങ്ങളും കബറുകളിലായിട്ടും യേശു ഇനിയും തിരിച്ചുവന്നില്ല. അതേകാലത്ത് തന്നെ അദ്ദേഹത്തിന്റെ പ്രവചനം കളവായിപ്പുലർന്നു. താൻ യഹൂദരുടെ രാജാവാണെന്നു യേശു പറഞ്ഞിരുന്നു. എന്നാൽ യാതൊരു രാജത്വവും അദ്ദേഹത്തിന് കിട്ടിയില്ല. ഇപ്രകാരം വേറേയും എത്രയോ ആക്ഷേപങ്ങൾ പുറപ്പെടുവിക്കപ്പെടുന്നു. ഇതേ പോലെതന്നെ ഇക്കാലത്ത് ചില ദുർവൃത്തരായ ആളുകൾ തിരുനബി(സ) യുടെ പ്രവചനങ്ങളെപ്പറ്റി ആക്ഷേപങ്ങളുന്നയിച്ചുകൊണ്ട് സകല പ്രവചനങ്ങളെയും നിരാകരിക്കുന്നു. ചിലർ ഹുദൈബിയായിലെ കഥ പറയുന്നു* ഇത്തരം ആക്ഷപേങ്ങൾ അംഗീകരിക്കാമെങ്കിൽ അത്തരക്കാരെപ്പറ്റി ഞാനന്തു പറയാനാണ്? എന്നാൽ, ഇത്തരം രീതി സ്വീകരിച്ചുകൊണ്ട് ആരും ഇസ്ലാം ഉപേക്ഷിച്ചു കളയാതിരിക്കട്ടെ. എല്ലാ നബിമാരുടെയും പ്രവചനങ്ങളിലും അപ്രകാരംതന്നെ എന്റെ പ്രവചനങ്ങളിലും ഇജ്തിഹാദിന്റെ അഥവാ വ്യാഖ്യാനഗവേഷണത്തിന്റെ ഒരു വശവും ഉണ്ടാകും. തിരുനബിയുടെ ഹുദൈബിയാ യാത്രയുടെ കാര്യത്തിലും വ്യാഖ്യാനത്തിന്റെ കലർപ്പുണ്ടായിരുന്നു. പക്ഷേ, തിരുനബിയുടെ വ്യാഖ്യാനം അവിടെ ഒത്തില്ല. തിരുനബിയുടെ മഹത്ത്വത്തിനോ, അന്തസ്സിനോ പ്രഭാവത്തിനോ ബഹുമാന്യതയ്ക്കോ അപ്രകാരമുള്ള വ്യാഖ്യാനപ്പിഴവുകൾ ഒരു കുറച്ചിലും വരുത്തുന്നില്ല. അതുമൂലം വിശ്വാസ്യതയ്ക്കുള്ള കുറവ് നഷ്ടപ്പെടുമെന്നാണെങ്കിൽ അതിനുള്ള മറുപടി ആധിക്യത്തിന്റെ വശം ആ വിശ്വാസ്യതയ്ക്കുള്ള ഉറപ്പ് നൽകുന്നു എന്നത്രേ. അത് ചിലപ്പോൾ നബിയുടെ വഹ്യ് ''ഖബർ വാഹിദ്' പോലെയായിരിക്കും. അതോടൊപ്പം മുജ്മലും അതായത് സംക്ഷിപ്തവും ആയിരിക്കുന്നതാണ്. ചിലപ്പോൾ വഹ്യ് ഒരു പ്രത്യേക വിഷയത്തെ കൂടുതലായി വ്യക്തമാക്കിയിരിക്കും. മുജ്മൽ വഹ്യിൽ അതായത് സംക്ഷിപ്ത വെളിപാടിൽ ഇജ്ത്തിഹാദ്പരമായ അഥവാ വ്യാഖ്യാനഗവേഷണപരമായ എന്തെങ്കിലും തെറ്റു വന്നുപോയാൽതന്നെ ഖണ്ഡിതമായ വിവരണത്തിന് അതുകൊണ്ട് യാതൊരു

* തിരുനബിയുടെ പ്രവചനപ്രകാരം കഅബയിൽ പ്രദക്ഷിണം നടത്താൻ ചെന്ന മുസ്ലിംകൾക്ക് ഹുദൈബിയിൽവെച്ച് സന്ധിചെയ്തു മടങ്ങേണ്ടിവന്ന സംഭവമാണ് ഇവിടെ സൂചന. -പരി.

കോട്ടവുമുണ്ടാകുന്നില്ല. ഏതായാലും എനിക്കുണ്ടായ വെളിപാടുകൾ ചിലപ്പോൾ ഖബ്റ് വാഹിദ് പോലുള്ളതും മുജ്മലും ആയിരിക്കുകയോ അത് മനസ്സിലാക്കുന്ന കാര്യത്തിൽ വ്യാഖ്യാനപരമായ പിഴവ് ഉണ്ടായിരിക്കുകയോ ചെയ്യാം എന്നതിനെ എനിക്ക് നിഷേധിക്കാൻ ആവില്ല. ഇക്കാര്യത്തിൽ സകല നബിമാരും പങ്കാളികളത്രേ.(ലഅനത്തുല്ലാഹി അലൽ കാദിബീൻ). അതോടൊപ്പംതന്നെ, ഭീഷണമായ പ്രവചനങ്ങൾ പൂർത്തിയാക്കികാണിക്കാൻ ദൈവം നിർബന്ധിതനൊന്നുമല്ല എന്നും ഓർക്കേണ്ടതുണ്ട്. യൂനുസ്നബിയുടെ പ്രവചനം ഇതിനു സാക്ഷ്യമാണ്. ആപത്തിനെക്കുറിച്ചുള്ള ഭീഷണിയടങ്ങിയ ദൈവനിശ്ചയങ്ങൾ സദഖ (ദാനധർമ്മങ്ങൾ)കൊണ്ടും ദുആ (പ്രാർഥന)കൊണ്ടും നീങ്ങിപ്പോകുമെന്ന കാര്യത്തിൽ സകല പ്രവാചകന്മാരും ഏകാഭിപ്രായക്കാരത്രേ. ഭീഷണി ഉൾക്കൊള്ളുന്ന പ്രവചനങ്ങൾ നീങ്ങിപ്പോകാൻ പാടില്ലെങ്കിൽ സദഖയും ദുആയും നിഷ്ഫലങ്ങളായിത്തീരുന്നതാണ്.

## ഈസാനബി(അ) മരിച്ചു

ഞാൻ എന്റെ ഭാഷണം അവസാനിപ്പിക്കുകയാണ്. അനാരോഗ്യവും ശാരീരികക്ഷീണവും ഉണ്ടായിട്ടും ഇതെഴുതുവാൻ എനിക്ക് ഭാഗ്യം തന്നരുളിയ ദൈവത്തിന് ഞാൻ കൃതജ്ഞത പ്രകടിപ്പിക്കുന്നു. ഈ പ്രഭാഷണം അനേകർക്ക് സന്മാർഗദർശനത്തിനുള്ള കാരണമായിത്തീരട്ടെ എന്നു ഞാൻ പ്രാർഥിക്കുന്നു. ഈ സമ്മേളനത്തിൽ ബാഹ്യമായതരത്തിലുള്ള കൂടിച്ചേരൽ ദൃശ്യമായിരിക്കുന്നതുപോലെതന്നെ സകല ഹൃദയങ്ങളിലും സന്മാർഗദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള ബന്ധവും സ്നേഹപരമായ കെട്ടുപാടുകളും ഉണ്ടായിത്തീരട്ടെ. എല്ലാ ഭാഗങ്ങളിലും സന്മാർഗദർശനത്തിന്റെ കാറ്റടിക്കുമാറാകട്ടെ! സ്വർഗീയമായ പ്രകാശം കൂടാതെ കണ്ണുകൾക്കൊന്നും കാണാനാകില്ല. ആകയാൽ ദൈവം ആകാശത്തിൽ നിന്നും ആത്മീയപ്രകാശം ചൊരിയുമാറാകട്ടെ! അങ്ങനെ കണ്ണുകൾ തുറക്കപ്പെടുകയും പരോക്ഷത്തിൽനിന്ന് കാതുകൾക്ക് ശ്രവണശക്തി ലഭിക്കുന്നതിനുള്ള കാറ്റടിക്കുകയും ചെയ്യുമാറാകട്ടെ! ആർക്കാണ് എന്റെ അടുത്തേക്ക് വരാൻ കഴിയുക? ദൈവംതന്നെ എന്റെ അടുത്തേക്ക് ആകർഷിച്ചടുപ്പിക്കുന്നവർക്ക് മാത്രം. അവൻ അനേകരെ ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. ആകർഷിക്കുകയും ചെയ്യും. അനേകം പൂട്ടുകൾ തുറക്കപ്പെടുന്നതുമാണ്. എന്റെ വാദത്തിന്റെ വേര് ഈസാനബിയുടെ മരണം ആകുന്നു. ഈ വേരിന് ദൈവം അവന്റെ കൈകൊണ്ടുതന്നെ വെള്ളം പകരുകയാണ്. റസൂൽ ഇതിന് സംരക്ഷണം നൽകുന്നു. ദൈവം

അവന്റെ വാക്കുകൊണ്ടും അവന്റെ റസൂലിന്റെ പ്രവൃത്തികൊണ്ടും എന്നുവെച്ചാൽ, സ്വന്തം കണ്ണുകൊണ്ട് കണ്ട ദൃശ്യം മുഖേനയും ഹദ്റത്ത് ഈസാ(അ) മരിച്ചുപോയി എന്നു സാക്ഷ്യം നൽകിയിരിക്കുന്നു. അവിടുന്ന് മിഅ്റാജ് രാത്രിയിൽ ഹദ് റത്ത് ഈസാ(അ)നെ മരിച്ചുപോയ ആത്മാക്കളുടെ കൂട്ടത്തിൽ കാണുകയുണ്ടായി. എന്നിട്ടും കഷ്ടം! ആളുകൾ അദ്ദേഹം ജീവിച്ചിരിക്കുന്നതായി കരുതുന്നു! മറ്റൊരു നബിക്കു നൽകപ്പെട്ടിട്ടില്ലാത്ത സവിശേഷത അദ്ദേഹത്തിന് നൽകുകയും ചെയ്യുന്നു. ഇതേ കാരണങ്ങളാൽ തന്നെയാണ് മസീഹിന്റെ ദൈവത്വത്തിന് ക്രിസ്ത്യാനികളുടെ ഇടയിൽ ശക്തിപ്രാ പ ിക്കാൻ കഴിഞ്ഞത്. അനേകം ആളുകൾ ഇത്തരം വിശ്വാസങ്ങളാൽ വഞ്ചിതരായിത്തീരുകയും ചെയ്യുന്നു. ഈസാനബി(അ) മരണപ്പെട്ടുപോയിരിക്കുന്നു എന്ന കാര്യം ദൈവം എന്നെ അറിയിച്ചിരിക്കുകയാണ്. അക്കാര്യത്തിൽ ഞാൻ സാക്ഷിയാണ്. അദ്ദേഹത്തെ ഇനി ജീവിപ്പിക്കുന്നത് ദീനിനെ തകർക്കലാണ് ഈ ചിന്തയിൽ കഴിയുന്നത് ഒരുതരം പിള്ളേർകളിയത്രേ. കഴിഞ്ഞുപോയ നബിമാരിൽ ആരുംതന്നെ ജീവിച്ചിരിക്കുന്നില്ല എന്ന കാര്യത്തിലാണ് ഇസ്‌ലാമിൽ ആദ്യത്തെ ഇജ്മാഅ് (അഭിപ്രായൈക്യം) ഉണ്ടായിട്ടുള്ളത്. അത്

مَا مُحَمَّدٌ إِلَّا رَسُولٌ ۚ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ

"മുഹമ്മദ് ഒരു റസൂൽ അല്ലാതെ മറ്റാരുമല്ല. അദ്ദേഹത്തിനു മുമ്പുള്ള പ്രവാചകന്മാരെല്ലാം കഴിഞ്ഞുകടന്നിരിക്കുന്നു" എന്ന ആയത്തിൽ അത് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഈ ഇജ്മാഇന്റെ കാരണക്കാരനായ ഹദ്റത്ത് അബൂബക്കറിന് അല്ലാഹു അധികമധികം പ്രതിഫലങ്ങൾ നൽകുമാറാകട്ടെ. മിമ്പറിൽ കയറിനിന്നുകൊണ്ട് അദ്ദേഹം ഈ ആയത്ത് ഓതിക്കേൾപ്പിച്ചു.

ഒടുവിലായി, ഞാൻ ഇംഗ്ലീഷ് സർക്കാരിന് ഹൃദയംഗമമായ നന്ദി പറയുന്നു. അവർ തങ്ങളുടെ ഹൃദയവിശാലതകൊണ്ട് നമുക്ക് മത സ്വാതന്ത്ര്യം തന്നരുളി. ഈ സ്വാതന്ത്ര്യത്തിലാണ് നാം അത്യാവശ്യമായിട്ടുള്ള ദീനീജ്ഞാനങ്ങൾ ജനങ്ങളുടെ അടുക്കൽ എത്തിക്കുന്നത്. സാധാരണഗതിയിലുള്ള നന്ദിപ്രകടനം നടത്തേണ്ട ഒരു അനുഗ്രഹമല്ല ഇത്. മറിച്ച്, ഹൃദയത്തിന്റെ അഗാധതലത്തിൽ നിന്നുയരുന്ന നന്ദിഭാവം പ്രകടിപ്പിക്കേണ്ടതുണ്ട്. ഈ സർക്കാർ നമുക്ക് അനേകലക്ഷം ഏക്കർ ഭൂമി ദാനമായി നല്കുകയും ഈ സ്വാതന്ത്ര്യം നിഷേധിക്കുകയും ചെ

❋ വിശുദ്ധഖുർആൻ 3:145

യ്തിരുന്നുവെങ്കിൽ ആ ജാഗീർ അതിന് തുല്യമാകയില്ലെന്നു ഞാൻ സത്യമായും സത്യമായും പറയുന്നു. എന്തെന്നാൽ ഈ ലോകത്തിലെ മുതലുകളെല്ലാം നശ്വരമാകുന്നു. എന്നാൽ, ഇതു നാശമില്ലാത്ത മുതലാകുന്നു. ഈ നന്മനിറഞ്ഞ സർക്കാരിനോടു നന്ദിയുള്ളവരായിരിക്കണമെന്ന് ഞാൻ എന്റെ ജമാഅത്തിന് ഉപദേശം നൽകിക്കൊള്ളുന്നു. മനുഷ്യരോട് നന്ദിഭാവമില്ലാത്തവൻ ദൈവത്തോടും നന്ദികാണിക്കുന്നില്ല. ദൈവത്തോടു നന്ദിപ്രകടിപ്പിക്കുമ്പോൾതന്നെ യഥാർഥ അനുഗ്രഹദാതാവിന്റെ ഏതെങ്കിലും ഒരനുഗ്രഹം ലഭിക്കുമാറാകുന്നതിനു നിദാനമായിത്തീർന്ന ആളോടും നന്ദി കാണിക്കുന്നവനാണ് നന്മനിറഞ്ഞ മനുഷ്യൻ.

وَالسَّلَامُ عَلٰى مَنِ اتَّبَعَ الْهُدٰى-

**മിർസാ ഗുലാം അഹ്മദ് ഖാദിയാനി,**

**1 നവംബർ, 1904, ചൊവ്വാഴ്ച,**

**സിയാൽകോട്ട്.**